Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 മീനം 18 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1954 മാർച്ച് 31 | ലക്കം 31

## കമ്മ്യൂണിസമോ — മുതലാളിത്തമോ ഏതാണു് പ്രതിവിധി?

(എൻ. ജി. തോമസ് ബി. ഏ., ഓണേഴ്സ്)

കമ്മ്യൂണിസത്തിന്റെയും മുതലാളിത്തത്തിന്റെയും ദൂഷ്യഫലങ്ങൾ ദർശിക്കുവാൻ സാധിക്കാത്തതും, മനുഷ്യജീവിതത്തെ കൂടുതൽ ധർമ്മാനുസൃതവും, സൗഭാഗ്യപൂർണ്ണവുമാക്കിത്തീർക്കുന്നതുമായ ഒരു സാമൂഹ്യവ്യവസ്ഥിതിയാണു് ഇന്നത്തെ ലോകത്തിനു് ആവശ്യമായിട്ടുള്ളതു്.

സൃഷ്ടവസ്തുക്കളുടെസ്വഭാവം പരിശോധിക്കുകയാണെങ്കിൽ, അവയുടെയെല്ലാം ഉദ്ദേശം മനുഷ്യന്റെ സൗഭാഗ്യവും പരിപൂർണ്ണതയുമാണെന്നു് നമുക്കു് മനസ്സിലാകും. സ്വാഭാവികവും, ദൈവദത്തവുമായി നമുക്കു ലഭ്യമായിട്ടുള്ള വാസനകളേയും സാന്മാർഗ്ഗികവും, ആദ്ധ്യാത്മികവുമായ നമ്മുടെ ജീവിതത്തേയും പരിപോഷിപ്പിക്കുന്നതിനു് ഭൗതികവിഭവങ്ങൾ സഹായകമാണു്. ആഹാരത്തിനുള്ളവയെങ്കിലും എല്ലാവർക്കും ഉണ്ടായിരിക്കണം. എന്നാൽ, നമ്മുടെ ചുററിലുമൊന്നു കണ്ണോടിക്കുക. ഒരു ഭാഗത്തു് മണിമേടകളുടെ മട്ടുപ്പാവുകളിൽ സുഖലോലുപന്മാരായി ജീവിതം നയിക്കുന്ന ഒരു ജനവിഭാഗം. മറുവശത്തോ, ശാരീരികങ്ങളായ നിത്യാവശ്യങ്ങൾ നിർവ്വഹിക്കുവാൻപോലും നിവൃത്തിയില്ലാതെ ഞെങ്ങിഞെരുങ്ങുന്ന അനേകലക്ഷങ്ങൾ. മനുഷ്യവർഗ്ഗത്തിൽ ഒരു നല്ല വിഭാഗത്തെ ആജീവനാന്തം ബാധിക്കുന്ന ഒരു വൈകല്യമത്രെ ഈ ദുരവസ്ഥ. ഇന്നു നമുക്കനുഭവപ്പെടുന്ന ഈ സാമൂഹികദുരിതങ്ങൾ എങ്ങനെ ജന്മമെടുത്തു?

പതിനെട്ടാം നൂററാണ്ടിന്റെ ഏതാണ്ടു് അവസാനഘട്ടംവരെ സാമ്പത്തികവിതരണത്തിൽ വലിയ അനീതിയൊന്നുമുണ്ടായിരുന്നില്ലെന്നു് ചരിത്രം സാക്ഷിക്കുന്നു. എന്നാൽ 1875-ൽ ആവിയന്ത്രം കണ്ടുപിടിച്ചതോടുകൂടി വ്യവസായലോകത്തിൽ ഒരു വലിയ പരിവർത്തനം ഉണ്ടായി. കുടിൽവ്യവസായങ്ങൾ ദിനംതോറും നശിച്ചുപൊയ്ക്കൊണ്ടിരുന്നു. തൊഴിലന്വേഷിച്ചു് ജനങ്ങൾ പട്ടണങ്ങളിലേക്കു് ഇരമ്പിപ്പാഞ്ഞു. ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിനു് ഫാക്ടറികളുടെ പരിസരങ്ങളിൽ യാതൊരു സൗകര്യവുമുണ്ടായിരുന്നില്ല. പക്ഷെ, ഇവയെക്കാളെല്ലാം ഗുരുതരമായ അനിഷ്ടഫലം സമുദായമദ്ധ്യത്തിൽ വളർന്നുകൊണ്ടിരുന്ന വർഗ്ഗീയവ്യത്യാസമായിരുന്നു — അതെ, തൊഴിലാളി മുതലാളിഭേദം. തൊഴിൽ (Labour) ഒഴിച്ചുള്ള ഉൽപ്പന്നോപകരണങ്ങളെല്ലാം മുതലാളികൾ കൈയടക്കി. തൊഴിലാളികളും മനുഷ്യരാണെന്നുള്ള കാര്യം പാടെ വിസ്മരിക്കപ്പെട്ടു. അവരെ വെറും യന്ത്രങ്ങളെപ്പോലെയോ, മൃഗങ്ങളെപ്പോലെയോ കണക്കാക്കി. എന്നാൽ, ജീവസന്ധാരണത്തിനു് മുതലാളിവർഗ്ഗത്തെ ആശ്രയിക്കേണ്ടിവന്ന തൊഴിലാളികൾക്കു് അവർ സൃഷ്ടിക്കുന്ന ഏതൊരു വ്യവസ്ഥയും സ്വീകരിക്കുവാനേ നിവൃത്തിയുണ്ടായിരുന്നുള്ളു. ഗവമ്മെൻറു് അധികാരികൾ, ആഡംസ്മിത്തു്, റിക്കാർഡോ, തുടങ്ങിയ സാമ്പത്തികശാസ്ത്രജ്ഞന്മാർ മുറുകെപ്പിടിച്ചിരുന്ന "ലിബറലിസ"ത്തിന്റെ നേരെ കണ്ണടച്ചതേയുള്ളു. സ്വന്തം താല്പര്യങ്ങളുടെ വർദ്ധനവിനും, സംരക്ഷണത്തിനുംവേണ്ടിയുണ്ടായ ആ സ്വച്ഛന്ദമത്സരത്തിൽ ധനവാന്മാർ കൂടുതൽ ധനികരായും, പാവപ്പെട്ട തൊഴിലാളികൾ നൈർഭാഗ്യത്തിന്റെ അടിത്തട്ടിലേക്കു ആണ്ടുപൊയ്ക്കൊണ്ടുമിരുന്നു.




വെറോനിക്കായുടെ തൂവാലയിൽ പതിഞ്ഞ

ക്രിസ്തുവിന്റെ തിരുമുഖം

ഇപ്രകാരം ജന്മമെടുത്ത സാമ്പത്തികവിഭവങ്ങളുടെ അനീതിപരമായ വിതരണത്തിലുള്ള തിന്മകളെ ദൂരീകരിക്കുവാനും, സാമ്പത്തികവും, സാമുദായികവുമായ സ്ഥിതിഗതികളെ പരിഷ്കരിക്കുവാനുമുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നു് കർത്തവ്യബോധമുള്ള പൗരജനങ്ങൾ ഒന്നു ചിന്തിക്കേണ്ടതാണു്. പ്രത്യേകിച്ചും, ഇന്നാട്ടിലെ മുതലാളിസഹോദരങ്ങൾ ഈ പ്രശ്നത്തിന്റെ ഗൗരവത്തെ മനസ്സിലാക്കി വേണ്ടതു പ്രവർത്തിക്കട്ടെ. കമ്മ്യൂണിസം നിർദ്ദേശിക്കുന്ന ഭീകരവും അനീതിപരവുമായ വിപ്ലവമൊന്നുമല്ല ഇന്നത്തെ ദുരവസ്ഥയ്ക്കുള്ള പ്രതിവിധി. അതുപോലെതന്നെ "സ്വന്തം കാര്യം സിന്ദാബാദു്" എന്ന സിദ്ധാന്തമോ, അഥവാ, "കൈയൂക്കുള്ളവൻ കാര്യക്കാരൻ" എന്ന കാടൻ നിയമത്തെ മുറുകെപ്പിടിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്തമോ അല്ല ഇന്നത്തെ സാമൂഹികദുരിതങ്ങൾക്കുള്ള പ്രതിവിധി. പിന്നെ എന്താണു്?

പ്രതിവിധികളിൽ ഒന്നാമത്തേതു് സ്വത്തിന്റെ ന്യായാനുസൃതമായ ഒരു വിതരണമാണു്. ചുരുക്കം ചിലർ ജീവിതകാലത്തിൽ ഒരു പ്രാവശ്യംപോലും ഒന്നു കയറിയിറങ്ങാൻ സാധിക്കാത്തവിധം അത്രയേറെ സ്ഥലങ്ങൾ കൈവശപ്പെടുത്തിയിരിക്കുമ്പോൾ അനേകായിരങ്ങൾ ഒരിഞ്ചു ഭൂമിപോലുമില്ലാതെ തെരുവുനീളെ കണ്ട മരങ്ങളുടെ ചുവട്ടിലും, വല്ല പീടികയുടെ തിണ്ണയിലുമായി വസിക്കുന്നു. സമുദായത്തിന്റെ സുസ്ഥിതിക്കും, ഭൗതികമായ ഐശ്വര്യത്തിനും അവശ്യാവശ്യകമായ തൊഴിലാളികളുടെയും, കർഷകരുടെയും അദ്ധ്വാനശക്തി ഇങ്ങനെ വെറുതെ നഷ്ടപ്പെടുകയല്ലേ? സമുദായക്ഷേമത്തിനു് അപരിത്യാജ്യമായ ക്രമീകരണത്തെ നിയമനിർമ്മാണം വഴിയായി ഭരണാധികാരികൾ നടപ്പിലാക്കി സംരക്ഷിക്കാത്തപക്ഷം, അതു് അക്ഷന്തവ്യമായ ഒരു അപരാധമായിരിക്കും. മതാത്മകമായ കാര്യങ്ങളിൽ അനധികൃതമായി കൈകടത്തുകയല്ല, രാജ്യത്തിന്റെ ഭൗതികാഭിവൃദ്ധിയെ, വിശിഷ്യ, തൊഴിൽക്കാരുടേയും പാവപ്പെട്ടവരുടേയും സുഖസൗകര്യങ്ങളെ പരിരക്ഷിക്കുകയത്രെ ഏതൊരു ഭരണകൂടത്തിന്റെയും പ്രഥമകർത്തവ്യം. ഇപ്രകാരമുള്ള ക്രമീകരണത്തിൽ, കമ്മ്യൂണിസം നിർദ്ദേശിക്കുന്നതുപോലെ ഭൂമിയുടമസ്ഥരിൽനിന്നും അന്യായമായ ഒരു പിടിച്ചുപറിക്കലല്ല സ്വീകാര്യമായിട്ടുള്ളതു്, പ്രത്യുത അവർക്കു് ന്യായമായി അവകാശപ്പെടാവുന്ന ഒരു പ്രതിഫലം നൽകിക്കൊണ്ടു് കൃഷിഭൂമി കർഷകർക്കായി ഒരു കൈമാററം നടത്തുകയാണു് ഉചിതം.

ഏതൊരു ജീവിതതുറകളിലായിക്കൊള്ളട്ടെ, ചില പ്രത്യേക ജോലികൾ നിർവഹിക്കുവാൻ ചിലർക്കു് ബാക്കിയുള്ളവരെ അപേക്ഷിച്ചു് കൂടുതൽ വാസനയും സാമർത്ഥ്യവുമുണ്ടു്. ഇതാണു് സമുദായത്തിൽ ഭിന്നവർഗ്ഗങ്ങളുടെ ആവിർഭാവത്തിനു് കാരണം. ഇക്കാരണത്താൽ കമ്മ്യൂണിസം ഉന്നയിക്കുന്ന സമത്വവാദം അബദ്ധവും അസ്വാഭാവികവുമാണെന്നു് പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ? നമ്മുടെ ശരീരത്തിന്റെ ഓരോ അവയവത്തിനും, സുനിശ്ചിതമായ ഒരു പ്രത്യേക ധർമ്മം ഉണ്ടായിരിക്കുകയും, അവയുടെ സംയുക്തസഹകരണം ശ

രീരത്തിൻെറ പൊതുനന്മയ്ക്കു് അനുപേക്ഷണീയമായിരിക്കുകയും ചെയ്യുന്നതുപോലെതന്നെ, മനുഷ്യസമുദായത്തിൻെറ ഉന്നമനത്തിനും, സൗഭാഗ്യത്തിനും വിഭിന്നവർഗ്ഗങ്ങളുടെ സഹകരണം അത്യന്താപേക്ഷിതമാണു്. സാമ്പത്തികവിഭവങ്ങളുടെ നിർമ്മാണത്തിൻെറ അവിഭാജ്യഘടകങ്ങളാണു് മൂലധനവും, തൊഴിലും, മാനേജുമെൻറും. വിഭിന്നങ്ങളായ ഈ ഘടകങ്ങൾ എത്രമാത്രം സൗഹാർദ്ദത്തോടെ വളർന്നുവരുന്നുവോ, അത്രമാത്രം സമുദായക്ഷേമവും, അഭിവൃദ്ധി പ്രാപിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ കമ്മ്യൂണിസം നിർദ്ദേശിക്കുന്ന തൊഴിലാളി മുതലാളി ശത്രുതയല്ല സമുദായക്ഷേമത്തിനുതകുന്നതു്, പ്രത്യുത, ഈ ഭിന്നഘടകങ്ങൾ തമ്മിലുള്ള സഹകരണവും, സൗഹാർദ്ദവുമാണു്. മുതലാളിവർഗ്ഗത്തിനു് ലഭിക്കുന്ന അമിതാദായത്തിൻെറ ഒരു ഭാഗം തൊഴിലാളികൾക്കുകൂടി കിട്ടത്തക്കവിധത്തിൽ ഗവമ്മെൻറു് അവരുടെ പ്രവത്തനങ്ങളെ നിയന്ത്രിക്കുന്നതു് വളരെ നല്ലതാണു്. ഇതിനുള്ള ഏററവും നല്ല ഉപാധി, തൊഴിലാളി മുതലാളി സംഘടനകൾ സ്ഥാപിക്കുകയെന്നതാണു്. ഇതിൻെറ പ്രധാനവും പ്രഥമവുമായ ഉദ്ദേശം അംഗങ്ങളുടെയിടയിൽ സാഹോദര്യബോധം പുലത്തുകയെന്നതായിരിക്കണം. ആഡംബരത്തിനും അമിതസുഖത്തിനും വേണ്ടി ധനികർ വിനിയോഗിക്കുന്ന സ്വത്തു് ദരിദ്രർക്കു് ചെല്ലേണ്ടതാണെന്നു് യുക്തിയും, സാമാന്യബുദ്ധിയും ഏകസ്വരത്തിൽ അവരെ ഉദ്ബോധിപ്പിക്കട്ടെ. സ്വയംകൃതമായ യാതൊരു അപരാധവും കൂടാതെ ദാരിദ്ര്യത്തിൻെറ ദുസ്സഹയാതനയിൽ കിടന്നു് ഞെങ്ങിഞെരുങ്ങുന്ന ദരിദ്രലക്ഷങ്ങളുടെ നേരെ, അമിതസുഖഭോഗങ്ങൾക്കായി ധനം ധൂത്തടിക്കുന്ന കോടീശ്വരന്മാർ അനുകമ്പയോടുകൂടി അവരുടെ കണ്ണുകളെ ഒന്നുതിരിക്കട്ടെ. കമ്മ്യൂണിസം തട്ടിമൂളിക്കുന്ന, തൊഴിലാളിയെ മുതലാളി സ്വാഭാവികമായിതന്നെ ദ്വേഷിക്കുന്നു എന്ന ആ വാദം വെറുമൊരു ജല്പനമാണെന്നു് ജീവകാരുണ്യപരമായ പ്രവത്തനങ്ങൾകൊണ്ടു് അവർ തെളിയിക്കട്ടെ. അങ്ങനെ വർഗ്ഗീയമൈത്രി സാമുദായികരംഗത്തു് പുനർസ്ഥാപിക്കപ്പെടട്ടെ.

വേലയ്ക്കു് അനുസൃതമായ പ്രതിഫലം ആവശ്യപ്പെടുവാൻ വേലക്കാരനു് അവകാശമുണ്ടു്. വ്യക്തിയെന്നും കുടുംബാംഗമെന്നും സമുദായാംഗമെന്നുമുള്ള നിലകളിൽ മനുഷ്യനു് ചില ചുമതലകളും, അവകാശങ്ങളുമുണ്ടു്. ഈ വസ്തുതകളെ മനസ്സിൽ വച്ചുകൊണ്ടുവേണം അവൻെറ വേലയുടെ വിലയും, കൂലിയും നിർണ്ണയിക്കുവാൻ. തനിക്കും കുടുംബാംഗങ്ങൾക്കും സാമാന്യം സുഖമായി കഴിയുന്നതിനുള്ള വക ഒരു തൊഴിലാളിക്കു് അവൻെറ അദ്ധ്വാനത്തിനു് പ്രതിഫലമായി കിട്ടേണ്ടതാണു്. ദിവസക്കൂലികൊണ്ടു മാത്രം തികയാതെ വന്നാൽ ബോണസ് നൽകിയും, സംരക്ഷണഫണ്ടുകൾ ഏപ്പെടുത്തിയും തൊഴിലാളിസഹോദരങ്ങളുടെ ആവശ്യങ്ങൾ നിവ്വഹിക്കുവാൻ ഉടമസ്ഥന്മാർ സന്നദ്ധത പ്രകടിപ്പിക്കണം. ന്യായമായ ഒരു ലാഭം ആദായത്തിൽനിന്നും എടുത്തുകൊണ്ടു് മിച്ചമുള്ള തുക വേലക്കാരുടെയിടയിൽ വിതരണം ചെയ്യുന്നതാണു് കൂടുതൽ അഭികാമ്യമായിട്ടുള്ളതു്. കാരണം മൂലധനം നിർജ്ജീവവും, ഭൗതികവുമായ ഒരു വസ്തു. തൊഴിലോ എന്നാൽ, ധാമ്മികവ്യക്തിയുടെ അഥവാ മനുഷ്യൻെറ പ്രവത്തനം. പ്രാതികൂല്യങ്ങൾ നിമിത്തം ഭീമമായ നഷ്ടം നേരിടുന്ന സന്ദർഭങ്ങളിൽ അല്പമായ ത്യാഗങ്ങൾ സഹിച്ചുകൊണ്ടു് അങ്ങനെയുള്ള വിഷമഘട്ടങ്ങളെ തരണം ചെയ്യുവാൻ ഉടമസ്ഥരെ സഹായിക്കുവാനും തൊഴിൽക്കാക്കു് ധാമ്മികമായ ഒരു ചുമതലയുണ്ടു്. ഇങ്ങനെ ഇരുകൂട്ടരും സാഹോദര്യത്തോടുകൂടിയും ഐകമത്യത്തോടുകൂടിയും പ്രവത്തിക്കുമ്പോൾ ലോകത്തിൽ സമാധാനവും, വ്യവസായത്തിനു് അസൂയാർഹമായ അഭിവൃദ്ധിയും ഉണ്ടാകുമെന്നുള്ളതിനു് പക്ഷാന്തരമില്ല.

വ്യവസായ, കാർഷികമണ്ഡലങ്ങളിൽ അനിയന്ത്രിതമായ സ്വാതന്ത്ര്യം വ്യക്തികൾക്കു് നൽകിയതിൻെറ ഫലമായി മുതലാളിത്തവും, അതിൽനിന്നുള്ള ദുരിതങ്ങളും രംഗപ്രവേശം ചെയ്തു. മുതലാളിത്ത ദുഷ്പ്രഭുത്വം അവസാനിക്കട്ടെ എന്ന മുറവിളിയാണു് ഇന്നു് എവിടെയും കേൾക്കാനുള്ളതു്. പക്ഷെ ഈ ഭീകരമായ ദുരവസ്ഥയ്ക്കു് കമ്മ്യൂണിസമാണു പ്രതിവിധിയെന്നു് കരുതുന്നതു് ഒരിക്കലും ബുദ്ധിപൂർവ്വകമായിരിക്കുകയില്ല. കാരണം, നാം വീണ്ടും അടിമത്തത്തിൻെറ അടിത്തട്ടിലേക്കു് ആണ്ടുപോകുന്നതിനു് ഒരിക്കലും ആഗ്രഹിക്കുന്നില്ല. നമുക്കു കരണീയമായിട്ടുള്ളതു്, മുതലാളിത്തത്തിനും, കമ്മ്യൂണിസത്തിനും മദ്ധ്യേ ഒരിടനില സ്ഥാപിക്കുകയെന്നതാണു്. തൊഴിലാളികളെക്കൂടി ക്രമേണ ഉടമസ്ഥാവകാശത്തിലേക്കു് കയററിക്കൊണ്ടുവരുവാൻ തക്ക മാർഗ്ഗങ്ങൾ സ്വീകരിച്ചു് അവയെ പ്രായോഗികമാക്കിത്തീക്കുവാൻ വ്യക്തികളും, ഗവമ്മെൻറും സവ്വാത്മനാ ശ്രമിക്കുന്നപക്ഷം ലോകത്തിനു് സമാധാനവും, സംതൃപ്തിയും കൈവരുമെന്നുള്ളതു് തക്കമററസംഗതിതന്നെ. മേൽപ്രസ്താവിച്ച സംഗതികളിൽനിന്നു് ഒരു കാര്യം സ്പഷ്ടമാണു്. കമ്മ്യൂണിസത്തിൻെറയും മുതലാളിത്തത്തിൻെറയും ദുഷ്ഫലങ്ങൾ ദർശിക്കുവാൻ സാധിക്കാത്തതും മനുഷ്യജീവിതത്തെ കൂടുതൽ ധമ്മാനുസൃതവും സൗഭാഗ്യപൂർണ്ണവുമാക്കിത്തീർക്കുന്നതുമായ ഒരു സാമൂഹ്യവ്യവസ്ഥിതിയാണു് ഇന്നത്തെ ലോകത്തിനു ആവശ്യമുള്ളതു്. ലോകത്തെ നിയന്ത്രിക്കുന്ന ഭരണതന്ത്രജ്ഞരും ഓരോ പൗരനും ഇക്കാര്യം ഗാഢമായ ചിന്തയ്ക്കു് വിഷയീഭവിപ്പിച്ചു് വേണ്ടതു് പ്രവത്തിക്കുമെന്നു് പ്രത്യാശിക്കട്ടെ!

—o—


## കുട്ടികളുടെ കുരിശിൻെറവഴി

(വിവത്തകൻ: ഫാദർ മാത്യു പുതിയിടം)

ഇതാ പുറത്തായിരിക്കുന്നു! ബാലലോകത്തിനു് ഒരു വലിയ അനുഗ്രഹം തന്നെയായ ആ ചെറിയ ഗ്രന്ഥം; ലളിതമായ ഭാഷയിലും കുട്ടികൾക്കു് പററിയ വിധത്തിൽഎളുപ്പമായ ധ്യാനരീതിയിലും! കേരളത്തിലെ



ബാലികാബാലന്മാരെ കുരിശിൻെറ വഴി നടത്താൻ പ്രേരിപ്പിക്കയുംസഹായിക്കയും ചെയ്യുന്ന ചെറിയ പുസ്തകം. കഷ്ടാനുഭവരംഗങ്ങളുടെ ചിത്രങ്ങൾ ചേത്തു മനോഹരമായി അച്ചടിക്കപ്പെട്ടിരിക്കുന്ന ഈ പുസ്തകത്തിനു്

വില 3 അണ മാത്രം

**തേവര എൽ. എഫ്. പ്രസ്സിൽ ആവശ്യപ്പെടുക.**


വിമർശനവീഥി

# പി. എസ്. പി. മന്ത്രിസഭ എന്തുകൊണ്ടു് സ്വീകാര്യം?

സോഷ്യലിസ്റ്റ്പാർട്ടി കത്തോലിക്കക്കു് പരിഛേദം നിഷിദ്ധമാണെന്നു് 1 51—52-ലെ തിരഞ്ഞെടുപ്പിൽ ഇവിടത്തേ കത്തോലിക്കാ പത്രങ്ങൾ ഉദ്ബോധിപ്പിച്ചു. സോഷ്യലിസ്റ്റ്പാർട്ടി അത്രതന്നെ നിഷിദ്ധമല്ലെന്നു് ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ അതേപത്രങ്ങൾ പ്രസ്താവിച്ചു; സോഷ്യലിസ്റ്റ്പാർട്ടി ഇവിടെ മന്ത്രിസഭ രൂപീകരിച്ചുകഴിഞ്ഞപ്പോൾ ആ പത്രങ്ങൾ യാതൊരു എതിരും പറയാതെ അതിനെ അംഗീകരിക്കുന്നു. കത്തോലിക്കാപത്രങ്ങളുടെ ഈ നിലപാടുകളിൽ പരസ്പരവൈരുദ്ധ്യവും അവസരസേവാമനോഭാവവും കാണുന്നുണ്ടെന്നു് ഒരു ധാരണ കാര്യവിവരമുള്ളവരെന്നു് ഗണിക്കപ്പെടേണ്ട കത്തോലിക്കരുടെ ഇടയിൽപ്പോലും സ്വരം ഉയത്തിക്കേൾക്കുന്നു. ഈ ധാരണ തികച്ചും തെററാണു്, ആശയക്കുഴപ്പത്തിൽനിന്നുത്ഭവിച്ചിട്ടുള്ളതുമാണു്.

## രണ്ടിൻേറയും സോഷ്യലിസം വ്യത്യസ്തം

1951-ലെ തിരഞ്ഞെടുപ്പിൽ ഇവിടെ മത്സരിച്ച സോഷ്യലിസ്റ്റ്പാർട്ടി, ഇൻഡ്യൻ സോഷ്യലിസ്റ്റ്പാട്ടി (ഐ. എസ്. പി.) എന്ന അഖിലേന്ത്യാസംഘടനയുടെ ഇവിടത്തേ ശാഖയാണു്. ഒരുകാലത്തു് കോൺഗ്രസിൽ ഉൾപ്പെട്ടിരുന്നതും പിന്നീടു് ആദർശവ്യത്യാസത്താൽ പിരിഞ്ഞുപോയതുമായ സംഘടനയാണു് ഐ. എസ്. പി.; ആ സോഷ്യലിസ്റ്റ്പാർട്ടി സാമ്പത്തികവിഷയങ്ങളിൽ മാർക്സിയൻ സിദ്ധാന്തം സ്വീകരിക്കുന്നു. അതിൻെറ അനിഷേധ്യനേതാവായിരുന്ന ശ്രീ ജയപ്രകാശ് നാരായണൻ എഴുതിയ "സോഷ്യലിസം എന്തു്?" എന്ന ഗ്രന്ഥത്തിൽനിന്നു് ഇതു് ഏററവും വ്യക്തമായി തെളിയുന്നുണ്ടു്. പിന്നാലെ ഉദ്ധരിക്കാൻ ഇടവരുന്ന അദ്ദേഹത്തിൻെറ വാക്യങ്ങൾതന്നെ അതിപ്പോൾ തെളിയിക്കുകയുംചെയ്യും.

ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഇവിടെ മത്സരിച്ചതുസോഷ്യലിസ്റ്റ്പാർട്ടി അഖിലേന്ത്യാസംഘടനതന്നെയായ പ്രജാസോഷ്യലിസ്റ്റ്പാർട്ടിയുടെ ഇവിടത്തേ ശാഖയാണു്. ആ പാർട്ടിയിലെ ഇവിടത്തേ നേതാവും അംഗങ്ങളിൽ പലരും മുൻതിരഞ്ഞെടുപ്പിൽ മത്സരിച്ച ഐ.എസ്.പി. ശാഖയുടെനേതാവുംഅംഗങ്ങളും ആയിരുന്നുവെങ്കിലും രണ്ടിൻേറയും ആദർശങ്ങളും നയപരിപാടികളും വ്യത്യസ്തങ്ങളാണു്. ഇപ്പോഴത്തെ സോഷ്യലിസ്റ്റ് പാർട്ടിയായ പി. എസ്. പി. മുൻപിലത്തെ സോഷ്യലിസ്റ്റ്പാർട്ടിയായ ഐ. എസ്. പി. യെപ്പോലെ മാർക്സിയൻ സിദ്ധാന്തങ്ങൾ സ്വീകരിക്കുന്നില്ല. ഇതു് പിന്നാലെ പറയുന്ന സംഗതികളിൽനിന്നു് സ്പഷ്ടമാകും.

ഐ. എസ്. പി. മാർക്സ്യൻ ആയതുകൊണ്ടാണു് ഒരു പാർട്ടി എന്ന നിലയിൽത്തന്നെ അതു കത്തോലിക്കക്കു നിഷിദ്ധമാണെന്നു് മുൻതിരഞ്ഞെടുപ്പിൽ കത്തോലിക്കാപത്രങ്ങൾ ഉദ്ബോധിപ്പിച്ചതു്. നേരെമറിച്ചു് പി. എസ്. പി. മാർക്സിയൻ അല്ലാത്തതുകൊണ്ടു് പാർട്ടി എന്ന നിലയിൽ അതു് നിഷിദ്ധമല്ലെന്നു് ഈ തിരഞ്ഞെടുപ്പിൽ അതേ കത്തോലിക്കാപത്രങ്ങൾ പറഞ്ഞു. എങ്കിലും പി. എസ്. പി. ഈ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് ഉൾപ്പെട്ട മാർക്സ്യൻ പാർട്ടികളുമായി കൂട്ടുചേന്നു മത്സരിച്ചു. അക്കാരണത്താൽ പി. എസ്. പി. നിഷിദ്ധപാർട്ടിയായി പരിണമിച്ചിരിക്കുന്നുവെന്നും തന്മൂലം അതിനു വോട്ടുകൊടുക്കുവാൻ കത്തോലിക്കർക്കു പാടുള്ളതല്ലെന്നും കത്തോലിക്കാപത്രങ്ങൾ ഉദ്ബോധിപ്പിച്ചു. എന്നാൽ തിരഞ്ഞെടുപ്പിനുശേഷംപി. എസ്. പി. ഐ. മു., വുമായുള്ള കൂട്ടുകെട്ടു് വെടിഞ്ഞു. സ്വതന്ത്രമായി നിന്നുകൊണ്ടാണു പി. എസ്. പി മന്ത്രിസഭ രൂപീകരിച്ചിരിക്കുന്നതു്. അതുകൊണ്ടാണു് പി. എസ്. പി. മന്ത്രിസഭയെ കത്തോലിക്കാപത്രങ്ങൾ അംഗീകരിക്കുന്നതു്. ഈ വസ്തുതകൾ ശരിയായി മനസ്സിലാക്കിയാൽ കാണാം, കത്തോലിക്കാപത്രങ്ങൾ സ്വീകരിച്ച നിലപാടുകളിൽ യാതൊരു പരസ്പരവൈരുദ്ധ്യമോ അവസരസേവാമനോഭാവമോ ഇല്ലെന്നു്; നേരെമറിച്ചു് പരസ്പരാനുയോജ്യതയും തത്വദീക്ഷയും ആണുള്ളതെന്നു്.

## പി. എസ്. പി. യുടെ ഉത്ഭവം

നാഷനൽ കോൺഗ്രസിൻെറ പ്രവത്തകന്മാരിൽ ഒരു പ്രമുഖനും ഒരിക്കൽ അതിൻെറ പ്രസിഡണ്ടുമായിരുന്ന ശ്രീ കൃപലാനി ചില അഭിപ്രായവ്യത്യാസങ്ങളാൽകോൺഗ്രസിൽനിന്നുപിരിഞ്ഞുപോയി ഒരു പുതിയ അഖിലേന്ത്യാ സംഘടന രൂപീകരിച്ചു. അതാണു് കൃഷക്മസ്ദൂർ പ്രജാപാർട്ടി (കെ. എം. പി.) ഈ പാർട്ടിയും ഐ.. എസ്. പി. യും കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ വെവ്വേറെ നിന്നു മത്സരിച്ചു. പാർലമെൻറിലെ ജനപ്രതിനിധിസഭയിൽ ഐ. എസ്. പി. ക്കു 15—ം കെ. എം. പി. ക്കു് 13—ം സീററ ലഭിച്ചുള്ളു. സംസ്ഥാനനിയമസഭകളിലും രണ്ടു പാർട്ടികളുടേയും വിജയം തുച്ഛമായിരുന്നു. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും കാര്യമായ പ്രതിപക്ഷമായി നില്ക്കാൻ ഓരോ പാർട്ടിക്കും സ്വയം സാധിക്കാതെയായി. തന്മൂലം ഇരു പാർട്ടികളും തമ്മിൽ ഒരു സംയോജനത്തിനു് ആലോചനകൾ തുടങ്ങുകയും അതിൻെറ ഫലമായി 19:2 സെപ്ററംബർ 26-ാംതീയതി ബോംബെയിൽ കൂടിയ ഇരുപാർട്ടികളുടേയും സംയുക്തസമ്മേളനത്തിൽ സംയോജനക്കാര്യം തീരുമാനിക്കുകയുംചെയ്തു. അതു സംബന്ധിച്ചുള്ള പ്രമേയം ശ്രീ കൃപലാനിയാണു് അവതരിപ്പിച്ചതു്. അതിലെ ആദ്യവാചകം ഇങ്ങനെയാണു്. "കെ. എം. പി. പാർട്ടിയുടേയും സോഷ്യലിസ്റ്റ്പാർട്ടിയുടേയും പ്രതിനിധികൾ ബോംബെയിൽ സമ്മേളിച്ചു് ഇരുപാർട്ടികളും സംയോജിച്ചിരിക്കുന്നുവെന്നു് സന്തോഷപൂർവ്വം പ്രഖ്യാപിച്ചുകൊള്ളുന്നു." സമ്മേളനത്തിൽ ശ്രീ ജയപ്രകാശ് തൻെറ പ്രസംഗത്തിനിടയിൽ ഇപ്രകാരം പ്രസ്താവിച്ചു: "സോഷ്യലിസ്റ്റ്പാർട്ടിയിലുള്ള ഞങ്ങളിലധികംപേരും മാർക്സിസ്റ്റ്തത്വങ്ങൾക്കു് വിധേയരായി നില്ക്കുകയാണു്. ഞങ്ങളുടെ പ്രസ്ഥാനങ്ങളുടെ ഇടയിൽ ഗാന്ധിജിയുടെ പ്രവത്തനങ്ങളും ആശയങ്ങളും ഞങ്ങളിൽ സജീവമായി സ്വാധീനം ചെലുത്തിയിരുന്നു. സംയോജനം പ്രാവത്തികമാക്കിയതിനിടയ്ക്കു് തത്വസിദ്ധാന്തങ്ങളുടെ കാര്യം മാററിവച്ചതു രണ്ടു പാർട്ടികളുടെയും പ്രതിനിധികളുടെ ഭാഗത്തു് വിവേകമായിരിക്കുന്നു." (അടിവര ഞങ്ങളുടേതു്). ഐ. എസ്. പി. യുടേയും കെ. എം. പി. യുടേയും സംയോജനഫലമായി ഉദയംചെയ്ത പുതിയ പാർട്ടിക്കു് രണ്ടിൻേറയും പഴയ പേരിൽനിന്നു് വ്യത്യസ്തവും എന്നാൽ രണ്ടിനോടും ബന്ധപ്പെട്ടതുമായ പുതിയ പേർ നൽകി. പ്രജാസോഷ്യലിസ്റ്റ് പാർട്ടി എന്നു് (പി. എസ്. പി.)

## പി. എസ്. പി. മാർക്സിസം വെടിഞ്ഞതിനു തെളിവു്

കെ. എം. പി. പാർട്ടിയുമായുള്ള ഈ സംയോജനംമൂലം ഐ. എസ്. പി. അതിൻെറ മാർക്സിസം നഷ്ടപ്പെടുത്തിയെന്നു് ആ പാർട്ടിയുടെ പടിഞ്ഞാറെ ബംഗാൾശാഖ പ്രതിഷേധിച്ചു. ആ ശാഖയിലെ 10 പ്രമുഖാംഗങ്ങൾ സെപ്ററംബർ 28-ാംനു പുറപ്പെടുവിച്ച പ്രസ്താവനയിലെ വാക്കുകൾ കേട്ടാലും: "പാർട്ടി കെ. എം. പി. യിൽ പരിപൂർണ്ണമായി ലയിച്ചതുനിമിത്തം മാർക്സിസത്തിൻെറ തത്വങ്ങൾ പരിഛേദം ഒററിക്കൊടുക്കപ്പെട്ടിരിക്കുന്നു. കെ എം. പി. പാർട്ടി വിവിധവർഗ്ഗക്കാരുമായി ഒത്തുതീർപ്പിൽ കഴിയുന്ന നയത്തിലാണു് എപ്പോഴും വിശ്വാസം പ്രകടിപ്പിച്ചിട്ടുള്ളതു്. തന്മൂലം ഇന്നത്തെ സാഹചര്യങ്ങളിൽ മാർക്സിസ്റ്റ്

(ശേഷം 11-ാം പേജിൽ)

തിരുസഭാചരിത്രം 23

# ഡയോക്ലീഷ്യൻ, ഗലേരിയസ് എന്നിവരുടെ മതപീഡനം

(പ്രഫസർ പി. ററി. തോമസ് എം. എ.)

വലേരിയന്റെ കാലശേഷം അധികാരത്തിൽ വന്നതു് അദ്ദേഹത്തിന്റെ പുത്രനായ ഗലീനസ് (Gallienus) ആണു്. അദ്ദേഹം ക്രൈസ്തവസഭയോടു് വളരെ അനുഭാവം പ്രകടിപ്പിച്ചു. പീഡനങ്ങൾക്കു നിയമപ്രാബല്യം നൽകിയ രാജശാസനങ്ങളെല്ലാം അദ്ദേഹം പിൻവലിക്കുകയും, മെത്രാന്മാൎക്കു് മതപരമായ സ്വാതന്ത്ര്യങ്ങൾ അനുവദിക്കുകയും, നിരോധിക്കപ്പെട്ടിരുന്ന ആരാധനാസ്ഥലങ്ങളെല്ലാം തിരിച്ചുകൊടുക്കുകയുംചെയ്തു. ഗലീനസിന്റെ കല്പനമൂലം തിരുസ്സഭയ്ക്കു് ഭാഗികമായ അംഗീകാരം ലഭിച്ചുവെന്നു പറയാം.

A. D. 270 മുതൽ 275 വരെ സാമ്രാജ്യഭരണം നടത്തിയ ഔറേലിയൻ (Aurelian) സൂര്യദേവാരാധനയിലുള്ള തീക്ഷ്ണമായ താല്പര്യം നിമിത്തം, സാൎവ്വത്രികമായ ഒരു ക്രൈസ്തവപീഡനത്തിനു് കല്പന നൽകിയെങ്കിലും അദ്ദേഹം ശത്രുക്കളാൽ വധിക്കപ്പെടുകയാൽ പ്രസ്തുത കല്പന പ്രയോഗത്തിൽ വരുത്താൻ കഴിഞ്ഞില്ല. A. D. 260 മുതൽ 300 വരെ തിരുസ്സഭയ്ക്കു് സുദീർഘമായ സമാധാനവും സ്വസ്ഥതയും അനുഭവവേദ്യമായി. ഈ നാല്പതുസംവത്സരക്കാലം സഭ ആന്തരികമായി ശക്തിപ്രാപിക്കയും സാമ്രാജ്യത്തിലെ എല്ലാ സാമൂഹ്യസരണികളിലുംകൂടി വ്യാപിക്കയുംചെയ്തു. മൂന്നാംശതാബ്ദത്തിന്റെ അന്ത്യഘട്ടം സഭയെ സംബന്ധിച്ചിടത്തോളം വളൎച്ചയുടെയും അഭിവൃദ്ധിയുടേയും കാലമായിരുന്നു ക്രിസ്ത്യാനികളുടെ എണ്ണം പ്രതീക്ഷാതീതമായി വദ്ധിച്ചു. പൗരജീവിതത്തിന്റെ എല്ലാ തുറകളിലും ക്രിസ്ത്യാനികളുടെ ഭാഗഭാഗിത്വം പ്രകടമായിത്തീൎന്നു. ഉന്നതസ്ഥാനങ്ങളിൽ ക്രിസ്ത്യാനികൾ ഉപവിഷ്ടരായി. അനവധി ക്രൈസ്തവദൈവാലയങ്ങൾ നഗരങ്ങൾതോറും ഉയൎന്നുവന്നു. ആസന്നവും വിധിനിൎണ്ണായകവുമായ അന്ത്യസമരത്തെ അഭിമുഖീകരിക്കുവാനുള്ള ശക്തിസംഭരണമാണു് ഈ കാലയളവിൽ തിരുസ്സഭ സാധിച്ചതു്.

A. D. 284 മുതൽ 305 വരെ സാമ്രാജ്യത്തെ ഭരിച്ച ഡയക്ലീഷ്യനാണു് ഈ അന്ത്യസമരത്തിന്റെ നേതൃത്വം വഹിച്ചതു്. ക്രൈസ്തവസഭയെ നിൎമ്മൂലമാക്കുവാൻവേണ്ടി അദ്ദേഹം സമാരംഭിച്ച പീഡനം ചരിത്രത്തിൽ പത്താമത്തേതായി വ്യവഹരിക്കപ്പെടുന്നു.

ഈ പീഡനത്തെപ്പറ്റി ചൎച്ചചെയ്യുന്നതിനുമുൻപായി സാമ്രാജ്യഭരണസംവിധാനത്തിൽ ഡയക്ലീഷ്യൻ നടപ്പിലാക്കിയ ചില പരിഷ്കാരങ്ങളെപ്പററി അറിഞ്ഞിരിക്കേണ്ടതാവശ്യമാണു്. റൈൻപ്രദേശത്തുനിന്നു് ജൎമ്മൻകാരും പൗരസ്ത്യദേശത്തുനിന്നു് പേൎഷ്യാക്കാരും സാമ്രാജ്യത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ഭരണം കുറേക്കൂടി സുശക്തവും കാൎയ്യക്ഷമവുമാക്കുവാൻ ചക്രവൎത്തി നിശ്ചയിച്ചു. അതിനുവേണ്ടി A. D. 285-ൽ സാമ്രാജ്യത്തെ രണ്ടായി വിഭജിക്കുകയും പൗരസ്ത്യവിഭാഗത്തിന്റെ ഭരണം ഡയക്ലീഷ്യൻ ഏറെറടുക്കുകയും പാശ്ചാത്യവിഭാഗത്തിന്റെ ഭരണം മാക്സിമിയൻ ഹെർകലീസിനെ (Maximian Hercules) ഏല്പിക്കയുംചെയ്തു. കൂടാതെ A. D. 293-ൽ സീസർ എന്ന സ്ഥാനപ്പേരോടുകൂടി ഓരോരുത്തരെ കിഴക്കും പടിഞ്ഞാറും വിഭാഗങ്ങളുടെ ഭരണത്തിൽ ഡയക്ലീഷ്യന്റെയും മാക്സിമിയന്റെയും സഹായത്തിനായി നിയമിക്കയുണ്ടായി. പൗരസ്ത്യവിഭാഗത്തിലെ സീസർ ഡയക്ലീഷ്യന്റെ ജാമാതാവായ ഗലേരിയസും (Galerius) പാശ്ചാത്യവിഭാഗത്തിലെ സീസർ കോൺസ്റ്റാൻറിയസ് ക്ലോറസും (Constantius Chlorus) ആയിരുന്നു. സീസറന്മാൎക്കു് രണ്ടുപേൎക്കും പാശ്ചാത്യപൗരസ്ത്യവിഭാഗങ്ങളിൽ ഓരോ ഭാഗം നേരിട്ടുള്ള ഭരണത്തിനായി തിരിച്ചുകൊടുത്തു. അങ്ങനെ വിസ്തൃതമായ റോമാസാമ്രാജ്യം നാലു ഭരണകൎത്താക്കന്മാൎക്കായി വിഭജിക്കപ്പെട്ടു. ഡയക്ലീഷ്യനും മാക്സിമിയനും അഗസ്റ്റസ് (Augustus) എന്ന സ്ഥാനപ്പേർ സ്വീകരിച്ചു. ഡയക്ലീഷ്യൻ തന്റെ ഭരണപരമായ ആസ്ഥാനം കിഴക്കു് നിക്കോമീഡിയ, (Nicomedia) യിൽ സ്ഥാപിച്ചു. മാക്സിമിയന്റെയും ഗലേറിയസിന്റെയും ക്ലോറസിന്റെയും ആസ്ഥാനങ്ങൾ യഥാക്രമം മിലാൻ, സേർമിയം (Sirmium), ട്രീവ്സ് (Treves) എന്നിവയായിരുന്നു. ഓരോ ഭരണാധിപനും അവനവന്റെ ഭരണസീമയിൽ അനിയന്ത്രിതമായ അധികാരം പ്രയോഗിച്ചിരുന്നു.



For favours received
Fr. P. Vazhuthalakkatt

ഡയക്ലീഷ്യൻ അന്ധവിശ്വാസിയും പ്രകൃത്യാ സഹിഷ്ണുവും ക്രിസ്ത്യാനികളോടു് പ്രത്യേകവിദ്വേഷം ഒന്നുമില്ലാത്തയാളുമായിരുന്നു. ക്ലോറസും ക്രിസ്ത്യാനികളോടു് സ്നേഹവും സഹിഷ്ണുതയും പ്രദൎശിപ്പിച്ചു. എന്നാൽ മാക്സിമിയനും ഗലേരിയസും, പ്രകൃത്യാ ക്രൂരന്മാരും, മൎദ്ദനപ്രിയന്മാരും, ക്രിസ്തുമതവിദ്വേഷികളുമായിരുന്നു. ക്രിസ്ത്യാനികളെ പാടേ നശിപ്പിക്കണമെന്നുള്ളതിൽ അവർ ഏകാഭിപ്രായക്കാരായിരുന്നു.


ക്രിസ്തുമതപീഡനത്തിനു് ഉപോദ്ബലകമായ തരത്തിൽ ഒരു കല്പന പുറപ്പെടുവിക്കുവാൻ ഗലേരിയസ് ഡയക്ലീഷ്യനെ നിർബന്ധിച്ചു. രക്തപങ്കിലമല്ലാത്ത ഒരു പീഡനത്തിനു് ചക്രവൎത്തി ഒടുവിൽ അനുമതിനൽകി A. D. 303-ൽ ഡയക്ലീഷ്യൻ പുറപ്പെടുവിച്ച കല്പനയിൽ ക്രിസ്ത്യാനികളുടെ വകയായുള്ള എല്ലാ വിശുദ്ധ ഗ്രന്ഥങ്ങളും ദൈവാലയങ്ങളും നശിപ്പിക്കുവാനും പരസ്യമായി വിശ്വാസനിഷേധം ചെയ്യുവാൻ വിസമ്മതിക്കുന്ന ക്രിസ്ത്യാനികളിൽ പ്രഭുവൎഗ്ഗത്തിൽ പെട്ടവൎക്കു് പൗരാവകാശങ്ങൾ നിഷേധിക്കുവാനും, സാമാന്യജനങ്ങളെ അടിമകളാക്കുവാനും ആജ്ഞാപിച്ചു. അതോടുകൂടി ക്രൈസ്തവപീഡനം ഉദ്ഘാടനം ചെയ്യപ്പെട്ടു. രാജശാസനത്തിൽ ക്രിസ്ത്യാനികളെ കൊല്ലുന്നതു് നിരോധിച്ചിരുന്നെങ്കിലും തങ്ങളുടെ കൈവശമുണ്ടായിരുന്ന വിശുദ്ധഗ്രന്ഥങ്ങൾ വിട്ടുകൊടുക്കുവാൻ വിസമ്മതിച്ച അനവധി ക്രിസ്ത്യാനികൾ വധിക്കപ്പെടുകയുണ്ടായി. നേരെമറിച്ചു് പലയിടങ്ങളിലും—പ്രത്യേകിച്ചു് ആഫ്റിക്കയിൽ—ഗ്രന്ഥങ്ങൾ സ്വമനസ്സാലെ അധികാരികളുടെ മുൻപിൽ സമൎപ്പിച്ചു് അനവധി പേർ രക്ഷനേടുകയുംചെയ്തു.

രക്തരഹിതമായ പീഡനം ഗലേരിയസിനെ ഒട്ടും സംതൃപ്തനാക്കിയില്ല. ആയിടയ്ക്കു് രണ്ടു പ്രാവശ്യം നിക്കോമീഡിയായിലെ രാജമന്ദിരത്തിൽ അഗ്നിബാധയുണ്ടായി. തീ കൊളുത്തിയതു് ക്രിസ്ത്യാനികളാണെന്നു് ഗലേരിയസ് ഡയക്ലീഷ്യനെ ധരിപ്പിച്ചു. സിറിയായിലും അർമീനിയായിലും ആയിടയ്ക്കുണ്ടായ ജനക്ഷോഭത്തിന്റെയും ഉത്തരവാദിത്വം തന്ത്രശാലിയായ ഗലേരിയസ് ക്രിസ്ത്യാനികളുടെമേൽ വച്ചുകെട്ടി. ദുഷ്പ്രേരണകൾക്കു വശംവദനായിത്തീൎന്ന ഡയക്ലീഷ്യൻ രക്തപങ്കിലമായ പീഡനത്തിനു് അനുമതിനൽകി. A. D. 303-ൽ പുറപ്പെടുവിച്ച കല്പന മെത്രാന്മാരേയും വൈദികരേയും ശെമ്മാശന്മാരേയും ഒന്നടങ്കം ബന്ധനസ്ഥരാക്കുവാൻ ഉള്ള ഒരാജ്ഞയായിരുന്നു. മൂന്നാമത്തെ കല്പനയിൽ ബന്ധനസ്ഥരാക്കപ്പെട്ട സഭാധികാരികൾ ദേവന്മാൎക്കു ബലിയൎപ്പിച്ചുകൊള്ളണമെന്നും അല്ലാത്തപക്ഷം അതിക്രൂരമായ ദണ്ഡനങ്ങൾക്കു് അവരെ വിധേയരാക്കണമെന്നും അനുശാസിച്ചിരുന്നു. നാലാമതു പുറപ്പെട്ടതു് ദേവന്മാൎക്കു് ബലിയൎപ്പിക്കുവാൻ വിസമ്മതിക്കുന്ന ഏതൊരു ക്രിസ്ത്യാനിക്കും മരണശിക്ഷ നൽകേണ്ടതാണെന്നുള്ള ഒരു ശാസനമായിരുന്നു.

സിസ്സേറിയാക്കാരനും "തിരുസ്സഭാചരിത്രത്തിന്റെ പിതാവു്" എന്ന അപരനാമത്താൽ പ്രഖ്യാതനുമായ യൂസീബിയസിനു് (Eusebius) ഈ മതപീഡനകാലത്തു് നാല്പതുവയസ്സു് പ്രായമായിരുന്നു. ആദ്ദേഹം പ്രസ്താവിക്കുന്നതു് മെത്രാന്മാരേയും വൈദികരെയുംകൊണ്ടു് ജയിലുകൾ നിറഞ്ഞിരുന്നതിനാൽ സാധാരണ ക്രിമിനൽ പുള്ളികളെ പാൎപ്പിക്കുന്നതിനു് ഇടമില്ലാതെ വന്നുവെന്നാണു്. ക്രിസ്ത്യാനികൾ വിസ്മയനീയമായ വിശ്വാസതീക്ഷ്ണതയോടുകൂടി ഈ അഗ്നിപരീക്ഷയെ അഭിമുഖീകരിച്ചു. ജയിലുകളെല്ലാം നിറഞ്ഞുകവിഞ്ഞിരുന്നു. അസംഖ്യം ക്രിസ്ത്യാനികളെ ശൃംഖലകൾകൊണ്ടു ബന്ധിച്ചു് ഖനികളിലേക്കയച്ചു. അവിടെ അവർ അനുഭവിക്കേണ്ടിവന്ന നാരകീയയാതനകൾ വൎണ്ണനാതീതങ്ങളായിരുന്നു. എന്നാൽ ഒടുവിൽ ഖനികളിലും ഇടമില്ലാതായി. സ്വന്തം ജീവരക്തംകൊണ്ടു് ക്രിസ്തീയവിശ്വാസത്തിനു സാക്ഷ്യം വഹിച്ചവരുടെ എണ്ണം ഊഹാതീതമാണു്. ദിവസേന എന്നവണ്ണം നടന്നുകൊണ്ടിരുന്ന നരഹത്യ കണ്ടു് മനംമടുത്ത പൗരാവലി പിന്നീടു് വധരംഗത്തേക്കു് പോയതേയില്ല. ഈജിപ്തിലെ ഒരു പ്രവിശ്യയിൽ ദിവസേന പത്തുമുതൽ അറുപതു വരെ ക്രിസ്ത്യാനികളെ തുടൎച്ചയായി ഒരു സംവത്സരക്കാലത്തേക്കു് വധിച്ചുകൊണ്ടിരുന്നു എന്നാണു് ഒരു ദൃക്സാക്ഷി പറഞ്ഞിട്ടുള്ളതു്. ദേവപ്രതിമകളുടെ മുൻപിൽ ബലിയൎപ്പിക്കുവാൻ വിസമ്മതിച്ചതിനാൽ ഫ്റീജിയായിലെ ഒരു ഗ്രാമം അവിടെ താമസിച്ചിരുന്ന ജനങ്ങളോടുകൂടി അഗ്നിക്കിരയാക്കപ്പെട്ടു. നിക്യാസൂനഹദോസിൽ സമ്മേളിച്ച സഭാപിതാക്കന്മാരോടു് മഹാനായ കോൺസ്റ്റൻറയിൻ ചക്രവൎത്തി ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: "ഡയക്ലീഷ്യന്റെ കാലത്തു് റോമാക്കാർ കൊന്നൊടുക്കിയ ക്രിസ്ത്യാനികളോളം കിരാതവൎഗ്ഗക്കാരെ സംഹരിച്ചിരുന്നെങ്കിൽ ഇന്നു് സാമ്രാജ്യത്തിന്റെ സുരക്ഷിതത്വത്തെ ഭീഷണിപ്പെടുത്തുവാൻ ഒരു കിരാതൻ പോലും ഭൂമുഖത്തു് അവശേഷിക്കയില്ലായിരുന്നു."

ഭുവനപ്രസിദ്ധി സമാൎജ്ജിച്ചിട്ടുള്ള അനവധി പുണ്യാത്മാക്കൾ ഡയക്ലീഷ്യന്റെ പീഡനകാലത്തു് രക്തസാക്ഷിത്വം കൈവരിക്കുകയുണ്ടായി. സെബാസ്റ്റ്യൻ, ടാർസിഷ്യസ്, കോസ്മാസ്, ഡാമിയാൻ, നാബോർ, ഫെലിക്സ്, വിൻസൻറ്, ആഗ്നസ്, ലൂസി, കാതറീൻ, മാർഗററു് എന്നീ വിശുദ്ധരുടെ രക്തസാക്ഷിത്വത്തെ സംബന്ധിച്ചുള്ള കഥകൾ ക്രൈസ്തവലോകം മുഴുവൻ അറിയപ്പെട്ടിട്ടുള്ളവയാണു്.

A. D. 3 5-ൽ റോമാസാമ്രാജ്യത്തെ അതിന്റെ അടിസ്ഥാനത്തോടെ ഇളക്കിയ ചില സംഭവവികാസങ്ങൾ ഉണ്ടായി. അതിന്റെ ഫലമായി ഡയക്ലീഷ്യനും മാക്സിമിയനും സ്ഥാനത്യാഗംചെയ്തു. കിഴക്കു് ഗലേരിയസും പടിഞ്ഞാറു് ക്ലോറസും അഗസ്റ്റസ് എന്ന നാമം സ്വയം സ്വീകരിച്ചുകൊണ്ടു് ഭരണപീഠത്തിൽ ഉപവിഷ്ടരായി. തന്റെ അനന്തരവനായ മാക്സിമിനിയസ് ഡാജാ (Maximinius Daza) എന്നയാളെ ഗലേരിയസ് ഭരണകാൎയ്യങ്ങളിൽ പങ്കാളിയാക്കി. ഈജിപ്തിന്റെയും സിറിയായുടെയും ഗവർണറായി ഡാജാ നിയമിക്കപ്പെട്ടു. A. D. 306 ലെ ഒരു കല്പനപ്രകാരം ഗലേരിയസ് വീണ്ടും ക്രൈസ്തവപീഡനത്തിനു് ഉത്തേജനം നൽകി. ഓരോ കുടുംബത്തലവന്മാരെയും വിളിച്ചുവരുത്തി വിശ്വാസം ഉപേക്ഷിച്ചു് ദേവന്മാൎക്കു ബലിയൎപ്പിക്കുവാൻ ആജ്ഞാപിച്ചു. വിസമ്മതിച്ചവരെ ഒന്നൊഴിയാതെ നിഷ്ക്കരുണം വധിച്ചു. നൂതനങ്ങളായ ദണ്ഡനമുറകൾ കണ്ടുപിടിച്ചു് ക്രിസ്ത്യാനികളുടെമേൽ പ്രയോഗിച്ചു. വീണ്ടും ജയിലുകളും ഖനികളും നിറഞ്ഞുകവിഞ്ഞു. സിസിലിയ, പലസ്തീന, സൈപ്രസ്സ് എന്നിവിടങ്ങളിലെ ഖനികളിലേക്കു് ദിവസേന എന്നവണ്ണം ബന്ധനസ്ഥരായ ക്രിസ്ത്യാനികളെ കൊണ്ടുവരികയും അസഹനീയങ്ങളായ ദണ്ഡനപരിപാടികൾക്കു് അവരെ വിധേയരാക്കുകയുംചെയ്തു. പല സ്ഥലങ്ങളിലും വധിക്കപ്പെട്ട ക്രിസ്ത്യാനികളുടെ മൃതശരീരങ്ങൾ സംസ്കരിക്കുന്നതിനെ നിരോധിച്ചു അവയെല്ലാം കുന്നുകൂടി ചീഞ്ഞളിഞ്ഞു് നാടെങ്ങും ദുൎഗ്ഗന്ധംപരത്തി. ഒടുവിൽ A. D. 311-ൽ കലശലായ രോഗം പിടിപെട്ടു് അവശനായിത്തീൎന്ന ഗലേരിയസ് ക്രിസ്ത്യാനികളുടെ ദൈവത്തെ പ്രീതിപ്പെടുത്തി രോഗശമനം കൈവരുത്തുവാൻവേണ്ടി പീഡനത്തിനു് വിരാമമിടുകയും ക്രിസ്ത്യാനികൾക്കു് മതാനുഷ്ഠാനസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുള്ള ഒരു കല്പന പുറപ്പെടുവിക്കയുംചെയ്തു A. D. 311-ൽ തന്നെ ഗലേരിയസ് മരിച്ചു. അതോടെ ഡാജാ പൗരസ്ത്യസാമ്രാജ്യത്തിലെ സൎവ്വാധിപതിയായിത്തീൎന്നു.


For favours received
J. Mannanal

ഡാജായും ക്രൈസ്തവപീഡനത്തിൽ ഉൽസുകനായിരുന്നു. മെത്രാന്മാരെയും വൈദികരെയും മൎദ്ദിക്കുന്നതിലാണു് അയാൾ പ്രത്യേക തീക്ഷ്ണത പ്രകടിപ്പിച്ചതു്. കൂടാതെ റോമൻ മതത്തെ പുനരുദ്ധരിക്കുന്നതിലും, അതിലെ പുരോഹിതന്മാരെ സംഘടിപ്പിച്ചു് പതിതാരാധനക്രമത്തിനു് ഒരു നവജീവൻ പ്രദാനംചെയ്യുന്നതിലും അയാൾ ശ്രദ്ധപതിച്ചു. ക്രിസ്തുവിന്റെ സ്വഭാവത്തെ അപഹാസ്യയോഗ്യമാക്കി ചിത്രീകരിക്കുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കയും അവയെ വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങളായി നിശ്ചയിക്കയും ചെയ്തുകൊണ്ടു് ക്രിസ്തുമതത്തിനെതിരായുള്ള ഒരു വലിയ പ്രചരണസംരംഭത്തിൽ അയാൾ ഏൎപ്പെട്ടു. അങ്ങനെ ഡാജായുടെ ക്രൈസ്തവപീഡനം മതപരമായ ഒരു സമരത്തിന്റെ സ്വഭാവം കൈക്കൊണ്ടു. എന്നാൽ ആ ഘട്ടത്തിൽ അർമീനിയയിലേക്കു്

## ഏകാന്തധ്യാനം

തൊടുപുഴ സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 5-ാംനു തിങ്കളാഴ്ച വൈകുന്നേരം ആരംഭിച്ച 9-ാംനു വൈകുന്നേരം വെള്ളിയാഴ്ച രാവിലെ അവസാനിക്കത്തക്കവിധം സ്ഥലം സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽവച്ചു് ഒരു ഏകാന്തധ്യാനം നടത്തുന്നതാണു്.

ധ്യാനഗുരു:— സുപ്രസിദ്ധ ധ്യാനഗുരു

റവ. ഫാദർ മാത്യു മങ്കുഴിക്കരി അവർകൾ

ധ്യാനത്തിൽ സംബന്ധിക്കേണ്ടവർ ഏപ്രിൽ 3-ാംനു-ക്കകം ഇവിടെ കിട്ടത്തക്കവിധം താഴെ ചേർക്കുന്ന വിലാസത്തിൽ അപേക്ഷകൾ അയക്കേണ്ടതാണു്. ശയ്യോപകരണങ്ങൾ അവരവർ കൊണ്ടുവരണം. ബോർഡിംഗ് ഫീസ് 10ക.

ടി സഖ്യം വൈസ്പ്രസിഡണ്ടു്

എൻ. സി. മാത്യു നെല്ലുവേലിൽ, തൊടുപുഴ

# സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം

## അജ്ഞത ആരിലായാലും ജ്ഞാനമാകയില്ല

(ഡേവിഡ് മഹാറാപിള്ള)

സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിനു കേരളത്തിൽ മാത്രമല്ല ഭാരതമൊട്ടാകെ അടുത്തകാലത്തു സംഘടനാപരമായി ഒരുണർവുണ്ടായിട്ടുണ്ട്. പക്ഷേ പ്രവർത്തനപരമായി പൊതുവെ പുരോഗതിയില്ലെന്നു മാത്രമല്ല, ഏതാണ്ടധഃപതനമാണനുഭവപ്പെട്ടുകാണുന്നതു്. തികച്ചും ആദ്ധ്യാത്മികമായ ഈ സഖ്യത്തെ കേവലം പരസേവാസംഘമാക്കി താഴ്ത്തുന്നു. നമ്മുടെ കോൺഫറൻസുകളേയും കൗൺസിലുകളേയും ഈ നിലയിൽനിന്നുദ്ധരിക്കേണ്ടിയിരിക്കുന്നു. അംഗങ്ങൾ സഖ്യത്തിൻെറ ആദർശാരൂപികളെ ആദരിച്ചുകൊണ്ടു്, നിയമവും പാരമ്പര്യങ്ങളുമനുസരിച്ചു പ്രവർത്തിക്കുന്നെങ്കിൽ — അംഗങ്ങൾ സഖ്യത്തോടും തങ്ങളോടുതന്നെയും വിശ്വസ്തത പാലിക്കുന്നെങ്കിൽ—സഖ്യം താനെ ഉയർന്നുകൊള്ളും.

ഏതൊരു കാര്യവും ശരിയായി അറിയാതെ ആയതു് വിജയപൂർവ്വം പ്രവൃത്തിയിലാക്കുക സാദ്ധ്യമല്ല; ഏതൊന്നും അന്വേഷിച്ചും വായിച്ചും ഗ്രഹിക്കാതെ അറിയുവാനും എളുപ്പമല്ലല്ലോ. സെ. വി. ഡി പോൾ സഖ്യം എന്താണെന്നും, താൻ എന്തെല്ലാം, എങ്ങനെയൊക്കെയാണു പ്രവർത്തിക്കേണ്ടതെന്നും ശരിയായി ഗ്രഹിക്കുകയാണു ഓരോ അംഗത്തിൻെറയും പ്രഥമവും പ്രധാനവുമായ കർത്തവ്യം.

ഇതിനു അംഗങ്ങൾ ആദ്യമായി ചെയ്യേണ്ടതു സഖ്യത്തിൻെറ ആദർശം, അരൂപി, പാരമ്പര്യം, നിയമം ആദിയായവയെ വിവരിക്കുന്ന ഔദ്യോഗികഗ്രന്ഥമായ മാനുവൽ വായിച്ചു ഗ്രഹിക്കുകയാണു്. സഖ്യത്തിൻെറ പ്രവർത്തനങ്ങളെപ്പററിയും മററും വിവരിച്ചുകൊണ്ടുള്ള ബുള്ളററിൻ, വാർഷികറിപ്പോർട്ടുകൾ ആദിയായ പ്രസിദ്ധീകരണങ്ങളും, ഫ്രെഡറിക്ക് ഒസ്സാനാം, വിൻസെൻറ് ഡി പോൾ പുണ്യവാൻ, ബെയിലി എന്നിങ്ങനെ സഖ്യവുമായി ബന്ധപ്പെട്ടിട്ടുള്ളവരുടെ ജീവചരിത്രങ്ങളും "History of the Society" "Spirit of the Society" "Secret of Frederic Ozanam" എന്നിത്യാദി ഗ്രന്ഥങ്ങളും വായിച്ചറിയുന്നതും നല്ലതാണു്.

സഖ്യത്തെപ്പററി പഠിക്കാത്തതുകൊണ്ടാണു ഇതിനെ കേവലം ഒരു പരസേവാസംഘം, അഥവാ ഒരു ധർമ്മസംഘം എന്നു പലതും—അംഗങ്ങൾപോലും — കരുതിപ്പോരുന്നതും, അങ്ങനെ അതിനെ അധഃപതിപ്പിക്കുന്നതും. "വെറും ധർമ്മസഹായത്തിനുവേണ്ടിനിലകൊള്ളുന്ന സെ. വി. ഡി പോൾ സഖ്യം അതിൻെറ കാലത്തെ അതിജീവിച്ചുകഴിഞ്ഞിരിക്കുന്നു" എന്നു സമ്മനോഭാവമുള്ള ചില അഭ്യസ്തവിദ്യർപോലും പ്രസ്താവിക്കാറുണ്ടു്. അംഗങ്ങൾ സഖ്യത്തെപ്പററി പഠിക്കാതെ, കുറച്ചു പണംപിരിച്ചു ഏതാനും സാധുക്കൾക്കു ചില "ധർമ്മസഹായം" ചെയ്യുന്നതാണു സഖ്യത്തിൻെറ പ്രവർത്തനമെന്ന മനോഭാവത്തിലുള്ള ഈ സഖ്യാംഗങ്ങളുടെ പ്രവൃത്തികളാണു ഈവിധ ധാരണയ്ക്കവസരം കൊടുക്കുന്നതു്. ഏതായാലും സഖ്യത്തെപ്പററി പഠിക്കാതെ കേവലം ഊഹത്തേയോ സങ്കല്പത്തേയോ മാത്രം ആധാരമാക്കി പ്രസംഗിക്കുന്നവരും പ്രവർത്തിക്കുന്നവരും പാവനമായ ഈ സംഘടനയെ കളങ്കപ്പെടുത്തുകയാണു ചെയ്യുന്നതു്. അജ്ഞത എത്ര വലിയ പണ്ഡിതരിലായാലും അതു ജ്ഞാനമാകയില്ല. സഖ്യത്തിൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരും, സഖ്യത്തെപ്പററി പ്രസംഗിക്കുന്നവരും സഖ്യത്തിൻെറ നിയമം, പാരമ്പര്യം ആദിയായവ പഠിക്കാതെ ഇതിനു മുതിരുന്നതു സാഹസമാണു്; ഇതു തങ്ങളോടുതന്നേയും സഖ്യത്തോടും ചെയ്യുന്ന മഹാപരാധമായിരിക്കും. സഖ്യവുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെടുന്നവരൊക്കെയും —അംഗങ്ങളോ പ്രാസംഗികരോ, ആദ്ധ്യാത്മികോപദേഷ്ടാക്കളോ ആരായാലും—സഖ്യത്തിൻെറ മാനുവൽ, ബുള്ളററിൻ മുതലായവ വായിച്ചു പഠിക്കുകതന്നെ വേണം. ഇതൊരാവശ്യവും നീതിയും ചുമതലയുമത്രെ.

കൗൺസിൽ ജനറൽ ഇക്കാര്യത്തെപ്പററി നിർബന്ധപൂർവ്വം പലപ്പോഴും ഉൽബോധിപ്പിച്ചിട്ടുണ്ടു്. 1859-ലെ സർക്കുലറിൽ പറയുന്നു: "കോൺഫറൻസുകൾക്കു പരസ്പരമുള്ള വാർത്തകളും, വിവിധ കോൺഫറൻസുകളുടെ റിപ്പോർട്ടുകളിൽനിന്നു രസാവഹങ്ങളും വിജ്ഞാനപ്രദങ്ങളുമായ കാര്യങ്ങളുടെ സംഗ്രഹങ്ങളും നൽകുന്നതിനും, നമ്മുടെ പാരമ്പര്യങ്ങളെ അനുസ്മരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യുന്ന ഉപദേശങ്ങൾവഴി സഖ്യത്തിൻെറ പൊതുവായ അരൂപി പരിരക്ഷിക്കുന്നതിനുമുള്ളതാണു ബുള്ളററിൻ എന്നു നിങ്ങൾക്കറിയാമല്ലോ. നിയമാവലിയും വ്യാഖ്യാനങ്ങളും, ദണ്ഡവിമോചനവിവരങ്ങളും, പ്രസിഡണ്ടു ജനറൽമാരുടെ സർക്കുലറുകളുമടങ്ങുന്നതാണു മാനുവൽ. തൻമൂലം ഇതുരണ്ടും കോൺഫറൻസുകൾക്കും അംഗങ്ങൾക്കും അത്യാവശ്യമായിട്ടുള്ളതാണു്. പഴയ അംഗങ്ങൾ കാര്യം മറക്കാതിരിക്കുന്നതിനും, പുതിയവർ സഖ്യത്തിൻെറ കാര്യങ്ങളും അരൂപിയും ഗ്രഹിക്കുന്നതിനും, ഇവരണ്ടും എല്ലാവരും വായിക്കുകയും കൂടക്കൂടെ അവശ്യമുള്ള ഭാഗങ്ങൾ പ്രത്യേകം നോക്കുകയും (refer) ചെയ്യേണ്ടതത്രെ.... ഇല്ലെങ്കിൽ കോൺഫറൻസിൻെറ അധഃപതനത്തിനും, സഖ്യത്തിൻെറ അരൂപിയിലും പാരമ്പര്യങ്ങളിലുംനിന്നുള്ള വ്യതിചലനത്തിനും ഇടയാകും. ഓരോ കോൺഫറൻസിലും ബുള്ളററിൻ, അതിലെ പൊതുനിർദ്ദേശങ്ങളെങ്കിലും, യോഗങ്ങളിൽ വായിക്കുന്നതിനും, കഴിവുള്ള എല്ലാ അംഗങ്ങളും ഇതു വാങ്ങി മുഴുവനും വായിക്കുന്നതിനും നിങ്ങളുടെ സതാരശ്രദ്ധയെ ഞങ്ങൾ ക്ഷണിക്കുന്നു. മാനുവൽ, ചുരുങ്ങിയപക്ഷം അതിൻെറ ഒന്നാം ഭാഗം, നമ്മുടെ എല്ലാ സഹോദരന്മാരുടെ പക്കലുമുണ്ടായിരിക്കണം." (മാനുവൽ മല. പേ. 316-Eng. P. 295.)

1915 ഡിസംബർ 1-ാംനു-ലെ സർക്കുലറിൽ കാണുന്നു: "സഖ്യത്തിൻെറ അരൂപിപ്രാപിക്കുന്നതിനും, ഫലപ്രദമായി അഭ്യസിക്കുന്നതിനും സഖ്യത്തിൻെറ മാനുവൽ ശരിയായി പഠിക്കണം. വിശ്വാസയോഗ്യമായി തോന്നുകയില്ലെങ്കിലും സഖ്യത്തിൻെറ അരൂപിയും സത്തതന്നെയും അടങ്ങിയിരിക്കുന്ന ഈ മാനുവൽ ഒരിക്കൽപ്പോലും തുറന്നിട്ടില്ലാത്തവരും, ഒരു പക്ഷേ കേട്ടിട്ടുപോലുമില്ലാത്തവരും നമ്മുടെ സഹോദരന്മാരിലുണ്ടെന്നുള്ളതു യഥാർത്ഥമാണു്. . . ഓരോ മെമ്പറിനും മാനുവലിൻെറ ഓരോ പ്രതി ഉണ്ടായിരിക്കണം. പുതിയതായി ചേരുന്ന ഓരോ മെമ്പറിനും മാനുവലിൻെറ ഓരോ പ്രതി സമ്മാനമായി കൊടുക്കുന്ന ഒരു പതിവു പലകോൺഫറൻസുകളിലുമുണ്ടു്. ഈ രീതി എല്ലായിടത്തും നടപ്പാക്കുന്നതു നന്നായിരിക്കും. പുതിയ അംഗങ്ങളുടെ എണ്ണം ഏതൊരു വർഷത്തിലും അധികമാകയില്ലാത്തനിലയ്ക്കു ഇതിനുവേണ്ടിവരുന്ന ചിലവു കോൺഫറൻസിനെ കാര്യമായി ബാധിക്കുന്നതുമല്ല.

"അല്പാൾ, മാനുവൽ വായിക്കുക, കൂടക്കൂടെ വായിച്ചാലോചിക്കുകയും അനുചിന്തിക്കുകയും ചെയ്യുക. നമ്മുടെ പൂർവ്വികന്മാർ അവരുടെ ബുദ്ധിയും അനുഭവങ്ങളും, നമ്മുടെ മദ്ധ്യസ്ഥൻെറ ജീവിതാദർശങ്ങളും ഇതിൽ സംഗ്രഹിച്ചിട്ടുണ്ടു്. ആ കാലത്തേതിലുമധികം അപകടങ്ങളെ അഭിമുഖീകരിക്കുന്ന ഭയാനകമായ ഇക്കാലത്തു ഇതു പഠിക്കുവാൻ എത്രയോ ആവശ്യമായിരിക്കുന്നു." (മാനു. മല. പേ. 355. Eng. 343)

സഖ്യത്തിൻെറ നിയമാവലി 18-ാം വകുപ്പിൻെറ വിശദീകരണത്തിൽ പുതിയ മെമ്പറിനെ ചേർക്കുന്നതു സംബന്ധിച്ചുള്ള ഭാഗത്തു പറയുന്നു: "സഖ്യത്തിൻെറ മാനുവൽ കൊടുത്തു (പുതിയതായിച്ചേരുന്ന അംഗത്തിനു) അതു ശരിയായി വായിച്ചു ഗ്രഹിക്കുവാൻ പ്രസിഡണ്ടു പ്രത്യേകം ഏർപ്പാടുചെയ്യണം. സഖ്യത്തിൻെറ പ്രാരംഭവും വളർച്ചയും ഇതിൻെറ എല്ലാം സാഹചര്യങ്ങളും, നിയമാവലിയും വായിക്കുന്നതിനു അംഗങ്ങൾ ശ്രദ്ധയുള്ളവരായിരുന്നാൽ നമ്മുടെ സഖ്യത്തിൻെറ അരൂപി എത്രവേഗവും ഫലപ്രദമായും പകരുവാൻ സാധിക്കുമായിരുന്നു. നമ്മുടെ നിബന്ധനകളേയും പാരമ്പര്യങ്ങളേയും ഊഹിച്ചെടുക്കാതെ—പലപ്പോഴും ഇതു തെററായ അഭിപ്രായത്തിനിടയാക്കുന്നതത്രെ—വായിച്ചു ഗ്രഹിക്കുന്നതായാൽ അതൊക്കെ വേഗത്തിലും ശരിയായും ഗ്രഹിക്കുവാൻ കഴിയുന്നതാണു്." (മാനുവൽ മല. 3 പ. 56-Eng. 48.)

അടുത്തകാലത്തു ഇൻഡ്യയിൽ ഏർപ്പെടുത്തിയിട്ടുള്ള സുപ്പീരിയർ കൗൺസിൽ ഇക്കഴിഞ്ഞ ഡിസംബർ 1-ാംനു- കോൺഫറൻസുകൾക്കയച്ചിട്ടുള്ള സർക്കുലറിൽ അംഗങ്ങൾ മാനുവലും ബുള്ളററിനും പ്രത്യേകമായി വായിക്കണമെന്നു എടുത്തുപറഞ്ഞിട്ടുണ്ടു്. വാസ്തവത്തിൽ ഓരോ അംഗവും ഇതു പരപ്രേരണയില്ലാതെതന്നെ ചെയ്യേണ്ടതാണു്. എന്നാൽ ഇക്കാര്യത്തിൽ പല അംഗങ്ങളും, പ്രത്യേകിച്ചും വായനയിൽ ഔത്സുക്യമുള്ളവരും ധാരാളം പുസ്തകങ്ങൾ വായിക്കുന്നവരുമായ ചില സഹോദരന്മാർ, കാണിക്കുന്ന അനാസ്ഥ തികച്ചും അത്ഭുതാവഹമാണു്. ഇതിലും ആശ്ചര്യകരമായ മറെറാരു കാര്യമുണ്ടു. സാധുജനാനുകമ്പയും, സേവനാസക്തിയും, മതതീക്ഷ്ണതയും മററുമുള്ള ചില അംഗങ്ങൾക്കുതന്നെയും സഖ്യത്തിൻെറ ആദ്ധ്യാത്മികസ്വഭാവത്തേയും, നിയമാനുഷ്ഠാനത്തിൻെറ ആവശ്യകതയേയുംപററി പറയുന്നതേ ഇഷ്ടമല്ലെന്നുള്ളതാണതു്; ചിലർക്കു് ഇതു് രോചകവുമാണു്. "സാത്താൻെറ തന്ത്രപ്രയോഗങ്ങളുടെ വശ്യശക്തി" എന്നേ ഇതിനു സമാധാനം കാണുന്നുള്ളു.

യഥാർത്ഥത്തിൽ സഖ്യത്തിൻെറ ആദ്ധ്യാത്മികത്വവും ഭൗതികത്വവും തമ്മിലുള്ള അന്തരം വളരെ നിസ്സാരവും നേരിയതുമത്രേ. ഹൃദയാനുകമ്പയിൽനിന്നുടലെടുക്കുന്ന സാമൂഹ്യസേവനങ്ങൾ കേവലം മാനുഷികം അഥവാ ഭൗതികമാകാതെ, അതു ക്രിസ്തുവിനുവേണ്ടി എന്നാകണമെന്നേയുള്ളൂ. പരസഹായം, അഥവാ സാമൂഹ്യസേവനം, വളരെ നല്ലതുതന്നെ. എന്നാൽ അതു ദൈവസ്നേഹത്തെ ആധാരമാക്കി, ക്രിസ്തുവിനുവേണ്ടിയാണെങ്കിൽ എത്രയോ ഉപരി ശ്രേഷ്ഠവും ഉത്തമവുമായിരിക്കും!!

## പുസ്തകാഭിപ്രായം

### പരിശുദ്ധ കന്യകാമറിയം

[വിവർത്തകൻ ഫാദർ ഏ. സി ഈപ്പൻ. പേജു 248-വില 1 ക.]


ദൈവശാസ്ത്രത്തിൻെറ ഒരവിഭാജ്യഘടകമാണു് മരിയശാസ്ത്രം (Mariology). ഒരു മരിയൻ ജൂബിലിവത്സരം പ്രഖ്യാപിതമായിരിക്കുന്ന ഈ അവസരത്തിൽ പ്രത്യേകിച്ചും മരിയശാസ്ത്രത്തെപ്പററി കൂടുതൽ അറിയുന്നതിനു എല്ലാവർക്കും ജിജ്ഞാസയുണ്ടാവുക സ്വാഭാവികമാണു്. വിപുലവും ഗഹനവുമായ ഈ വിഷയത്തെ സമ്യക്കായ രീതിയിൽ വിശദവും ലളിതവുമായ ഭാഷയിൽ പ്രതിപാദിക്കുന്ന ഒരു വിശിഷ്ട ഗ്രന്ഥമാണു് "പരിശുദ്ധ കന്യകാമറിയം." ഇതിൻെറ മൂലകൃതി റവ. ഫാദർ ആർ. വാസ്സൽ ഫിലിപ്സ് സി. എസ്സ് എസ്സ്. ആർ. അവർകൾ രചിച്ചിട്ടുള്ള "The Mother of Christ" എന്ന ഇംഗ്ലീഷ് ഗ്രന്ഥമാണു്. മരിയശാസ്ത്രത്തെ ആധാരമാക്കിയുള്ള പണ്ഡിതോചിതമായ ഒരു ചുരുങ്ങിയ പൂർണ്ണപ്രതിപാദനമാണു് അതിൻെറ ഉള്ളടക്കമെന്നു അനുവാചകർക്കു മനസ്സിലാക്കാൻ സാധിക്കും. മലയാളഭാഷയിൽ വിരളലബ്ധമായ ഈദൃശ ഒരു ഗ്രന്ഥത്തെ ഇപ്പോഴത്തെ പ്ര

ഒരു സൈന്യത്തെ നയിക്കുന്ന കാര്യത്തിൽ ഡാജാ ബദ്ധശ്രദ്ധനായിത്തീരുകയാൽ മതപീഡനം താനെ മന്ദീഭവിക്കയാണുണ്ടായതു്.

ഇതിനിടയ്ക്കു് സാമ്രാജ്യത്തിൻെറ പാശ്ചാത്യവിഭാഗത്തിൽ ഭരണാധിപനായിരുന്ന ക്ലോറസ് മരിക്കുകയും പുത്രനായ കോൺസ്റ്റൻറയിൻ (Constantine) ഭരണസാരഥ്യം ഏറെറടുക്കുകയും ചെയ്തു. ക്ലോറസ് ഒരു മതസഹിഷ്ണു ആയിരുന്നതിനാൽ അദ്ദേഹത്തിൻെറ ഭരണകാലമത്രയും സാമ്രാജ്യത്തിൻെറ പടിഞ്ഞാറൻ പ്രദേശങ്ങൾ സമാധാനത്തിൽ കഴിഞ്ഞുകൂടുകയുണ്ടായി. സുപ്രധാനമായ ഒരു കാലസന്ധിയിൽ വിധിനിർണ്ണായകമായ ഒരു തീരുമാനം കൈക്കൊള്ളുകയും അങ്ങനെ തിരുസ്സഭയുടെയും, ലോകത്തിൻെറതന്നെയും ചരിത്രഗതിയെ ശ്രേയസ്കരമായ ഒരു പന്ഥാവിലേക്കു് തിരിച്ചുവിടുകയും ചെയ്ത മഹാനായ കോൺസ്റ്റൻറയിനാണു് ക്ലോറസിൻെറ മരണശേഷം രംഗപ്രവേശം ചെയ്യുന്നതു്.

### വെളിവില്ലാത്ത കളി ബാലനെ വെള്ളത്തിൽ മുക്കി.

(ബാലപാഠം)



ത്യക പരിതസ്ഥിതിയിൽ കേരളീയക്ക് പ്രദാനംചെയ്യാൻ സാധിച്ച വിവർത്തകൻെറ സേവനം മുക്തകണ്ഠമായ പ്രശംസയെ അർഹിക്കുന്നുണ്ട്. പുസ്തകം വായിച്ചാൽ ഇതൊരു വിവർത്തനമാണെന്നു സാമാന്യേന മനസ്സിലാക്കാൻ വിഷമമാണ്. അത്രയ്ക്കു അകൃത്രിമവും സരളവുമായ ഭാഷാരീതിയാണ് ഉടനീളം ഗ്രന്ഥകർത്താവു പ്രയോഗിച്ചിട്ടുള്ളതു്.

പരിശുദ്ധ കന്യകമറിയത്തിൻെറ ജീവചരിത്രത്തേയും, അമലോത്ഭവം, കന്യാത്വം, ദൈവമാതൃത്വം, മാദ്ധ്യസ്ഥം മുതലായ അപദാനങ്ങളേയും അനുക്രമം പ്രതിപാദിക്കുകയും സന്ദർഭോചിതങ്ങളും പ്രബലങ്ങളുമായ ചരിത്രസാക്ഷ്യങ്ങളെക്കൊണ്ടു അവയെ സ്ഥാപിക്കുകയും ചെയ്യുന്ന ഈ ഗ്രന്ഥത്തിലെ രചനാരീതി ഏതദ്‌വിഷയങ്ങളിൽ അനിരോദ്ധ്യമായ ഒരു ബോദ്ധ്യതയാണ് അനുവാചകരുടെ മനസ്സിൽ ഉളവാക്കുന്നതു്. ഒരു മരിയഭക്തനു പരിശുദ്ധകന്യകയെപ്പററി അറിയേണ്ട എല്ലാ കാര്യങ്ങളും ഈ ചെറുഗ്രന്ഥം ഉള്ളടക്കുന്നുണ്ട് എന്നുള്ളതു അതിൻെറ വലിയൊരു നേട്ടമാണ്. അനാവശ്യമോ ഉപേക്ഷണീയമോ ആയ ഒരു വാചകംപോലും ഈ ഗ്രന്ഥത്തിൽനിന്നടർത്തിയെടുക്കുക സാദ്ധ്യമാണെന്നു തോന്നുന്നില്ല. ദൈവശാസ്ത്രതത്വങ്ങളുടെ അതിലോലമായ നൂൽക്കമ്പികളിൽക്കൂടി മരിയാംബികയുടെ ശാസ്ത്രവിശദീകരണം സാധാര

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

കെ. പി. വാറുണ്ണി

ചിറക്കൽ

ണ തൂലികയ്ക്കു തികച്ചും ദുഷ്കരമായ ഒരു കൃത്യമാണ്. അതുകൊണ്ടു് "പരിശുദ്ധ കന്യകാമറിയ"ത്തെ ഇത്ര വിജയപ്രദമായി അവതരിപ്പിക്കുന്നതിനു സാധിച്ചിട്ടുള്ള ഗ്രന്ഥകാരൻ ഹാർദ്ദമായ അഭിനന്ദനത്തിനും സർവ്വവിധമായ പ്രോത്സാഹനത്തിനും അർഹനാണ് എന്നു പ്രത്യേകം പറയേണ്ടതില്ല. പ്രസ്താവനയിൽ അദ്ദേഹം വിശദീകരിച്ചിരിക്കുന്ന സംശയാശങ്കകൾ കുറേക്കൂടെ നേരത്തേ ദൂരീകരിക്കുന്നതിനു സാധിച്ചിരുന്നെങ്കിൽ എത്രയോ വിശിഷ്ടഗ്രന്ഥങ്ങൾ അദ്ദേഹത്തിൻെറ വിദഗ്ദ്ധമായ തൂലികയിൽനിന്നു കൈരളിക്കു ലഭിക്കുമായിരുന്നില്ല എന്നാണ് ഒരിച്ഛാഭംഗം തോന്നുന്നതു്. അതുകൊണ്ടു് "പരിശുദ്ധകന്യകാമറിയത്തിനു" നിരവധി സന്താനസൂനങ്ങൾ സംജാതമാകട്ടെ എന്നാശംസിക്കുന്നു.

ഈ വിശിഷ്ടഗ്രന്ഥം ഒരാവർത്തി വായിച്ചു മാററിവയ്ക്കാവുന്ന ഒന്നല്ല. അതു ഓരോരുത്തരുടേയും നിരന്തര സഹചാരിയാകേണ്ടതാണ്. മറിയത്തോടു ബഹുമാനവും ഭക്തിയും ഉത്തരോത്തരം വർദ്ധിക്കുന്നതിനഭിലഷിക്കുന്ന ഓരോരുത്തർക്കും ഇതൊരു കൈപ്പുസ്തകമായാൽ ഉത്തമമായിരിക്കും. യാതൊരു കത്തോലിക്കാ ഭവനത്തിലും ഇതിൻെറ ഒരു പ്രതി ഇല്ലാതെ വരരുതെന്നാണ് ഞങ്ങൾക്കു കാര്യമായി ശുപാർശചെയ്യുവാനുള്ളതു്. ഗ്രന്ഥത്തിൻെറ വില ഇത്ര കുറച്ചിട്ടിരിക്കുന്നതു ഈ ഉദ്ദേശ്യത്തോടുകൂടിയായിരിക്കണം. ഗ്രന്ഥകാരനു സർവ്വ മംഗളങ്ങളും ആശംസിക്കുന്നു; ഗ്രന്ഥത്തിനു പ്രചുരപ്രചാരം നേരുകയും ചെയ്യുന്നു.

(J. P. V.)

# തിരുക്കൊച്ചിവാർത്തകൾ

## നിയമസഭാസമ്മേളനം

### മെമ്പറന്മാരുടെ സത്യപ്രതിജ്ഞ

തിരുക്കൊച്ചിയിലെ പുതിയ നിയമസഭ മുൻപരിപാടിയനുസരിച്ച് മാർച്ച് 22-ാംനു രാവിലെ 11 മണിക്കു് തൽക്കാല സ്പീക്കർ മി. ടി. എസ്. രാമസ്വാമിപിള്ളയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. ഒന്നൊഴികെ എല്ലാ പുതിയ മെമ്പർമാരും സഭയിൽ സന്നിഹിതരായിരുന്നു. സത്യപ്രതിജ്ഞയുടെ സമയത്തു് കോൺഗ്രസ് പാർട്ടിയിലെ മിക്ക മെമ്പർമാരും, ചീഫ്മിനിസ്റ്റർ ശ്രീ പട്ടംതാണുപിള്ള, സ്വതന്ത്രമെമ്പർ ശ്രീ ജോസഫ് ചാഴികാടൻ എന്നിവരും "ദൈവത്തെ മുൻനിറുത്തി" തങ്ങളുടെ പ്രതിജ്ഞകൾ നിർവ്വഹിക്കുകയുണ്ടായി. മററുള്ളവരെല്ലാം കേവലം വിശ്വാസപ്രതിജ്ഞകൊണ്ടു തൃപ്തിപ്പെടുകയാണുണ്ടായതു്.

### സ്പീക്കർ തിരഞ്ഞെടുപ്പ്

അന്നുച്ചകഴിഞ്ഞു കൂടിയ സമ്മേളനത്തിൽ പുതിയ സ്പീക്കറുടെ തിരഞ്ഞെടുപ്പു നടന്നു. പി. എസ്. പി. സ്ഥാനാർത്ഥി മി. വി. ഗംഗാധരനു് 63 വോട്ടും എതിർസ്ഥാനാർത്ഥി മി. കെ. സി. ജോർജ്ജിനു് (കമ്മ്യൂണിസ്റ്റ്) 39 വോട്ടും ലഭിച്ചു. വോട്ടെടുപ്പിൽ തമിഴ്നാട്ടു കോൺഗ്രസിൽപ്പെട്ട 12 അംഗങ്ങളും നിവർത്തനമനുഷ്ഠിക്കയാണുണ്ടായതു്.

### ഉൽഘാടനപ്രസംഗം

അനന്തരം രാജപ്രമുഖൻ തിരുമേനി പുതിയ ഗവമെൻറിൻെറ നയങ്ങൾ പ്രഖ്യാപിച്ചുകൊണ്ടുള്ള തൻെറ ഉൽഘാടനപ്രസംഗം നടത്തി. ഏഴുമിനിററുമാത്രം ദീർഘിച്ച പ്രസ്തുത പ്രസംഗത്തിൽ ഭൂനയപരിഷ്ക്കരണം, സൗജന്യവിദ്യാഭ്യാസവിപുലീകരണം, വ്യവസായവികസനം, തൊഴിലില്ലായ്മപ്രശ്നപരിഹാരം മുതലായ വിഷയങ്ങൾ സംബന്ധിച്ച പുതിയ ഗവമെൻറിൻെറ നയപരിപാടികൾ വിശദീകരിക്കുകയുണ്ടായി.

### വിധിനടത്തു നിറുത്തിവയ്ക്കൽ അവധിനീട്ടി

23-ാം തീയതിയിലെ സമ്മേളനത്തിൽ ചോദ്യോത്തരങ്ങൾക്കുശേഷം, അസംബ്ളിയിലെ പാനൽ ഓഫ് ചെയർമൻമാരായി മെ. കെ എം. കോര (കോൺഗ്രസ്), കെ. ബാലകൃഷ്ണൻ (ആർ. എസ്. പി.) എന്നിവരെ നോമിനേററു ചെയ്തിരിക്കുന്നതായി സ്പീക്കർ പ്രഖ്യാപിച്ചു. അനന്തരം, വിധിനടത്തു നിറുത്തിവയ്ക്കൽ ആക്ടിൻെറ കാലാവധി 1955 മാർച്ച് 25-ാംനു വരെ ദീർഘിപ്പിച്ചുകൊണ്ടുള്ള ഒരു ബിൽ മന്ത്രി ശ്രീ നടരാജപിള്ള സഭയിൽ അവതരിപ്പിച്ചു. 1951-ൽ നടപ്പിൽ വരുത്തിയ പ്രസ്തുത ആക്ടിൻെറ കാലാവധി ഇനിയും ദീർഘിപ്പിക്കാനിടവരാത്ത വിധത്തിൽ അടുത്ത മാർച്ചിനുമുമ്പായി പുതിയ ഗവമെൻറു് ഭൂനയം സംബന്ധിച്ച് ഒരവസാനതീരുമാനം സ്വീകരിക്കുമെന്നു് മന്ത്രി സഭയ്ക്കുറപ്പുനൽകി. വാദപ്രതിവാദങ്ങൾക്കുശേഷം ഭേദഗതികളൊന്നും കൂടാതെ ബിൽ പാസാക്കപ്പെട്ടു.

### 1954–55 ലെ ബഡ്ജററ്

ഉച്ചകഴിഞ്ഞു് 5 മണിക്കു് ധനകാര്യമന്ത്രി തിരുക്കൊച്ചിയുടെ 1954-55 ലെ ബഡ്ജററു് സഭയിലവതരിപ്പിച്ചുകൊണ്ടു് 35 മിനിററു് ദീർഘിച്ച ഒരു പ്രസംഗം നടത്തി. പ്രസ്തുത സാമ്പത്തിക വർഷത്തിൽ ആകെ വരവു് 17.8.47 ലക്ഷം ക. യും ചെലവു് 1860 01 ലക്ഷംക.യും അങ്ങനെ 131.54 ലക്ഷം ക. അധികച്ചെലവും കണക്കാക്കപ്പെട്ടിരിക്കുന്നു. അടുത്ത വർഷത്തിൽ സംസ്ഥാനത്തു മിഡിൽസ്കൂൾ ക്ലാസുകളിലെ ഫീസു് കുറവുചെയ്യാനുദ്ദേശിക്കുന്നുണ്ടെന്നും എന്നാൽ പുതിയനികുതികളൊന്നും ഈടാക്കുന്നതല്ലെന്നും മന്ത്രി വെളിപ്പെടുത്തി. അരി വിതരണയിനത്തിൽ ദിവസം ശരാശരി ഒരു ലക്ഷം രൂപയുടെ നഷ്ടം ഗവർമ്മെൻറു് സഹിച്ചുകൊണ്ടാണിരിക്കുന്നതെന്നും അദ്ദേഹം പ്രസംഗത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി.

### മുഖ്യപ്രതിപക്ഷം

നിയമസഭയിൽ സംഖ്യാബലംകൊണ്ടു് പ്രഥമസ്ഥാനമർഹിക്കുന്ന കോൺഗ്രസ്പാർട്ടി സഭയിലെ മുഖ്യ പ്രതിപക്ഷമായിരിക്കുമെന്നും അതേസമയത്തു് ഐക്യമുന്നണിക്കു് ഒരു പ്രതിപക്ഷത്തിനുള്ള എല്ലാ അവകാശങ്ങളുമുണ്ടായിരിക്കുന്നതാണെന്നും സ്പീക്കർ ഇന്നു പ്രഖ്യാപിക്കുകയുണ്ടായി.

### കൃതജ്ഞതാപ്രമേയം

24-ാം തീയതിയിലെ സമ്മേളനത്തിൽ രാജപ്രമുഖൻ തിരുമനസ്സിലെ ഉൽഘാടനപ്രസംഗത്തിനു് അവിടുത്തേക്കു് കൃതജ്ഞത രേഖപ്പെടുത്തുന്ന ഔദ്യോഗിക പ്രമേയം സഭയിൽ അവതരിപ്പിക്കപ്പെട്ടു. വിവിധ പ്രതിപക്ഷപാർട്ടികളിൽനിന്നുമായി ഉന്നയിക്കപ്പെട്ട ഭേദഗതികളെല്ലാംതന്നെ പരാജയപ്പെട്ടുപോയതിനാൽ പ്രമേയം അംഗീകരിക്കപ്പെട്ടു. ചോദ്യോത്തരവേളയിൽ ഗവമെൻറു ഭാഗത്തുനിന്നും താഴെ പറയുന്ന വിവരങ്ങൾ നൽകുകയുണ്ടായി: ആൻഡമൻ ദ്വീപുകളിൽ കുടിയേറിപ്പാർക്കുന്നതിനു് തിരുകൊച്ചിയിൽനിന്നും 36 കുടുംബങ്ങളെ അയക്കാൻ വേണ്ട ഏർപ്പാടുകൾ പൂർത്തിയായിട്ടുണ്ടു്. 27 കർഷകകുടുംബങ്ങളേയും 9 മത്സ്യവ്യവസായക്കാരായ കുടുംബങ്ങളേയുമാണ് അയക്കുവാൻ തീരുമാനിച്ചിരിക്കുന്നതു്. മൈസൂർ സംസ്ഥാനത്തു് 8000 ഏക്കർ ഭൂമി തിരുക്കൊച്ചിക്കാർക്കു് കുടിയേറിപ്പാർക്കാനനുവദിച്ചുവെന്നും എന്നാൽ ജോൺ മന്ത്രിസഭയുടെ അനാസ്ഥമൂലം അതു നഷ്ടപ്പെട്ടുവെന്നുമുള്ള റിപ്പോർട്ടുകൾ അടിസ്ഥാനരഹിതമാണ്. അങ്ങനെ സ്ഥലം അനുവദിച്ചിട്ടില്ല.

### ഡെപ്യൂട്ടി സ്പീക്കർ

ഇന്നു നടന്ന നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പിൽ പി. എസ്. പി. സ്ഥാനാർത്ഥി മി. ആർ. ദാമോദരൻ പോററി വിജയിയായതായി പ്രഖ്യാപിക്കപ്പെട്ടു. മി. പോററിക്കു് 64 വോട്ടും എതിർസ്ഥാനാർത്ഥി മി. ടി. കെ. ദിവാകരനു് (ആർ. എസ്. പി.) 40 വോട്ടും ലഭിക്കുകയുണ്ടായി.

### ബഡ്ജററ് വിമർശനം

നിയമസഭയുടെ നാലാംദിവസത്തെ നടപടികൾമാർച്ച് 26-ാം തീയതി രാവിലെ ആരംഭിച്ചു. ബഡ്ജററുവിമർശനമാണ് ഇന്നു പ്രധാനമായി നടന്നതു്. ചോദ്യങ്ങൾക്കുത്തരം നൽകുകയിൽ മദ്യനിരോധനം നിർത്തലാക്കാൻ ഗവമെൻറിനു് ഉദ്ദേശമില്ലെന്നും ഹരിജൻ കോളെജ് വിദ്യാർത്ഥികൾക്കു് നൽകിവരുന്ന പ്രതിമാസവേതനത്തിൻെറ നിരക്കു് ഈ വർഷത്തിൽ അല്പം കുറച്ചിട്ടുണ്ടെന്നും കൂടുതൽ വിദ്യാർത്ഥികൾക്കു് പ്രയോജനം ലഭിക്കുവാൻവേണ്ടിയാണ് അങ്ങനെ ചെയ്തതെന്നും ഗവമെൻറുഭാഗത്തുനിന്നും വെളിപ്പെടുത്തുകയുണ്ടായി.

—o—

# ഇടവകവാർത്തകൾ

ഭരണങ്ങാനം:— ചെറുപുഷ്പമിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ സ്ഥലം ഹൈസ്കൂളിൽവച്ചു ഒരു ഏകാന്തധ്യാനം വലിയ ബുധനാഴ്ച വൈകിട്ടു് ആരംഭിച്ചു് ഉയിർപ്പുഞായറാഴ്ച രാവിലെ അവസാനിക്കത്തക്കവിധം നടത്തുന്നതിനു് നിശ്ചയിച്ചിരിക്കുന്നു. മൂവാററുപുഴ നിർമ്മലാകാളെജ് പ്രിൻസിപ്പാൾ റവ. ഫാ. തോമസ് നെടുങ്കല്ലേൽ എം. എ. അവർകളാണ് ധ്യാനപ്രസംഗം നടത്തുന്നതു്.

മററക്കര:— സ്ഥലം ഗേൾസ് ഇംഗ്ലീഷ് ഹൈസ്കൂൾ, സി. വൈ. എം. എ., മിഷൻലീഗ്, സൊഡാലിററി ഇവയുടെ സംയുക്ത വാർഷികം 1954 മാർച്ച് 11-ാം തീയതി വ്യാഴാഴ്ച ഹൈസ്കൂൾ ഹാളിൽവച്ചു സമംഗളം കൊണ്ടാടപ്പെട്ടിരിക്കുന്നു. തലശ്ശേരിരൂപതയുടെ അഭിവന്ദ്യ അഡ്മിനിസ്ട്രേറർ തിരുമനസ്സുകൊണ്ടു് പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ശ്രീ കുര്യാക്കോസ് മററം ഒരു പ്രസംഗം ചെയ്യുകയുമുണ്ടായി. മിഷൻലീഗു വകയായി അഭിവന്ദ്യ തിരുമേനിക്കു് 200-ൽപരം രൂപയുടെ ഒരു പണക്കിഴിയും നൽകുകയുണ്ടായി.

മാള:— സ്ഥലം പള്ളിയിൽ ഫാത്തിമാ ബാലസംഘത്തിൻെറ ഒരു ശാഖ സ്ഥാപിതമായിരിക്കുന്നു. ബാലികാവിഭാഗത്തിൽതന്നെ ഇപ്പോൾ 125 കുട്ടികൾ ഉണ്ടു്. അടുത്തുതന്നെ ബാലന്മാർക്കും സംഘത്തിൻെറ ഒരു വിഭാഗം ആരംഭിക്കുന്നതാണ്. പണിചെയ്തുകൊണ്ടിരിക്കുന്ന ടി പള്ളിയുടെ അൾത്താരയ്ക്കുവേണ്ടി സംഘാംഗങ്ങൾ പണം ശേഖരിച്ചുകൊണ്ടിരിക്കുന്നു. ഈ മരിയൻവത്സരത്തിൽ പാപ്പാ പിതാവുവഴി ദിവ്യജനനിക്കു സമർപ്പിക്കുവാനുള്ള സുകൃതമഞ്ജരിയുടെ കോപ്പികൾ ഇവിടെ കുട്ടികളുടെ ഇടയിൽ വിതരണം ചെയ്യുന്നുണ്ടു്.

—o—

# ചരമം

അറക്കുളം:—"സത്യദീപ"ത്തിൻെറ ജീവിതകാലവരിക്കാരനും സ്ഥലത്തെ ഒരു പ്രമുഖവ്യക്തിയുമായ ആവാനിക്കൽമുത്തേടത്തു്മാണി മാത്തൻ തൻെറ 64-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടിനാൽ അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു മാർച്ചു 19-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. ഉച്ചകഴിഞ്ഞു് ബ. പ്ലാക്കാട്ടച്ചൻെറ പ്രധാനകാർമ്മികത്വത്തിലും പല ബ. അച്ചന്മാരുടേയും വലിയ ഒരു ജനക്കൂട്ടത്തിൻെറയും സഹകരണത്തിലും അറക്കുളം പുത്തൻപള്ളി സിമിത്തേരിയിൽ പ്രത്യേകം തയാറാക്കപ്പെട്ട കല്ലറയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു.

R. I. P.

## പരേതനായ കർമ്മലീത്താസഭാ പ്രിയോർ ജനറാൾ

നിഷ്പാദുക കർമ്മലീത്താസഭയുടെ പ്രിയോർ ജനറാൾ വെരി റവ. ഫാദർ സിൽവെരിയൂസ് ഒ. സി. ഡി. അവർകൾ തൻെറ ഔദ്യോഗികസന്ദർശനപരിപാടികളിൽ ഏർപ്പെട്ടുകൊണ്ടിരിക്കെ മെക്സിക്കോയിൽവച്ചു മാർച്ച് 12-ാംതീയതി നിര്യാതനായിരിക്കുന്നു. പരേതൻ പാണ്ഡിത്യത്തിലും പുണ്യത്തിലും ഒരുപോലെ വിഖ്യാതനായിരുന്നു. അദ്ദേഹം 1878-ൽ സ്പെയിനിൽ ജനിച്ചു. 1893-ൽ കർമ്മലീത്താസഭയിൽ ചേർന്നു. റോമിലാണ് അദ്ദേഹം വൈദികപഠനം നിർവ്വഹിച്ചതു്. വിശ്വവിഖ്യാതന്മാരായ പ്രഫസർ പി. ബില്ലെററു് അദ്ദേഹത്തിൻെറ ദൈവശാസ്ത്രഗുരുവും, പ്രൊ: പി. ബുച്ചറോണി അദ്ദേഹത്തിൻെറ ധർമ്മശാസ്ത്രാദ്ധ്യാപകനുമായിരുന്നു. അദ്ദേഹം ദൈവശാസ്ത്രപ്രൊഫസർ, "മൗൺട്കാർമൽ" മാസികയുടെ പത്രാധിപർ, പ്രൊവിൻഷ്യാളിൻെറ ആലോചനക്കാരൻ, സഭയുടെ ഔദ്യോഗിക ചരിത്രകാരൻ, ബർഗോസിലെ പ്രൊവിൻഷ്യാൾ, ഡെഫനിത്തോർ ജനറൽ എന്നീ ഉന്നതസ്ഥാനങ്ങൾ പടിപടിയായി അലങ്കരിച്ചശേഷം കർമ്മലീത്താസഭയുടെ പ്രിയോർ ജനറലായി നിയമിതനായി. സഭയ്ക്കു വെളിയിലും ഉത്തരവാദിത്വപ്പെട്ട പല വൈദികജോലികളും അദ്ദേഹം സ്തുത്യർഹമായി നിർവ്വഹിച്ചിട്ടുണ്ടു്.

സാഹിത്യപരമായ അദ്ദേഹത്തിൻെറ സേവനങ്ങൾ വളരെ വിലപ്പെട്ടവയാണ്. അദ്ദേഹം വിരചിച്ച "സ്നേഹത്തിൻെറ നിയമം"—Precept of Love എന്ന ഗ്രന്ഥത്തിനു പത്താംപീയൂസ് മാർപ്പാപ്പായുടെ അനുമോദനം ലഭിച്ചു; 20 പുസ്തകങ്ങളായി അദ്ദേഹം പ്രസിദ്ധീകരിച്ച "Bibliotheca Mistica Carmelitana" എന്ന ഗ്രന്ഥാവലിയുടെ ആദ്യലക്കം പുറത്തുവന്ന ഉടനെ 15-ാം ബനഡിക്ടു് മാർപ്പാപ്പായിൽനിന്നു സ്വഹസ്തലിഖിതമായ ഒരു അനുമോദനസന്ദേശം ലഭിച്ചു എന്നറിയുമ്പോൾ ആ പ്രസിദ്ധീകരണത്തിൻെറ മാഹാത്മ്യം വിശദമാകുന്നതാണല്ലോ; സ്പെയിനിലെ "റോയൽ അക്കാഡമി ഓഫ് ലറേറഴ്സു്" എന്ന പ്രശസ്തസ്ഥാപനം അദ്ദേഹത്തിൻെറ "ടെറേസിയൻ ബിബ്ളിയോഗ്രഫി" എന്ന ഗ്രന്ഥത്തിനു ഒരു സ്വർണ്ണമെഡൽ സമ്മാനിച്ചു; വിമർശനസാഹിത്യത്തിൽ നിരവധി കൃതികൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. സ്പാനിഷ്ഗവമെണ്ടും പെറൂജിയൻ ഗവമെണ്ടും പല സ്ഥാനങ്ങളും ബിരുദങ്ങളും പ്രദാനംചെയ്തു് അദ്ദേഹത്തിൻെറ സാഹിത്യസേവനത്തോടുള്ള അഭിനന്ദനം രേഖപ്പെടുത്തിയിട്ടുണ്ടു്.

കർമ്മലീത്താസഭാമണ്ഡലത്തിൽ പ്രശോഭിച്ചിരുന്ന ഈ ജ്യോതിസ്സ് ഗോളം തൻെറ സഭയ്ക്കും ലോകത്തിനും അനർഘസേവനം നിർവ്വഹിച്ചശേഷം നിത്യസമ്മാനം സ്വീകരിക്കുന്നതിനു സ്വർഗ്ഗഭവനത്തിലേക്കു പോയിരിക്കുന്നു.

R. I. P.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 ‖ ERNAKULAM MARCH 31, 1954 ‖ No. 31


# വൈദികരും അൽമായരും

പുരോഹിതൻ എന്ന വാക്കിന്റെ മൂലാർത്ഥം മുമ്പൻ, പ്രധാനി എന്നു മാത്രമാണ്. പ്രയോഗത്തിൽ അതു പൊതുവായ ദൈവാരാധന നടത്തുന്നതിനും ബലി അർപ്പിക്കുന്നതിനും നിയോഗിക്കപ്പെട്ടിരിക്കുന്ന ആൾ എന്ന അർത്ഥത്തിലാണ് സ്വീകരിക്കപ്പെട്ടുപോരുന്നത്. സാമാന്യമായി പറഞ്ഞാൽ പുരോഹിതൻ അഥവാ വൈദികൻ ദൈവത്തിന്റെയും മനുഷ്യന്റെയും ഇടയ്ക്കുനിന്ന് ആരാധനയുടേയും ബലിയുടേയും കർമ്മങ്ങൾ അനുഷ്ഠിക്കുകയും, മതസത്യങ്ങൾ ജനങ്ങളെ പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നതിനു നിയുക്തനായ വ്യക്തി എന്നാണ് എല്ലാ മതങ്ങളും ആദിമകാലംമുതൽ അംഗീകരിച്ചുപോന്നിട്ടുള്ളത്. ലോകത്തുള്ള പേഗൻമതങ്ങളും യഹൂദമതവും ക്രിസ്തുമതവും ഈ സങ്കല്പത്തിൽ അപ്രധാനമായ ചില വ്യത്യാസങ്ങളോടുകൂടി യോജിക്കുന്നുണ്ട്. ലോകത്തുള്ള പൗരാണികമതങ്ങളിൽ ഏററം പുരാതനവും പരിപൂർണ്ണവികസനം പ്രാപിച്ചിട്ടുള്ളതുമായ മതമെന്നു ചരിത്രപണ്ഡിതന്മാർ സമ്മതിക്കുന്ന ഇന്ത്യയിലെ ഹിന്ദുമതം ഇതിനു ഉത്തമതെളിവാണ്. വേദകാലത്തും, ബ്രാഹ്മണകാലത്തും, ബുദ്ധകാലത്തും, ഹൈന്ദവകാലത്തും പൗരോഹിത്യസ്ഥാപനം അതിന്റെ ഒരു അവിഭാജ്യഘടകമായിരുന്നു. കുടുംബത്തലവനാണ് സ്വാഭാവികമായി ഈ മാന്യസ്ഥാനം അവകാശപ്പെട്ടിരുന്നത്. എങ്കിലും സൗകര്യാർത്ഥം മതകാര്യങ്ങളിൽ കൂടുതൽ വ്യുൽപത്തിയും കർമ്മാനുഷ്ഠാനങ്ങളിൽ ശരിയായ പരിചയവുമുള്ള ബ്രാഹ്മണരെ അവർ ഈ കർത്തവ്യനിർവ്വഹണത്തിനു ആലംബമാക്കിയിരുന്നു. യഹൂദചരിത്രത്തിലും ദൈവനിർദ്ദിഷ്ടമായി ഇതേരീതിതന്നെയാണവലംബിച്ചുകാണുന്നത്. ക്രിസ്തുമതത്തിൽ ക്രിസ്തുവിന്റെ പ്രസ്പഷ്ടമായ നിർദ്ദേശങ്ങളും വ്യവസ്ഥകളും പൗരോഹിത്യത്തെ സംബന്ധിച്ചു പ്രഖ്യാപിതങ്ങളായിട്ടുണ്ട്. എവിടെയും പുരോഹിതൻ പൊതുജനങ്ങളുടെ മുമ്പനും അവർക്കുവേണ്ടി ദൈവസന്നിധിയിൽ ആരാധനയും ബലിയർപ്പണവും നിർവ്വഹിക്കുന്നവനുമാണ്. ജനത പുരോഹിതനോടുകൂടിയും പുരോഹിതൻ വഴിയായും മതപരമായ അവരുടെ കടമകളെ നിറവേററുന്നു.

## ക്രിസ്തീയ പൗരോഹിത്യം

ക്രിസ്തുമതത്തിൽ പരമപുരോഹിതനായ ക്രിസ്തുവിന്റെ ദിവ്യസ്ഥാപനംമൂലം തിരുപ്പട്ടമെന്ന കൂദാശയാൽ മുദ്രിതമാകുന്നവരാണ് പുരോഹിതന്മാർ അഥവാ വൈദികർ. അവർ ക്രിസ്തു സ്വയം ഗാഗുൽത്തായിൽ അർപ്പിച്ച പരമബലിയെ അൾത്താരകളിൽ, തിരുവത്താഴത്തിൽ ക്രിസ്തു അർപ്പിക്കുകയും അവിടുത്തെ ശിഷ്യന്മാരോടു അർപ്പിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തവിധത്തിൽ ആവർത്തിക്കുകയാണ് ചെയ്യുന്നത്. ക്രിസ്തുവിന്റെ ദൈവികാധികാരത്തിൽ അവർ പാപമോചനം നൽകുന്നു. ക്രിസ്തുവിന്റെ ആജ്ഞയനുസരിച്ച് അവർ, തിരുസഭയിൽ ക്രിസ്തു നിക്ഷേപിച്ചിട്ടുള്ള അദ്ധ്യാപനാധികാരവും ഭരണാധികാരവും കൈകാര്യം ചെയ്യുന്നു. ഇതാണ് ക്രിസ്തീയപൗരോഹിത്യത്തിന്റെ സ്വഭാവം. അതു ക്രിസ്തീയവിശ്വാസത്തിന്റേയും ക്രിസ്തീയജീവിതത്തിന്റേയും അവിഭാജ്യമായ ഒരു ഘടകമാണ്. വൈദികർ തിരുസഭവഴിയായി ക്രിസ്തുവിന്റെ അധികാരം സ്വീകരിക്കുകയും തിരുസഭാംഗങ്ങളുടെ മുൻപന്തിയിൽനിന്നുകൊണ്ടു പൗരോഹിത്യത്തിന്റെ കടമകളെ നിർവ്വഹിക്കുകയും ചെയ്യുന്നു. ഈ വിശ്വാസമാണ് യഥാർത്ഥ കത്തോലിക്കരെ എപ്പോഴും അവരുടെ വൈദികരോടു ആത്മാർത്ഥമായി സഹകരിക്കുന്നതിനും നിർല്ലോഭമായ അവരുടെ പിന്തുണവഴിയായി ക്രിസ്തുവിന്റെ അഭിലാഷങ്ങൾ ലോകത്തിൽ സാക്ഷാത്കരിക്കുന്നതിനു അവരെ സഹായിക്കുന്നതിനും പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നത്. വൈദികരുടേയും അൽമായരുടേയും ലക്ഷ്യവും ആദർശവും ഒന്നുതന്നെയാണ്—ക്രിസ്തുവിന്റെ ദിവ്യാഭിലാഷങ്ങൾ ലോകത്തിൽ നിറവേററുക.

## കത്തോലിക്കാ പ്രവർത്തനം

ക്രിസ്തുമതത്തിന്റെ ആരംഭകാലം മുതൽ തിരുസഭയിൽ നിലനിന്നുപോന്ന ഈ പ്രവർത്തനരീതിയാണ് കത്തോലിക്കാ പ്രവർത്തനം എന്ന വാക്കുകൊണ്ടു അർത്ഥമാക്കുന്നത്. ആധുനികകാലങ്ങളിൽ ഈ സൗഹാർദ്ദമനോഭാവത്തിൽവന്നുകൂടിക്കൊണ്ടിരിക്കുന്ന വൈകല്യങ്ങളെ ദൂരീകരിക്കുന്നതിനും പ്രശോഭനമായ പ്രാരംഭകാലങ്ങളിലെ തീക്ഷ്ണത വീണ്ടെടുക്കുന്നതിനുംവേണ്ടി ദിവംഗതനായ പരിശുദ്ധപിതാവ് 11-ാംപീയൂസ് മാർപ്പാപ്പ കത്തോലിക്കാ പ്രവർത്തനപ്രസ്ഥാനത്തിനു അനിതരസാധാരണമായ ഒരുത്തേജനം നൽകുകയുണ്ടായി. കത്തോലിക്കാപ്രവർത്തനത്തെ തിരുമനസ്സുകൊണ്ടു വിശദമായി വിവരിച്ചുതരികയും ഓരോ കത്തോലിക്കനും കത്തോലിക്കാ പ്രവർത്തനോന്മുഖനായിത്തീരുന്നതിനുവേണ്ടി ശക്തിയുക്തം ഉൽബോധനങ്ങൾ നൽകുകയും ചെയ്തുകൊണ്ടിരുന്നു. നിസ്തന്ദ്രമായ അവിടുത്തെ ഈ പരിശ്രമത്തിന്റെ വെളിച്ചത്തിലാണ് അവിടുന്നു "കത്തോലിക്കാപ്രവർത്തനത്തിന്റെ പാപ്പാ" എന്നറിയപ്പെടുന്നത്. അവിടുന്നു കത്തോലിക്കാ പ്രവർത്തനത്തെ നിർവ്വചിച്ചതിപ്രകാരമാണ്: "ക്രിസ്തുവിന്റെ രാജ്യത്തെ പ്രചരിപ്പിക്കുന്നതിനും സുസ്ഥിരമാക്കുന്നതിനും വേണ്ടിയുള്ള തിരുസഭയുടെ വൈദികമണ്ഡലത്തിന്റെ അപ്പസ്തോലവേലയിൽ അൽമായ വിഭാഗം നിർവ്വഹിക്കുന്ന പ്രവർത്തനപരമായ ഭാഗഭാഗിത്വമാണ് കത്തോലിക്കാ പ്രവർത്തനം." സുസ്പഷ്ടമായ ഈ നിർവ്വചനത്തിൽ ഈ പ്രസ്ഥാനത്തിന്റെ എല്ലാ വശങ്ങളും വിശദമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ക്രിസ്തുരാജ്യം പ്രചരിപ്പിക്കുന്നതിനും സുസ്ഥിരമാക്കുന്നതിനുമുള്ള തിരുസഭയുടെ ലക്ഷ്യം; അതിൽ വൈദികമണ്ഡലം ഏല്പ്പെട്ടിരിക്കുന്ന അപ്പസ്തോലികജോലി; അതിൽ അൽമായ വിഭാഗം വഹിക്കേണ്ട പ്രവർത്തനപരമായ അംശഭാഗിത്വം. ഇവയിലാണ് കത്തോലിക്കാപ്രവർത്തനത്തിന്റെ സാക്ഷാൽക്കാരം അടങ്ങിയിരിക്കുന്നത്.

ആധുനികകാലങ്ങളിൽ ലോകത്തിൽ പൊതുവേയും തൽഫലമായി തിരുസഭയുടെ പ്രവർത്തനരംഗങ്ങളിൽപ്പോലും വന്നുവശായിട്ടുള്ള അധപ്പതനത്തെ ശരിയായിക്കണ്ടുകൊണ്ടാണ് അത്യാഗാധപണ്ഡിതനും ക്രിസ്തുവിന്റെ പ്രതിനിധിയുമായ പരിശുദ്ധ മാർപ്പാപ്പാ 11 ാംപീയൂസ് തിരുമനസ്സുകൊണ്ട് ഈ പ്രസ്ഥാനത്തെ ത്വരിപ്പിക്കുന്നതിനും ക്രിസ്തീയചൈതന്യത്തെ ഉത്തേജിപ്പിക്കുന്നതിനും അത്യദ്ധ്വാനം ചെയ്തത്. ഈ പ്രസ്ഥാനം ഇന്നും വികസിച്ചുകൊണ്ടിരിക്കുകയാണ്. അന്ധകാരനിബിഡമായ ലോകാന്തരീക്ഷത്തിൽ ക്രിസ്തീയചൈതന്യ വിരാജിക്കുന്നതിനും ക്രിസ്തുവിന്റെ സ്വർഗ്ഗീയഭരണത്തിൽ ലോകം ക്രിസ്തുവിന്റെ അഭൗമികസമാധാനം കണ്ടെത്തുന്നതിനും ഇടവരുത്തുവാൻ തിരുസഭാമാതാവിന്റെ മക്കളായ വൈദികവിഭാഗവും അൽമായവിഭാഗവും ഒത്തൊരുമിച്ച പരിശ്രമിക്കണമെന്നാണ് ഇതിന്റെയെല്ലാം രത്നച്ചുരുക്കം. വൈദികരും അൽമായരും തമ്മിലുള്ള സഹകരണമനോഭാവത്തിനു വലിയ ഉലച്ചിൽ തട്ടിക്കൊണ്ടിരിക്കുന്ന നിർഭാഗ്യാനുഭവങ്ങളാണ് മിക്ക സ്ഥലങ്ങളിലും നാമിന്നു കണ്ടുകൊണ്ടിരിക്കുന്നത്. പ്രബലമായ ഒരു ശത്രുവ്യൂഹം ഈ ദുരവസ്ഥയിൽനിന്നു മുതലെടുക്കുന്നതിനു പുറത്തുനിന്നു അഹോരാത്രം പണിപ്പെടുന്നുണ്ട്. പല യൂറോപ്യൻ രാജ്യങ്ങളും കമ്മ്യൂണിസ്റ്റ് നുകത്തിനു കീഴ്പ്പെട്ടു നരകദുരിതങ്ങൾ അനുഭവിക്കുന്നതിനു ഇന്നിടയായിട്ടുള്ളത് ആ രാജ്യങ്ങളിലെ ബഹുഭൂരിപക്ഷം വരുന്ന കത്തോലിക്കർ ഈ ഉൽബോധനത്തെ വേണ്ടവിധത്തിൽ സ്വീകരിക്കാതിരുന്നതുകൊണ്ടാണ് എന്നു വിശദമാക്കുന്ന തെളിവുകൾ എത്രവേണമെങ്കിലും നിരത്തിവയ്ക്കാവുന്നതാണ്. ഈ അനുഭവങ്ങൾ കൺമുമ്പിൽ വച്ചുകൊണ്ടു ഇനിയും നാം കണ്ണടച്ചു ഇരുട്ടുണ്ടാക്കുന്നുവെങ്കിൽ അതിന്റെ ദാരുണഫലങ്ങൾ നാംതന്നെ അനുഭവിക്കേണ്ടിവരുമെന്നുള്ളതു വെറും സ്വാഭാവികമാണല്ലോ.

## നമ്മുടെ ഇടയിലുള്ള അകൽച്ച

നമ്മുടെ പരിതസ്ഥിതികൾ ഇന്നെങ്ങിനെ നില്ക്കുന്നു എന്നു മനസ്സിലാക്കുവാൻ അനുദിന സംഭവങ്ങളിലേക്കും അവയ്ക്കു നിദാനമായി നിലകൊള്ളുന്ന ആശയഗതികളിലേക്കും അല്പമൊന്നു മനസ്സിരുത്തിയാൽ മതി. നമ്മുടെ വൈദികരും അൽമായരും ആദർശൈക്യത്തോടും സഹകരണസന്നദ്ധതയോടുംകൂടി ഒററക്കെട്ടായി നില്ക്കുന്നതിനും ക്രിസ്തുവിന്റെ അഭിലാഷപൂർത്തിക്കുവേണ്ടി, തിരുസഭയുടെ സുസ്ഥിതിക്കുവേണ്ടി എന്തെന്തു ത്യാഗവും സഹിക്കുന്നതിനും തയാറുണ്ടോ? എത്രയെത്ര കുടിവഴക്കുകൾ നമ്മുടെ ഓരോ ഇടവകയിലും നിലകൊള്ളുന്നില്ല? വൈദികർ മനഃപൂർവ്വമല്ലെങ്കിലും, അവരുടെ ആത്മീയമക്കളായ അൽമായരോട് വേണ്ടവിധത്തിൽ സ്നേഹാദരപുരസ്സരം വർത്തിക്കുന്നതിനു തയാറാകാതെയും, അവശതയനുഭവിക്കുന്ന അവരുടെ ആത്മീയമക്കളുടെ കാര്യത്തിൽ കണ്ണടച്ചുകളയുകമൂലം അവരുടെ പ്രണിതഹൃദയങ്ങളിൽ ആത്മീയപിതാക്കന്മാർക്കുണ്ടാകേണ്ട പൈതൃകമായ സ്ഥാനം നഷ്ടപ്പെടുത്തുന്നതിനിടയാക്കിയും കഴിഞ്ഞുകൂടുന്നില്ലയോ? വിദ്വേഷജന്യമായ വിമർശനങ്ങളുടെയോ കുററാരോപണങ്ങളുടെയോ കഥയുണ്ടെങ്കിൽ അതു് മനഃപൂർവ്വം ഇവിടെ വിസ്മരിക്കയാണ്. അൽമായർ അതുപോലെതന്നെ അവരുടെ ആത്മീയപിതാക്കന്മാരായ വൈദികരിൽനിന്നകന്നു ജീവിക്കുന്നതിനും, അപാകതമൂലമോ തെററിദ്ധാരണമൂലമോ ഉണ്ടാകാവുന്ന അകൽച്ചകളെ ക്രിസ്തീയമായ സമചിത്തതയോടും സൗമനസ്യത്തോടുംകൂടി നികത്താതെ പലപ്പോഴും ശത്രുപാളയങ്ങളിൽച്ചെന്നു ഒററുകൊടുത്തു മുന്നോട്ടുപോകുന്നതിനും ശ്രമിക്കുന്നതു നമ്മുടെ പൊതുതാല്പര്യത്തെ എങ്ങനെ തുരങ്കംവയ്ക്കുന്നുവെന്നു ആത്മാർത്ഥമായി ചിന്തിക്കേണ്ടതാണ്. നാം ഒരു തോണിയിൽ ഒരേലക്ഷ്യത്തിലേക്കു യാത്രചെയ്യുന്നവരാണ്. ഒന്നുകിൽ നാം ഒന്നിച്ച് അക്കരെയെത്തും; അല്ലെങ്കിൽ നാം ഒന്നിച്ചുനശിക്കും. അതാണ് സ്വാഭാവികഗതി. അതുകൊണ്ടു് കത്തോലിക്കാ പ്രവർത്തനാദർശത്തിൽ നമ്മുടെ സഹകരണമനസ്ഥിതിയെപ്പററി ഗൗരവമായി പരിചിന്തിക്കുകയും നിരവധിയായ നമ്മുടെ കുറവുകളെ പരിഹരിക്കുന്നതിന് നാമെല്ലാവരും ഒത്തൊരുമിച്ച് ശ്രമിക്കുകയും ചെയ്യണം.

## മാർപ്പാപ്പായുടെ ഉൽബോധനം

ഇക്കഴിഞ്ഞ ഫെബ്രുവരി 27-ാംനു- പരിശുദ്ധ പിതാവ് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് അവിടുത്തെ രോഗശയ്യയിൽനിന്ന് റോമിലെ ഇടവകവികാരിമാരേയും നോമ്പുകാലപ്രസംഗകരേയുംഅഭിവാദ്യം ചെയ്തുകൊണ്ട് ഒരു സന്ദേശം അയച്ചുകൊടുത്തു. അതിൽ അവിടുന്നു വിശദമാക്കിയിട്ടുള്ള ചില കാര്യങ്ങൾ പ്രകൃതത്തിൽ വളരെ ഉൽബോധകങ്ങളാണ്. തിരുമനസ്സുകൊണ്ട് അവിടുത്തെ പ്രത്യേക ഭരണസീമയിൽപ്പെട്ട റോമിലെ ഇടവകവൈദികരുടേയും സഹപ്രവർത്തകരുടേയും തീക്ഷ്ണതയേയും സേവനസന്നദ്ധതയേയും പൈതൃകമായി അനുമോദിച്ചശേഷം ഒരു മാതൃകായിടവകയെ ആദർശയോഗ്യമായി ചൂണ്ടിക്കാണിച്ചിരിക്കുന്നു. ആ ഇടവക ഒരു വലിയ കുടുംബമാണെന്നും അതിലെ അംഗങ്ങളെല്ലാംദൈവമക്കളെപ്പോലെ സാഹോദര്യത്തിൽ ജീവിക്കുകയാണെന്നും തന്മൂലം അവിടെയുണ്ടാകുന്ന സാമ്പത്തികവും ശാരീരികവും ആദ്ധ്യാത്മികവുമായ എല്ലാ ആവശ്യങ്ങളും പരസ്പരസഹകരണംകൊണ്ട് ഭംഗിയായി നികത്തപ്പെടുകയാണെന്നും ഭക്തിപ്രകർഷത്തിലും പുണ്യപുരോഗതിയിലും അനുദിനം അവർ വിജയമടഞ്ഞുകൊണ്ടിരിക്കയാണെന്നും പരിശുദ്ധ പിതാവ് പ്രസ്താവിച്ചു. അപ്രകാരമുള്ള മാതൃകായിടവകകൾ രൂപവത്കൃതമാകുന്നതിനുള്ള അവരുടെ പരിശ്രമങ്ങളെ അനുഗ്രഹിക്കുകയും മരിയഭക്തിയെ സവിശേഷം അനുസ്മരിക്കുകയും ചെയ്തുകൊണ്ട് ശ്രദ്ധേയമായ ചില കാര്യങ്ങളെപ്പററി അവിടുന്നു പ്രതിപാദിച്ചു:

## മിശിഹായുടെ സുവിശേഷം

“1. വത്സലമക്കളേ, ഓരോരോ വ്യക്തിയേയും ഓരോരോ പ്രവർത്തനങ്ങളേയും സജീവമാക്കത്തക്കവണ്ണം ഈശോമിശിഹായുടെ വാക്കുകളും പ്രവൃത്തികളും തന്നെയായിരിക്കുന്ന തിരുസഭയുടെ വാക്കുകളും പ്രവൃത്തികളും എല്ലാസ്ഥലത്തും പ്രചരിപ്പിക്കപ്പെടണം. ഇതു് ലോകത്തിന്റെ പരമാധിപതിയായ ദൈവത്തിന്റെ തിരുമനസ്സാണ്; മനുഷ്യന്റെ വിചാരഗതിയെ മാത്രമല്ല പ്രവർത്തനരീതിയേയും, ചുരുക്കിപ്പറഞ്ഞാൽ ജീവിതത്തെ സംബന്ധിച്ച അവന്റെ മുഴുവൻ വീക്ഷണഗതിയേയും രൂപപ്പെടുത്തുന്നതിനുള്ള ദൗത്യം ക്രിസ്തുവിന്റെ സുവിശേഷത്തിനുണ്ടെന്നുള്ള വസ്തുത മനുഷ്യൻ അംഗീകരിക്കണം. ക്രിസ്തുവിന്റെ ആദർശത്തിൽ ലോകം നവീകരിക്കപ്പെടുകയെന്നതല്ലാതെ മാനവവംശത്തിനു് വേറൊരു രക്ഷാമാർഗ്ഗമില്ല. ക്രിസ്തുമാത്രമാണ് യഥാർത്ഥത്തിൽ വ്യക്തികളുടേയും, കുടുംബങ്ങളുടേയും സമുദായം മുഴുവന്റേയും രക്ഷകൻ. ഉന്നതസ്ഥാനങ്ങളിലിരിക്കുന്നവർ ഇതിന്റെ അവശ്യാവശ്യകതയെ ശരിയായി ധരിക്കട്ടെ; കാരണം, ദൈവത്തെ അനാദരിച്ചുകൊണ്ടും അവിടുത്തെ നിഷേധിച്ചുകൊണ്ടും അവർ നടത്തുന്ന പരിശ്രമങ്ങൾ ഇന്നുള്ളതിനെക്കാൾ കൂടുതൽ വിപൽക്കരമായ ഫലങ്ങളായിരിക്കും മേലിൽ സംജാതമാക്കുക.”

## നഗരങ്ങളിലേക്കു തിരിയുക

“2. ഈ ബോദ്ധ്യതയോടുകൂടി നിങ്ങൾ നോക്കുക. ലോകം മുഴുവനിലേക്കും ഇപ്പോൾ നിങ്ങൾ നോക്കണമെന്നില്ല. ജനനിബിഡമായ നമ്മുടെ അടുത്ത നഗരങ്ങളിലേക്കു തിരിഞ്ഞ് അവയുടെ സ്ഥിതിയെ ഒന്നു വീക്ഷിക്കുക. നമ്മുടെ ഈ റോമാനഗരവും ഉപേക്ഷിക്കണമെന്നില്ല. വസ്തുനിഷ്ഠമായും വിശദമായും അവയെ പരിശോധിക്കുക. നിങ്ങൾ ദോഷൈകദൃക്കുകളാകണമെന്നല്ല നാം ഉദ്ദേശിക്കുന്നത്. നിങ്ങളുടെ ഇടവകകളിലെ എത്ര കുടുംബങ്ങളിൽ, നിങ്ങളുടെ ഇടവകാംഗങ്ങളിൽ എത്രപേരുടെ ഹൃദയങ്ങളിൽ ക്രിസ്തു ഒരു ജീവിതയാഥാർത്ഥ്യമായി നിലകൊള്ളുന്നുണ്ട്? എത്ര പേർ ആത്മാർത്ഥമായി അവിടുത്തോട് പ്രാർത്ഥിക്കുന്നുണ്ട്? അവിടുത്തെക്കൊണ്ട് എത്രപേർ പരിപോഷിപ്പിക്കപ്പെടുന്നുണ്ട്? അങ്ങിലും അങ്ങുവഴിയായും ജീവിക്കുന്നവർ എത്ര പേരുണ്ട്?

“ഒരുവിധത്തിൽ, ഏറക്കുറെ എല്ലാവരും അവിടുത്തെ വിശ്വസിക്കുന്നവരാണെന്നുള്ളതു വാസ്തവമാണ്. മാമ്മോദീസായും പ്രഥമ ദിവ്യകാരുണ്യസ്വീകരണവും നടത്തിയിട്ടുള്ളവരാണ് മിക്കവരും. ദേവാലയത്തിൽവച്ചു അവർ വിവാഹിതരായിട്ടുണ്ട്. അവസാനത്തിൽ അന്ത്യകൂദാശകൾ സ്വീകരിച്ചുമരിക്കുന്നതിനും സഭയുടെ ക്രമമനുസരിച്ച് സംസ്കരിക്കപ്പെടുന്നതിനും അവർക്കാഗ്രഹമുണ്ട്.

“എന്നാൽ തീക്ഷ്ണമതികളായ കത്തോലിക്കരുടെ കുറെ ഏറെ വിപുലമായ ഒരു വിഭാഗത്തെ ഒഴിച്ചാൽ നിർമ്മതരബുദ്ധികളോ, നിഷ്പക്ഷമതികളോ, ചിലപ്പോൾ വിദ്വേഷമനോഭാവമുള്ളവരോ ആയി വളരെപ്പേരുണ്ട് എന്നതു് നിഷേധിക്കുവാൻ സാദ്ധ്യമല്ല. ഇക്കൂട്ടരെപ്പററി നാംതന്നെ നിരന്തരമായ വ്യഥ അനുഭവിക്കുന്നതുകൊണ്ട്, നിങ്ങളുടെ ഹൃദയങ്ങളിൽ അവരെക്കുറിച്ചുള്ള വ്യഥ നമുക്കു നന്നായി മനസ്സിലാക്കുവാൻ സാധിക്കും. നിങ്ങളുടെ ദൈഹികവേലയിൽ ഇവരെയെല്ലാം എങ്ങനെയാണ് സമീപിക്കേണ്ടതു്; ജീവന്റെ ഉറവയിലേക്ക് ഇവരെയെല്ലാം അടുപ്പിക്കുന്നതിനുള്ള മാർഗ്ഗമെന്ത്?നി

ങ്ങളുടെ ഈ അപ്പസ്തോലികജോലിയിൽ, അതിവിസ്തൃതവും അതിസങ്കീർണ്ണവുമായ അതിന്റെ പ്രാരബ്ധങ്ങളുടെ മദ്ധ്യത്തിൽ വിഷാദമനോഭാവത്തോടുകൂടി ദിവ്യനാഥന്റെ വാക്കുകൾ നിങ്ങളും ഇതുവിട്ടുപോകുന്നുണ്ടാവാം:— "കൊയ്ത്തു വിപുലമാണ്; എന്നാൽ വേലക്കാർ വിരളമായിരിക്കുന്നു" (വിശുദ്ധമത്തായി IX-37) ഞങ്ങൾ കുറെ വൈദികരുണ്ട്. ഞങ്ങൾ വേല നിറുത്തുകയോ വിശ്രമിക്കുകയോ ചെയ്യുന്നില്ല. പക്ഷെ ഞങ്ങൾക്കെന്തു ചെയ്യാൻ കഴിയും? ഞങ്ങളുടെ സൂക്ഷത്തിനേല്പിക്കപ്പെട്ടിട്ടുള്ള അനേകായിരം ആത്മാവുകളുടെയും ദൈവത്തിന്റെയും ഇടയ്ക്കു മദ്ധ്യസ്ഥത നിർവ്വഹിക്കുന്നതിന് ഞങ്ങൾക്കെങ്ങനെ സാദ്ധ്യമാവും? ആദ്ധ്യാത്മികമായി വളരെ പിന്നോക്കം നില്ക്കുന്ന ചില രംഗങ്ങളുണ്ട്. ഞങ്ങൾക്കവിടെ എത്തിനോക്കുന്നതിനുപോലും കഴിവില്ല. ആരെത്തേടി ഞങ്ങളവിടെ എത്തിച്ചേരുന്നുവോ അവർക്കുതന്നെ ഞങ്ങളുടെ സാന്നിദ്ധ്യം അത്ഭുതകാരണമായി തോന്നുന്നു; വിദ്വേഷജന്യമെന്നും വേണമെങ്കിൽ പറയാം. എങ്ങനെയാണ് ഞങ്ങളവിടെ പോകുക?

"എന്നാൽ ഈവിധ ചുററുപാടുകളിലും, നിങ്ങളുടെ ഇടവകയിലുള്ള എല്ലാ ആത്മാവുകളുടെയും ഇടയന്മാരാണ് നിങ്ങളെന്നു നിങ്ങൾക്കറിയാം: "കർത്താവേ, ആത്മാക്കളുടെ രക്ഷയെപ്രതി എനിക്കു ചെയ്യാമായിരുന്നതെല്ലാം ഇന്നു ഞാൻ ചെയ്തിട്ടുണ്ട്" എന്നു എളിമയോടും ആത്മാർത്ഥതയോടും കൂടി ഏററുപറയുന്നതിന് സാധിക്കുന്നതുവരെ നിങ്ങൾക്കു രാത്രിയിൽ സമാധാനമായി വിശ്രമിക്കുവാൻ സാദ്ധ്യമല്ല.

"3. എങ്കിലും, സ്നേഹമുള്ള മക്കളേ, നിങ്ങളിൽനിന്നു ഏററം അകന്നിരിക്കുകയോ, ഏററം ഭിന്നിച്ചുനില്ക്കുകയോ ചെയ്യുന്നവരേയും അവർക്കുവേണ്ടിയുള്ള നിങ്ങളുടെ പ്രാർത്ഥനകളാലും ത്യാഗകൃത്യങ്ങളാലും നിങ്ങൾക്കു സമീപിക്കുന്നതിനു സാധിക്കുമല്ലോ. നിങ്ങളുടെ സൂക്ഷത്തിനേല്പിക്കപ്പെട്ടിരിക്കുന്ന അവരുടെമേൽ ധാരാളമായ അനുഗ്രഹവർഷമുണ്ടാകുന്നതിനായി നിങ്ങളുടെ ഇടവകയിലെ ബാലവൃദ്ധരേയും രോഗികളേയും ഒരു യുദ്ധത്തിനായി സംഘടിപ്പിക്കാൻ നിങ്ങൾക്കു കഴിയും. പ്രത്യേകിച്ച് എല്ലാ ദിവസവും എല്ലാവർക്കുംവേണ്ടി വിശുദ്ധ കുർബാനയാകുന്ന ദിവ്യബലി നിങ്ങൾക്കർപ്പിക്കുവാൻ സാധിക്കും. ആദ്ധ്യാത്മികമായ ഈ ദാനങ്ങളുടെ ഫലപ്രദമായ ശക്തിയെ തികച്ചും വിലമതിക്കാതിരിക്കുവാൻ നമുക്കു സാദ്ധ്യമല്ല. പക്ഷെ, നിത്യരക്ഷയുടെ ഇന്നത്തെ വ്യവസ്ഥിതിയിൽ ഒരു വിഷമപ്രശ്നം പിന്നേയും അവശേഷിക്കുന്നു: "അവർ കേട്ടിട്ടില്ലാത്ത ഒരാളിൽ അവർ എങ്ങനെ വിശ്വാസം അർപ്പിക്കും; ഒരു പ്രസംഗകനെക്കൂടാതെ അവർ എങ്ങനെ കേൾക്കും?" (റോമാക്കാർ: X: 14)"

## അൽമായ പ്രേഷിതത്വം

"4. പ്രിയമക്കളേ, ഇതിൽനിന്നു സ്വാഭാവികമായി അനുമിക്കേണ്ടിയിരിക്കുന്നതിതാണ്. നിങ്ങളുടെ ശക്തിയും കഴിവുകളും വർദ്ധിപ്പിക്കുന്നതിനു കെല്പുള്ളവരും നിങ്ങൾക്ക് പ്രവേശിക്കുന്നതിന് സാധിക്കാത്ത സ്ഥലങ്ങളിൽ നിങ്ങൾക്കുപകരം പ്രവർത്തിക്കുന്നതിനു സന്നദ്ധതയുള്ളവരുമായ സഹകാരികളെ നിങ്ങൾ കണ്ടുപിടിക്കണം; അവരുടെ സഹായം നിങ്ങൾക്കത്യാവശ്യമാണ്. അതുകൊണ്ട് അത്മായവിഭാഗത്തിന്റെ പ്രേഷിതത്വം എത്രമാത്രം പ്രാധാന്യമുള്ളതാണെന്നു വിശദമാകുന്നുണ്ടല്ലോ. അതു നന്മ ചെയ്യുന്നതിൽ എത്ര പ്രബലമായ ഒരു ശക്തികേന്ദ്രമാണെന്ന് നിങ്ങൾക്കു അനുഭവത്തിൽനിന്നും ബോദ്ധ്യമായിരിക്കണം.

"നമ്മുടെ കർത്താവ് ഇന്നും അവിടത്തെ തിരുസഭയെ അവളുടെ ആവശ്യങ്ങളിൽ സഹായിച്ചുകൊണ്ടാണിരിക്കുന്നതു്. നമ്മുടെ ദേവാലയഗോപുരങ്ങൾക്കു ചുററും അവിടവിടെയായി മിഷൻ രംഗങ്ങൾ അഭിവൃദ്ധിപ്പെട്ടുവരുന്നുണ്ട്. അതുകൊണ്ട് പുണ്യപൂർണ്ണതയിലേക്കും വേദപ്രചാരാസക്തിയിലേക്കും വിളിക്കപ്പെട്ടവരായ അൽമായജനങ്ങളെപ്രതി നാം ദൈവത്തോട് കൃതജ്ഞതയുള്ളവരായിരിക്കണം. ആത്മാക്കളുടെ സംരക്ഷണജോലിയിൽ വൈദികരെ സഹായിക്കുന്നതിന് സന്നദ്ധരായി കത്തോലിക്കാസംഘടനകളുടെ അംഗങ്ങളായും അല്ലാതേയും ഉദാരമനസ്കരായ അൽമായരെ കണ്ടെത്തുന്നതിനു ഇന്നു വിഷമമില്ല.

"5. അതുകൊണ്ട് അങ്ങനെയുള്ളവരെ കണ്ടുപിടിക്കേണ്ടതും ശരിയായ ശിക്ഷണം നൽകി അവരെ പ്രയോജനപ്പെടുത്തേണ്ടതുമാണ് ആവശ്യം.

"a) അങ്ങിനെയുള്ളവർ എത്രപേരുണ്ടാകുമെന്നും, അവർ എവിടെയെല്ലാമാണെന്നും, അവർക്കു എന്തെല്ലാം ചെയ്യാൻ കഴിയുമെന്നും, എവിടെയെല്ലാം അവരെ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുമെന്നും കണ്ടുപിടിക്കുക. കത്തോലിക്കാപ്രവർത്തനത്തിലെ അംഗങ്ങളിൽ പ്രത്യേകം ആശ്രയിക്കുക. അതിന്റെ ചതുർവിധശാഖകളും ഓരോ ഇടവകയിലും സ്ഥാപിതമായിക്കാണുവാൻ നാം അത്യധികം അഭിലഷിക്കുന്നു. അതോടൊന്നിച്ചു മററു സംഘടനകളേയും അണിനിരത്തുക. സംഘടനകളിൽ ചേരാൻ ഇഷ്ടപ്പെടാത്തവരും, എന്നാൽ ഓരോ പ്രത്യേകകാര്യങ്ങളിലും തീക്ഷ്ണതാപൂർവ്വകമായ പ്രവർത്തനങ്ങളിലും അവരുടെ സേവനം നൽകുന്നതിനു സന്നദ്ധരുമായ മററുള്ളവരേയും ഒരിക്കലും അവഗണിക്കരുത്.

"b) സഹായകരെ കണ്ടുപിടിച്ചു കഴിഞ്ഞാൽ അവരെ ശരിയായി പരിശീലിപ്പിക്കണം. ഇവിടെ ഒരു കാര്യം പ്രത്യേകം ഓർമ്മിക്കണം: സഹപ്രവർത്തകരെ പരിശീലിപ്പിക്കുന്നതിനു വ്യയം ചെയ്യുന്ന സമയം ഒരിക്കലും നഷ്ടപ്പെടുന്ന സമയമല്ല. പ്രേഷിതവേലയിൽ നിങ്ങളെ സഹായിക്കുന്നവർ ഒരിക്കലും ഒരുഭാരമായി നിങ്ങൾ കരുതരുതു്. പറക്കുന്നതിനു സഹായിക്കുന്ന ചിറക് അതിൽത്തന്നെ ഭാരമുള്ളതാണെങ്കിലും അതിന്റെ ഭാരത്തെപ്പററി ആരും പരിഭവിക്കാറില്ലല്ലോ. മാനുഷികമായ അവരുടെ സംസ്കരണം തീർച്ചയായും അവഗണിക്കപ്പെടരുതു്. എന്തുകൊണ്ടെന്നാൽ സ്വാഭാവികമായ ഗുണങ്ങളുടെ പരിപൂർണ്ണമായ വികസനം, പുണ്യപരിപൂർണ്ണതയുടെ ഔന്നത്യത്തെ പ്രാപിക്കുന്നതിനു ഒരിക്കലും എതിരാകയില്ലെന്നു മാത്രമല്ല, അപ്പസ്തോലികപ്രവർത്തനത്തെ അതു കൂടുതൽ എളുപ്പവും ഫലദായകവുമാക്കുകയും ചെയ്യും.

"നിങ്ങളുടെ സഹകാരികളുടെ ബുദ്ധിപരമായ സംസ്കരണത്തിൽ നിങ്ങൾക്കു പ്രത്യേകംശ്രദ്ധയുണ്ടാകണം. മതത്തെപ്പററി അവഗാഢമായ അറിവു നൽകിക്കൊണ്ട് അവരിൽ തെളിവായ ആശയങ്ങൾ സൃഷ്ടിക്കണം. ചന്തസ്ഥലങ്ങളിലും, ആപ്പീസ്സുകളിലും, വ്യവസായശാലകളിലും, തെരുവുകളിലും എവിടെയും ഇന്ന് സർവ്വസാധാരണയായി സഭാതത്വങ്ങൾക്കെതിരായ ആരോപണങ്ങൾ സുലഭമായി കേൾക്കാം. അതുകൊണ്ട് തിരുസ്സഭയ്ക്കുവേണ്ടി വാദിക്കുന്നതിനും ജനതയെ പ്രകാശിപ്പിക്കുന്നതിനും ഇന്നു പരസ്യമായ പ്രസംഗവേദികളിൽ പോലും പ്രസംഗിക്കുന്നതിനു കഴിവുള്ള ആളുകൾ വളരെ ആവശ്യമാണ്.

"എന്നാൽ എല്ലാററിലും ഉപരിയായി അവരുടെ ആദ്ധ്യാത്മികമായ സംസ്കരണത്തിൽ ശ്രദ്ധിക്കുവിൻ. അവർ ക്രിസ്തുവിനെ ധരിക്കട്ടെ; ക്രിസ്തുവിനാൽ പോഷിപ്പിക്കപ്പെടട്ടെ; അവരുടെ വിചാരങ്ങളിലും, അഭിലാഷങ്ങളിലും, ആഗ്രഹങ്ങളിലും വാക്കുകളിലും, പ്രവൃത്തികളിലും അവർക്കു ശരിയായ പ്രചോദനം ലഭിക്കത്തക്കവണ്ണം മിശിഹായുടെ ദിവ്യഹൃദയം അവരുടെ മാതൃകയായിത്തീരട്ടെ. അവരുടെ ഹൃദയങ്ങളെ അവർ മിശിഹായിലും അവിടത്തെ സ്വർഗ്ഗീയ അമ്മയായ മറിയത്തിന്റെ തൃക്കരങ്ങളിലും നിക്ഷേപിക്കട്ടെ.

## പ്രവർത്തനസരണി

"c) അടുത്തതായി അവരെ നിങ്ങൾ ഉപയോഗപ്പെടുത്തണം. അവരിൽ ചിലർ ചില പ്രത്യേക ആവശ്യങ്ങൾ—ആത്മീയവും ശാരീരികവുമായആവശ്യങ്ങൾ—നിങ്ങൾക്കു കാണിച്ചുതരും; വൈദികരുടെ സമീപനത്തിനു തികച്ചും ദുഷ്പ്രാപ്യമായ ഒരു ഹൃദയകവാടം വേറെ ചിലർ നിങ്ങൾക്കു തുറന്നുതരും; നിങ്ങൾക്കുപകരം അവശർക്കു സഹായം നൽകുന്നതിനും, രോഗികളെ സന്ദർശിക്കുന്നതിനും, സങ്കടമനുഭവിക്കുന്നവരോട് സഹതപിക്കുന്നതിനും, സന്തോഷിക്കുന്നവരുടെ സന്തോഷത്തിൽ പങ്കുകൊള്ളുന്നതിനും മററുചിലർ സന്നദ്ധരായിരിക്കും. നിങ്ങൾക്കു കുട്ടികളെ വേദപാഠം പഠിപ്പിക്കാൻ സഹായികളെ വേണം; വ്യവസായശാലകളിലും, സ്കൂളുകളിലും, തൊഴിലാളിസദനങ്ങളിലെ മുറികളിലും പ്രേഷിതവേല നടത്തണം. ഇവിടെയെല്ലാം വെറും സാന്നിദ്ധ്യം മാത്രമല്ല പ്രവർത്തനംതന്നെ ആവശ്യമാണ്. അതുകൊണ്ടു പ്രേഷിതവേലയിൽ ഏർപ്പെടുന്ന അൽമായരുടെ ഒരു സംഘംതന്നെ നിങ്ങളുടെ മാർഗ്ഗദർശകത്വത്തിലും അനുഗ്രഹാശിസ്സുകളോടുംകൂടിയും സമാരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ചിലരെ കണ്ടുപിടിക്കണം. അവരുടെ പ്രവർത്തനത്തിന്റെ ലക്ഷ്യം അവർക്കു ചൂണ്ടിക്കാണിച്ചുകൊടുക്കുന്നതിൽ വളരെ നിർബന്ധംവയ്ക്കുക. അതിന്റെ സാഫല്യത്തിനുവേണ്ടി പരിശ്രമിക്കുന്നതിൽ നിരന്തരമായ പ്രോത്സാഹനം അവർക്കു നൽകുക. അവർക്ക് കല്പന പുറപ്പെടുവിക്കുന്നതിനുള്ള ഒരു രംഗമല്ല ഇതെന്നു വിശദമാണല്ലോ; എന്നാൽ വെറും ആജ്ഞാനുവർത്തികളായി തരംതാഴുന്ന ഒരു രംഗവുമല്ല ഇതു്. അതുകൊണ്ട് ആവേശഭരിതവും ഫലദായകവുമായ സംരംഭങ്ങൾക്കായുള്ള പ്രവണതകളെ പ്രായോഗികമാക്കുന്നതിനുവേണ്ട അവസരങ്ങൾ അവർക്കു നൽകുക. തൻമൂലം അവർ കൂടുതൽ സൗഭാഗ്യവാന്മാരും, ഉന്മേഷഭരിതരും, നിങ്ങളോടു സഹകരിക്കുന്നതിനു സന്നദ്ധരും ആയിത്തീരും.

"പ്രിയമക്കളേ, നിങ്ങളുടെ ശ്ലൈഹികമായ ജോലിയെപ്പററി, വിഷമകരവും ദുർഘടപൂർണ്ണവുമായ ഈ സമയത്തു നിങ്ങളെ അനുസ്മരിപ്പിക്കണമെന്നു നാമുദ്ദേശിച്ച കാര്യം ഇതാണ്. ധാരാളമായ ദൈവാനുഗ്രഹങ്ങൾക്കായി നാം പ്രാർത്ഥിക്കുകയും ഹൃദയാന്തർഭാഗത്തുനിന്നും ശ്ലൈഹികമായ ആശീർവ്വാദം നിങ്ങൾക്കു തരികയും ചെയ്യുന്നു."

പരിശുദ്ധപിതാവിന്റെ ഹൃദയസ്പൃക്കായ ഈ സന്ദേശം വൈദികരും അൽമായരും ഇന്നത്തെ പ്രതിസന്ധിഘട്ടത്തിൽ എങ്ങനെ അവരുടെ കർത്തവ്യനിർവ്വഹണം സാധിക്കണമെന്നു സ്പഷ്ടമായി കാണിച്ചുതരുന്നു. ഈ സന്ദേശത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ആശയഗതികളേയും പ്രവർത്തനസാദ്ധ്യതകളേയും നിയന്ത്രിച്ചു ക്രിസ്തുവിന്റെ ദിവ്യാഭിലാഷങ്ങൾ ലോകത്തിൽ സാക്ഷാൽക്കരിക്കുന്നതിനു ശ്രമിക്കുകയാണെങ്കിൽ അതു നമ്മുടെ അധഃപ്പതനത്തിനു പ്രതിവിധിയും പുരോഗതിക്കും വിജയത്തിനും നിദാനവുമായിരിക്കും. ശത്രുവിന്റെ കുടിലതന്ത്രങ്ങൾ തൻമൂലം വിഫലമാകുകയും നമ്മുടെ വഞ്ചിതരായ സഹോദരലക്ഷങ്ങൾക്കു മററു രാജ്യങ്ങളിൽ വന്നുഭവിച്ച ദുരന്തദുരിതങ്ങൾ നമുക്കു സംഭവിക്കാതിരിക്കുകയുംചെയ്യും. പ്രബുദ്ധമായ ഈ പ്രവർത്തനരീതി നമുക്കവലംബിക്കാം.

# പ്രസാധകക്കുറിപ്പുകൾ

### തിരുക്കൊച്ചിയെ ഭരിക്കാൻ പി. എസ്. പി. മന്ത്രിസഭ

തിരു-കൊച്ചിയിലെ ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസിനെതിരായി മത്സരിച്ച ഇടതുപക്ഷഐക്യമുന്നണിയിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയും ആർ. എസ്. പി. യും, കെ. എസ്. പി. യും ആണല്ലോ ഉള്ളതു്. ഈ മുന്നണിയിൽ നേതൃത്വം വഹിക്കുന്നതു് കമ്മ്യൂണിസ്റ്റ് പാർട്ടിയാണല്ലോ. മൂന്നും കൂടി മാത്രം മത്സരിച്ചാൽ ഭൂരിപക്ഷം കിട്ടുകയില്ലെന്നും തിരു-കൊച്ചി ഭരണം കരസ്ഥമാക്കുവാൻ സാധിക്കുകയില്ലെന്നും മനസ്സിലാക്കി അവർ പി. എസ്. പി. യെ കൂട്ടുപിടിച്ചു. അങ്ങനെ നാലു പാർട്ടികളും കമ്മ്യൂണിസ്റ്റ് സഹയാത്രക്കാരായ സ്വതന്ത്രന്മാരും കൂടുമ്പോൾ ഭൂരിപക്ഷമുണ്ടാകുമെന്നും ഭരണാധികാരം കരസ്ഥമാക്കാൻ കഴിയുമെന്നും അവർ പ്രതീക്ഷിച്ചു. തെരഞ്ഞെടുപ്പിന്റെ ഫലം ആ പ്രതീക്ഷയെ ഏതാണ്ടു യഥാർത്ഥീകരിക്കുകയും ചെയ്തു. തദനുസരണം ഐ. മു വിന്റെ പാർലമെന്ററി ലീഡറായി കമ്മ്യൂണിസ്റ്റ് നേതാവായ മി. ടി. വി. തോമസ് തെരഞ്ഞെടുക്കപ്പെട്ടു. ഐ. മു. മന്ത്രിസഭ രൂപീകരിച്ചാൽ പി. എസ്. പി. അതിൽ ചേരുകയില്ലെങ്കിലും പി. എസ്. പി. യുടെ പിൻതുണ ലഭിക്കുമെന്ന് ഉറപ്പുവരുത്തി. അതിനുശേഷം തങ്ങൾ മന്ത്രിസഭ രൂപീകരിക്കാൻ തയ്യാറാണെന്ന് ഐ. മു. പാർലമെന്ററി ലീഡർ രാജപ്രമുഖൻ തിരുമേനിയെ അറിയിച്ചു. അങ്ങനെ തങ്ങളുടെ ആഗ്രഹം നിറവേറാൻ പോകയാണെന്ന് ഐ. മു. വ്യാമോഹിച്ച നിമിഷത്തിലാണ് പി. എസ്. പി. ഐ. മു. മന്ത്രിസഭയ്ക്കു പിൻതുണ നൽകരുതെന്ന് നാഷനൽ എക്സിക്യൂട്ടീവ് ചെയർമാൻ മി. കൃപലാനിയുടെ നിർദ്ദേശം വന്നതു്. ഗത്യന്തരമില്ലാതെ പി. എസ്. പി. തനിച്ച് മന്ത്രിസഭ രൂപീകരിക്കാൻ സന്നദ്ധമായി. ആ മന്ത്രിസഭയ്ക്കു കോൺഗ്രസ് പാർട്ടി പാട്ടുള്ള പിൻതുണ പുറമേനിന്ന് നൽകാമെന്ന് ഉറപ്പുകൊടുത്തു. തൽഫലമായി തിരുകൊച്ചിയിൽ പി. എസ്. പി. മന്ത്രിസഭ രൂപീകരിക്കപ്പെട്ടു.

### ഐ. മു. ലീഡറുടെ ഇച്ഛാഭംഗം

തിരുക്കൊച്ചിയിലെ ഗവർമ്മെൻറു രൂപീകരണം ഈ വിധത്തിൽ പരിണമിച്ചതു് ഐ. മു. പാർട്ടികൾക്ക് പൊതുവിലും അവയുടെ നേതൃത്വം വഹിക്കുന്ന കമ്മ്യൂണിസ്റ്റ്പാർട്ടിക്കു പ്രത്യേകിച്ചും ഏററവും വലിയ ഇച്ഛാഭംഗത്തിനു കാരണമായെന്ന് സ്പഷ്ടമാണല്ലോ. ആ മനോഭാവം അവർ തുടരെത്തുടരെ ഒററയ്ക്കും കൂട്ടമായും പ്രസ്താവനകൾവഴി പ്രകാശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇച്ഛാഭംഗം അധികാരത്തിൽ കടന്നുകൂടാൻ കോപ്പുകൂട്ടി മുൻപോട്ടു വന്ന ആ പാർട്ടികളുടെ നേതാക്കന്മാർക്കാണെങ്കിലും പതിവനുസരിച്ച് ആ വസ്തുത അവർ മറച്ചുവയ്ക്കുകയും "ജനങ്ങളുടെ" പേർ പറഞ്ഞുകൊണ്ട് പി എസ് പി യുടെയും കോൺഗ്രസ് പാർട്ടിയുടെയുംമേൽ ശകാരങ്ങൾ വർഷിക്കുകയുമാണ് ചെയ്യുന്നതു്. ഐ മു. പാർട്ടിനേതാവായ മി. ടി. വി തോമസ് മാർച്ച് 16-ാംതീയതി പ്രസ്താവിച്ചതു് കേട്ടാലും: "പ്രജാസോഷ്യലിസ്റ്റ് പാർട്ടി ഇന്നു തിരുക്കൊച്ചിയിലെ ജനങ്ങളെ വഞ്ചിക്കുകയാണ് ചെയ്തിരിക്കുന്നതു്. കമ്മ്യൂണിസ്റ്റുകാർ പി. എസ്. പി. യെ ധൃതരാഷ്ട്രാലിംഗനം ചെയ്യുന്നുവെന്ന് തെരഞ്ഞെടുപ്പുകാലത്തു പറഞ്ഞുനടന്ന പനമ്പിള്ളി ഗോവിന്ദമേനോൻ ഇപ്പോൾ ധൃതരാഷ്ട്രാലിംഗനം ചെയ്തു പി. എസ്. പി. യെ നശിപ്പിക്കാൻ ശ്രമിക്കുകയാണ്."

ഐക്യമുന്നണിയുടെ നാമത്തിൽ പല ചെറിയ പാർട്ടികളെ കൂട്ടുപിടിച്ച് മന്ത്രിസഭ രൂപീകരിക്കുകയും, ക്രമേണ ആ പാർട്ടികൾ ഓരോന്നിനേയും അധികാരത്തിൽനിന്ന് പുറംതള്ളി സ്വേച്ഛാധിപത്യം നടപ്പിലാക്കുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സമ്പ്രദായം മററു രാജ്യങ്ങളിലെന്നപോലെ തിരുക്കൊച്ചിയിൽ പ്രയോഗിക്കുവാൻ സാധിക്കാഞ്ഞതിൽ ഇച്ഛാഭംഗമുണ്ട് എന്നു മാത്രമേ ഈ വാക്കുകൾക്കു യഥാർത്ഥത്തിൽ അർത്ഥമുള്ളു.

### കമ്മ്യൂണിസ്റ്റ്ഡിവിഷൻ കമ്മററിയുടെ ശാപവാക്യം

പി. എസ്. പി. യോടുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രോഷവും ദ്വേഷവും കമ്മ്യൂണിസ്റ്റ്പാർട്ടി കൊല്ലം ഡിവിഷൻകമ്മിററി ഒരു പ്രമേയം പാസ്സാക്കി മാർച്ച് 17-ാംതീയതി പ്രകാശിപ്പിച്ചു.


"ജനങ്ങളുടെ താല്പര്യത്തിനുവേണ്ടി ജനങ്ങളോടൊത്തുനിന്ന് സമരം ചെയ്യുന്ന പാർട്ടികളേയും സംഘടനകളേയും പ്രസ്ഥാനങ്ങളേയും തെരഞ്ഞെടുപ്പുകാലത്ത് അവർ ഊട്ടിവളർത്തിയ ഐക്യശക്തികളേയും വഞ്ചിച്ചുകൊണ്ടും, അപഹസിച്ചുകൊണ്ടും, ജനങ്ങൾ പുറംതള്ളിയ ജനശത്രുവായ കോൺഗ്രസിനെ കെട്ടിപ്പുണർന്നുകൊണ്ടും നിഗൂഢമാർഗ്ഗങ്ങളിൽക്കൂടി പി. എസ്. പി. നേതൃത്വം അധികാരത്തിൽ പ്രവേശിച്ചിരിക്കുന്നു. ജനങ്ങളെ വഞ്ചിച്ചവർക്കു ചരിത്രം മാപ്പുനൽകിയിട്ടില്ല. ചരിത്രത്തിന്റെ ആ വിധി പി എസ്. പി. നേതൃത്വത്തേയും കാത്തുനില്ക്കുന്നു. ഈ രാജ്യത്തെ ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളെ വഞ്ചിച്ചുകൊണ്ട് പി. എസ്. പി. നേതൃത്വം കോൺഗ്രസിന്റെ മാപ്പുസാക്ഷിയായി മാറിയിരിക്കുന്നു. അങ്ങനെ ജനങ്ങളുടെ വിധിക്കെതിരായി കോൺഗ്രസ് ഭരണത്തെ വീണ്ടും നിലനിർത്തുവാനുള്ള വഞ്ചനനിറഞ്ഞ ഗൂഢാലോചനയുടെ ഫലം ആണ് ഇന്നിവിടെ രൂപമെടുത്തിട്ടുള്ള പി. എസ്. പി. മന്ത്രിസ

ഭ. ജനങ്ങൾക്കെതിരായ ഈ ഗൂഢാലോചനയെ എതിർത്തു പരാജയപ്പെടുത്തുവാനും, പി. എസ്. പി. നേതൃത്വം സൃഷ്ടിച്ച ഈ അസാന്മാർഗ്ഗികപാരമ്പര്യത്തെ നമ്മുടെ രാഷ്ട്രീയരംഗത്തുനിന്നു് തുടച്ചുനീക്കുന്നതിനും, നീറുന്ന നിരവധി ജീവിതപ്രശ്നങ്ങളുടെ പരിഹാരത്തിനുവേണ്ടിയും നമ്മുടെ ജനതതി വിട്ടുവീഴ്ചയില്ലാതെ സമരംചെയ്യുമെന്നു് ഞങ്ങൾക്കുറപ്പുണ്ടു്.”

ജനവഞ്ചന, ഗൂഢമാർഗ്ഗം, ജനദ്രോഹം, അസാന്മാർഗ്ഗികപാരമ്പര്യം എന്നൊക്കെ ഇവിടെ കോരിച്ചൊരിഞ്ഞിരിക്കുന്ന അപഹാസ്യങ്ങളായ ആരോപണങ്ങൾ വാസ്തവത്തിൽ പാറുന്നതു് കമ്മ്യൂണിസ്റ്റ്പാർട്ടിക്കാണല്ലോ. അവർ അധികാരം പിടിച്ചെടുത്തിരിക്കുന്ന തെക്കുകിഴക്കൻ യൂറോപ്യൻരാജ്യങ്ങളിലെയും സോവ്യററു യൂണിയനോടു കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്ന ബാൾട്ടിക്ക് രാജ്യങ്ങളിലെയും അടുത്തകാലസംഭവങ്ങൾ ഈ യാഥാർത്ഥ്യം വിളിച്ചുപറയുന്നുണ്ടു്.

## കമ്മ്യൂ. പൊളിററ്ബ്യൂറോയുടെ ദുഷ്പ്രവചനം

ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പൊളിററ്ബ്യൂറോ മാർച്ച് 17-ാം തീയതി ചെയ്ത പ്രസ്താവനയിൽ പി. എസ്. പി. ഗവമ്മെൻറ് നീണ്ടുനില്ക്കുകയില്ലെന്നു് പ്രവചിച്ചിരിക്കുന്നു. അതിൻെറ കാരണം ചൂണ്ടിക്കാണിച്ചിരിക്കുന്നതു് ഇങ്ങനെയാണു്. “ആ ഗവമ്മെൻറ് ജനങ്ങളുടെ ഗവമ്മെൻറല്ല, പി. എസ്. പി ഗവമ്മെൻറാണെന്നും പറയാവുന്നതല്ല. കോൺഗ്രസ്സ് ആ ഗവമ്മെൻറിൽ ഇല്ലെങ്കിലും യഥാർത്ഥത്തിൽ കോൺഗ്രസ്സ്—പി. എസ്. പി സംയുക്തഗവമ്മെൻറാണതു്. ആ കൂട്ടുകെട്ടിൽ ആധിപത്യമുള്ളതു് കോൺഗ്രസിനാണു്. ഇങ്ങനെയുള്ള ഗവമ്മെൻറ് രൂപീകരിച്ചതുകൊണ്ടു് പി. എസ്. പി. നേതൃത്വത്തിനു് ജനങ്ങളുടെ അഭിപ്രായത്തോടുള്ള വിദ്വേഷപരമായ അലംഭാവം വ്യക്തമായിരിക്കുന്നു. പി. എസ്. പി. നേതാക്കന്മാർ തങ്ങളുടെ വിജയത്തിൽ സ്വയം അഭിനന്ദിക്കുകയും, വളരെ സമർത്ഥമായി തങ്ങൾ ചരടുപിടുത്തം നടത്തിയെന്നു് വിചാരിക്കുകയും ചെയ്യാവുന്നതാണു്. എന്നാൽ എല്ലാ തത്വങ്ങളേയും ബലികഴിച്ചും, ബഹുജനങ്ങളുടെ താല്പര്യങ്ങളെ വിലയ്ക്കു കൊടുത്തും നേടിയിട്ടുള്ള വിജയം അധികകാലം നീണ്ടുനില്ക്കുകയില്ല. കോൺഗ്രസിൻെറ കൂട്ടുകാരേയും ശിങ്കിടികളേയും നേരിടേണ്ടതു് എങ്ങനെയെന്നു കോൺഗ്രസിനെ തോല്പിച്ച ജനങ്ങൾക്കറിയാം.”




ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

സി. വി. ജോസഫ്,
നെമ്മിനി

തങ്ങളോടു് കൂട്ടുകൂടുന്നവരിൽ ആധിപത്യം സ്ഥാപിക്കുവാനുള്ള ചരടുപിടുത്തത്തിൽ വിദഗ്ദ്ധന്മാരായ കമ്മ്യൂണിസ്റ്റ്പാർട്ടി ആർ. എസ്. പി. യോടും കെ. എസ്. പി. യോടും പി. എസ്. പി. യോടും യോജിച്ചുകൊണ്ടുള്ള ഗവമ്മെൻറ് സ്ഥാപിക്കാമെന്നും, അതിൽ ആധിപത്യം ക്രമേണ വഹിച്ചുകൊള്ളാമെന്നും പ്രതീക്ഷിച്ചിരുന്നു. ആ പ്രതീക്ഷയ്ക്കു് പി. എസ്. പി. യുടെ തനിച്ചുള്ള മന്ത്രിസഭാരൂപീകരണം ഉടവുവരുത്തിയതിലുള്ള കൈപ്പേറിയ ഇച്ഛാഭംഗമാണു് പി. എസ്. പി. ഗവമ്മെൻറ് കോൺഗ്രസ്—പി. എസ്. പി. സംയുക്തഗവമ്മെൻറാണെന്നും അതു നീണ്ടുനില്ക്കുകയില്ലെന്നും മററുമുള്ള ദുഷ്പ്രവചനത്തിൽ അടങ്ങിയിരിക്കുന്നതു്

## ആർ. എസ്. പി. യുടെ ശകാരം

ആർ. എസ്. പി. യുടെ തിരുവനന്തപുരം ഡിസ്ട്രിക്ട് കമ്മിററി പാസ്സാക്കിയ പ്രമേയത്തിലും പി. എസ്. പി. മന്ത്രിസഭയെ കണക്കിനു ശകാരിച്ചിട്ടുണ്ടു്.

പി. എസ്. പി. മന്ത്രിസഭ രൂപീകരിച്ചതിനോളം “കരിപുരണ്ട ഒരു രാഷ്ട്രീയവഞ്ചന തിരുകൊച്ചിയുടെ ചരിത്രത്തിൽ ഇന്നോളമുണ്ടായിട്ടില്ല. ഒരു ഇടതുപക്ഷമന്ത്രിസഭാസൽഭരണം ഉദയംചെയ്യുന്നതു് കാണുവാൻ കൊതിച്ചു ഇന്നാട്ടിലേയും മറുനാട്ടിലേയും ലക്ഷോപലക്ഷം ജനങ്ങൾ കണ്ണുകൊണ്ടു കണ്ടതു് മിർജാഫറിനെപ്പോലെ ശത്രുപക്ഷത്തേക്കു തെന്നിമാറിയ പി. എസ്. പി. യുടെ രാഷ്ട്രീയവഞ്ചനയാണു്. പ്രജാസോഷ്യലിസ്റ്റ്പാർട്ടിയുടെ ഈ ചതിപ്രയോഗത്തിൽ (ഞങ്ങൾ) അങ്ങെയററം പ്രതിഷേധിക്കുന്നു. ഈ രാഷ്ട്രീയവഞ്ചനയുടെ ഗൂഢോദ്ദേശങ്ങൾ തുറന്നുകാണിക്കാൻ എല്ലാ ബഹുജനസംഘടനകളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. രാജ്യമാകെ യോഗങ്ങളും പ്രകടനങ്ങളും നടത്തി ഈ പി. എസ്. പി. വഞ്ചനയെ പ്രതിഷേധിക്കുവാൻ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.” ഈ ശകാരവർഷത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയേയും ഉൾപ്പെടുത്താതിരിക്കുന്നില്ല. “കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കന്മാരുടെ ചില പ്രസംഗങ്ങളും സഹകരണക്കുറവും ഐക്യമുന്നണി—പി. എസ്. പി. മന്ത്രിസഭാരൂപീകരണത്തെ വിഘാതപ്പെടുത്തിയിട്ടുണ്ടെന്നതു് ശരിയാണു്.”

ഐക്യമുന്നണിയുടേയും പി. എസ്. പി. യുടേയും സംയുക്തമന്ത്രിസഭ രൂപീകരിക്കാൻ കഴിയാത്തതിൻെറ കുററം മുഴുവനും പി. എസ്. പി. യുറടെയും കോൺഗ്രസിൻേറയും തലയിലാണല്ലോ കമ്മ്യൂണിസ്റ്റ്പാർട്ടി കെട്ടിവയ്ക്കുന്നതു്. അതു് വസ്തുതകൾക്കു് എതിരാണെന്നും കമ്മ്യൂണിസ്റ്റ്പാർട്ടിയും ആ കുററത്തിൻെറ ഒരു പങ്കു് വഹിക്കുവാൻതക്കവണ്ണം പ്രവർത്തിച്ചിട്ടുണ്ടെന്നും ആർ. എസ്. പി. സ്പഷ്ടമായി പറയുന്നു. കുററാരോപണം ചെയ്യുന്നവർതന്നെ കുററം വീതിക്കുന്നതിൽ പരസ്പരവിരുദ്ധമായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതു് വിചിത്രമല്ലയോ?

## കെ. എസ്. പി. നേതാവിൻെറ അപലപനം

കെ. എസ്. പി. നേതാവു് മിസ്റ്റർ മത്തായിമാഞ്ഞൂരാനും പി. എസ്. പി. മന്ത്രിസഭയെ മററു ഐ. മു. പാർട്ടികളോടൊത്തു് അപലപിച്ചിട്ടുണ്ടു്.

“ഐക്യമുന്നണി രൂപീകരിക്കുന്ന ഗവമ്മെൻറിനു് പി. എസ്. പി. പിൻതുണ നൽകാമെന്നു് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുന്നതിനു മി. പട്ടംതാണുപിള്ള കൂട്ടുനിന്നിരുന്നു. 45 അംഗങ്ങളുള്ള കോൺഗ്രസ്പാർട്ടി പി. എസ്. പി. മന്ത്രിസഭയെ പിൻതാങ്ങാൻ തയ്യാറുണ്ടെന്നു് മി. പനമ്പിള്ളി രാജപ്രമുഖനെ അറിയിച്ചതിനെ തുടർന്നാണു് ഏററവും കുറഞ്ഞ അംഗസംഖ്യയുള്ള ഒരു പാർട്ടിയെ അധികാരത്തിൽ കൊണ്ടുവരികയെന്ന അസാധാരണമായ ഈ ജനാധിപത്യനടപടിക്രമം സ്വീകരിച്ചിട്ടുള്ളതു്. ഇതു് ഇടതുപക്ഷകക്ഷികളെ നശിപ്പിക്കുന്നതിനുവേണ്ടി കോൺഗ്രസ് പ്രയോഗിച്ച ഒരു ഗൂഢതന്ത്രമാണു്. പി. എസ്. പി. യുടെ നേതാവു് കോൺഗ്രസിൻെറ കുടുക്കിൽ അകപ്പെട്ടതു് ലജ്ജാവഹംതന്നെയാണു്. ജനങ്ങളുടേയും തൻെറ പാർട്ടിയുടേയും താല്പര്യങ്ങളെ പരാജയപ്പെടുത്തുകയാണു് മി. പട്ടം ചെയ്യുന്നതു്.”

പി. എസ്. പി. ക്കു് കമ്മ്യൂണിസ്റ്റ് പാർട്ടിയോടുള്ള വിരോധവും വെറുപ്പും മി. മാഞ്ഞൂരാൻ അറിഞ്ഞിട്ടില്ലയോ? അതുപോലുള്ള വിരോധവും വെറുപ്പും തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരായി മി. മാഞ്ഞൂരാൻ പ്രകാശിപ്പിച്ചിട്ടില്ലയോ? ഐക്യമുന്നണിയെ സ്വന്തം കാര്യസാദ്ധ്യത്തിനായി കമ്മ്യൂണിസ്റ്റ് പാർട്ടി ഉപയോഗപ്പെടുത്തുകയാണെന്നുള്ള കുററം അദ്ദേഹം വിളിച്ചുപറഞ്ഞിട്ടില്ലയോ? കോൺഗ്രസിനോടു തങ്ങൾ കൂട്ടുകൂടുകയില്ലെന്നു് പി. എസ്. പി. ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ളതു് മി. മാഞ്ഞൂരാനു് അജ്ഞാതമാണോ? ഈ വസ്തുതകളുടെ വെളിച്ചത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം വഹിക്കുന്ന ഐക്യമുന്നണിയുമായി മന്ത്രിസഭാരൂപീകരണത്തിൽ പങ്കുകൊള്ളുവാനുള്ള പി. എസ്. പി. യുടെ വിസമ്മതത്തെ മി. മാഞ്ഞൂരാൻ ദുർവ്യാഖ്യാനം ചെയ്യുന്നതു് യുക്ത്യാഭാസംതന്നെയാണു്.


**പള്ളികളും,**
**വൈദികരും,**
**കന്യാസ്ത്രീകളും,**
**മററു സ്ഥാപനങ്ങളും—**
ഇവരുടെ ശ്രദ്ധയ്ക്കു്.

ജമ്പ്കോ ഇലക്ട്രോപ്ലേററിംഗ് ഡിപ്പാർട്ടുമെൻറ് ലോഹനിർമ്മിതമായ അൾത്താരഅലങ്കാര വസ്തുക്കൾ, മെഴുകുതിരിക്കാലുകൾ, ഫ്ളവർവാസ്, ഫ്ളവർസ്റ്റാൻഡ് മുതലായവ പുതിയതാക്കിതീർക്കുന്നു

എറണാകുളത്തെ ഉണ്ണി ഈശോയുടെ പള്ളിയിലെ അൾത്താര അലങ്കാര വസ്തുക്കൾ എല്ലാം ഞങ്ങൾ ജൂൺമാസം കൊണ്ടവസാനിക്കുന്ന ഞങ്ങളുടെ പ്രത്യേക നിരക്കുകളിൽ 25-3-'54 നുള്ളിൽ പ്ലേററുചെയ്തു് പുതിയതാക്കി കൊടുത്തുവെന്ന വിവരംസസന്തോഷംഇവിടെപ്രസ്താവിച്ചുകൊള്ളട്ടെ.

വികാരിയും ഇടവകക്കാരും ആ നവീനഅലങ്കാരവസ്തുക്കളിൽ അഭിമാനം കൊള്ളുന്നു. നിങ്ങളുടെ ലോഹനിർമ്മിതമായ അൾത്താരഅലങ്കാരവസ്തുക്കളും ഞങ്ങളെക്കൊണ്ടു് പ്ലേററു ചെയ്യിപ്പിച്ചു അഭിമാനികളാകുക

പ്രത്യേകനിരക്കുകൾക്കു് ആവശ്യപ്പെടുക.

**ജയഭാരതം കമ്പനി**
എറണാകുളം- 1.


## ഐ. മു. സ്വയം വഞ്ചിതരായി

ഈ കുററാരോപണങ്ങൾക്കും ശകാരങ്ങൾക്കും അപലപനങ്ങൾക്കും ശ്രീ പട്ടം നേരത്തെതന്നെ മറുപടി പറഞ്ഞുകഴിഞ്ഞു. മന്ത്രിസഭാരൂപീകരണത്തിനുമൻപു നടത്തിയ പ്രസ്സ്കോൺഫറൻസിലും പുറപ്പെടുവിച്ച പ്രസ്താവനയിലും അദ്ദേഹം ഖണ്ഡിതമായി വെളിപ്പെടുത്തി, ഐക്യമുന്നണിയുമായുള്ള പി. എസ്. പി. യുടെ കൂട്ടുകെട്ടു് തെരഞ്ഞെടുപ്പിൻെറ ആവശ്യത്തിനുമാത്രമായിരുന്നെന്നു്; ഒരു ഇടതുപക്ഷ ഗവർമെൻറ് ഉണ്ടായിരിക്കുമെന്നല്ലാതെ. ഐ. മു. വായി യോജിച്ചുള്ള സംയുക്തമന്ത്രിസഭയ്ക്കു് താൻ വാക്കുകൊടുത്തിട്ടില്ലെന്നു്. അഥവാ വല്ല സൂചനയും സംയുക്തഗവർമെൻറിനു് തനിക്കു സമ്മതമുള്ളതായി അദ്ദേഹം നല്കി എന്നു് തെളിഞ്ഞാൽതന്നെയും ആ സമ്മതം അപ്പാടെ വിഴുങ്ങാൻ സന്നദ്ധരായ ഐ. മു. നേതാക്കന്മാരുടെ ബുദ്ധിമോശമാണു് അപലപിക്കപ്പെടേണ്ടതു്. സംയുക്തഗവർമെൻറിൽ ആധിപത്യം വഹിക്കുന്നതു് കമ്മ്യൂണിസ്റ്റ് പാർട്ടിയായിരിക്കുമെന്നു് തീർച്ചയാണല്ലോ. കമ്മ്യൂണിസ്റ്റ് പാർട്ടിയോടു് പി. എസ്. പി. നാഷനൽ നേതാക്കന്മാർക്കുള്ള വെറുപ്പ് കോൺഗ്രസ് നേതാക്കന്മാർക്കുള്ളതിനെക്കാൾ കൂടുതലാണെന്നു് ഐ. മു. പാർട്ടിക്കാർക്കു് അറിയാൻ ന്യായമുണ്ടായിരുന്നു. തെരഞ്ഞെടുപ്പുകാലത്തു് തിരുകൊച്ചിയിൽ പ്രചരണത്തിനുവന്ന പി. എസ്. പി. നാഷനൽ എക്സിക്യൂട്ടിവ് നേതാക്കന്മാർ തെരഞ്ഞെടുപ്പിനുശേഷമുള്ള മന്ത്രിസഭാരൂപീകരണകാര്യത്തെപ്പററി ആവർത്തിച്ചാവർത്തിച്ചു പ്രസ്താവിച്ചതു്, അന്നത്തെ സ്ഥിതിഗതികൾപോലെ വേണ്ടതു ചെയ്യുമെന്നു് മാത്രമാണു്. ആ പ്രസ്താവങ്ങളുടേയും ഉള്ളിൽ കിടക്കുന്നതു് ഐ. മു. പാർട്ടികളോടു് ഗവർമെൻറ് രൂപീകരണത്തിൽ കൂട്ടുനില്ക്കുവാനുള്ള പി. എസ്. പി. യുടെ വൈമുഖ്യമാണെന്നു് ഐ. മു. നേതാക്കന്മാർ ഗ്രഹിക്കേണ്ടിയിരുന്നു. മദ്രാസിൽ പി. എസ്. പി. നാഷനൽ എക്സിക്യൂട്ടിവ് സമ്മേളിച്ചു, ഐ. മു. വുമായി സഖ്യംചേർന്നു് പി. എസ്. പി. ഗവർമെൻറ് രൂപീകരിക്കരുതെന്നു് തീരുമാനിച്ചതിൻെറശേഷമാണല്ലോ ഐ. മു. ലീഡർ പി. എസ്. പി. യോടു് ഐ. മു. മന്ത്രിസഭയ്ക്കു് പിൻതുണയെങ്കിലും നൽകണമെന്നാവശ്യപ്പെട്ടതും, അതു നൽകാമെന്നു് അവർ സമ്മതിച്ചതും. നാഷനൽ എക്സിക്യൂട്ടിവിൻെറ നിർദ്ദേശങ്ങൾക്കെതിരായി തിരുകൊച്ചി പി. എസ്. പി. ക്കു് ഒന്നും ചെയ്യുവാൻ സാധ്യമല്ലെന്നു് ശ്രീ പട്ടം പരസ്യമായി പ്രസ്താവിക്കുകയും ചെയ്തിരുന്നു. അതിൽനിന്നു ബുദ്ധിയുള്ളവർക്കു വേണ്ടുവോളം മനസ്സിലാക്കാമായിരുന്നു ആ പിൻതുണ ഐ. മു. മന്ത്രിസഭയ്ക്കു് ലഭിക്കുവാൻ പോകുന്നില്ലെന്നു്; പിൻതുണ നൽകരുതെന്നു് നാഷനൽ എക്സിക്യൂട്ടിവ് ആജ്ഞാപിക്കുമെന്നു്; അതനുസരിക്കുവാൻ തിരുകൊച്ചി പി. എസ്. പി. മടിക്കുകയില്ലെന്നു്. മനസ്സിലാക്കാഞ്ഞതു് ഐ. മു. നേതാക്കളുടെ ബുദ്ധിമോശംതന്നെ. അതിനു് തങ്ങളെത്തന്നെയല്ലാതെ മററുള്ളവരെ അവരെന്തിനു് അപലപിക്കുന്നു? ഭരണവിഷയത്തിൽ പി. എസ്. പി. ഐ. മു. വിനോടു ചേർന്നുനില്ക്കാതെ കോൺഗ്രസനോടു് ചേർന്നുനില്ക്കുന്നതിൽ പി. എസ്. പി. ഐ. മു. വിനെ വഞ്ചിച്ചിട്ടില്ല; ഐ. മു. സ്വയം വഞ്ചിക്കുകയാണു്, ആത്മവഞ്ചനയ്ക്കു് ഇരയാകുകയാണുചെയ്തിരിക്കുന്നതു്. പി. എസ്. പി. മാർക്സിസം ഉപേക്ഷിച്ചിരിക്കുകയാൽ മാർക്സിസ്റ്റ് പാർട്ടികളായ ഐ. മു. കക്ഷികളോടല്ലാ, മാർക്സിസ്റ്റു വിരോധികളായ കോൺഗ്രസിനോടാണു് ആദർശങ്ങളിൽ സാധർമ്മ്യം വഹിക്കുന്നതെന്നും സ്പഷ്ടമായിരുന്നില്ലേ? (ഈ ലക്കത്തിലെ വിമർശനവീഥി ഈ പരമാർത്ഥം വിശദീകരിക്കുന്നുണ്ടു്) “ഇനം ഇനത്തിൽ ചേരും, ഇരണ്ട വെള്ളത്തിൽ ചേരും” എന്നല്ലേ പഴമൊഴി?

## അടുത്തയാഴ്ചയിൽ

ഏപ്രിൽ

4 ഞാ: നോമ്പ് 5-ാംഞായർ
5 തി: വിൻസെന്തിയോസ് ഫെറേരിസ്
6 ചൊ: പോപ്പ് സെലസ്റ്റിൻ
7 ബു: വാഴ്ത്തപ്പെട്ട ഹെർമൻ ജോസഫ്
8 വ്യാ: പാത്രി: അൽബത്തോസ്
9 വെ: കന്യകാമറിയത്തിൻെറ ഏഴു വ്യാകുലങ്ങൾ
10 ശ: അപ്പൊളോനിയസ്


സത്യദീപം വരിസംഖ്യ

| | | പ്രതിവർഷം |
|---|---|---|
| ഇൻഡ്യയിൽ | ക. | 6—൮—0 |
| ഇൻഡ്യക്കുപുറമെ | ” | 8—12—0 |


## ഇൻഡ്യാവാർത്തകൾ

### രാജാജി രാജിവയ്ക്കുന്നു

അനാരോഗ്യം നിമിത്തം മദ്രാസ് മുഖ്യമന്ത്രി ശ്രീ രാജഗോപാലാചാരി ഉദ്യോഗം രാജിവക്കാൻ തീരുമാനിച്ചിരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

### ഉപരിസഭയിൽനിന്നും 70പേർ പിരിയുന്നു

റൊട്ടേഷൻ സമ്പ്രദായമനുസരിച്ചു് അടുത്ത ഏപ്രിൽ 2-ാംനു- 70 മെമ്പർമാർ കേന്ദ്രകൗൺസിൽ ഓഫ് സ്റ്റേററ്സിൽനിന്നും സ്ഥാനമൊഴിയുന്നതാണെന്നു് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

### പി. എസ്. പി. മന്ത്രിസഭയെ സഹായിക്കും

തിരുകൊച്ചിയിൽ പി. എസ്. പി. മന്ത്രിസഭ നടപ്പാക്കുന്ന അഭിവൃദ്ധ്യുന്മുഖമായ സകല പ്രവർത്തനങ്ങൾക്കും കേന്ദ്രഗവമ്മെൻറും പ്ലാനിംഗ് കമ്മീഷനും സകലവിധ സഹായങ്ങളും നൽകുന്നതാണെന്നു യൂണിയൻ പ്ലാനിംഗ്മിനിസ്റ്റർ മി. ഗുൽസാരിലാൽ നന്ദ പ്രസ്താവിച്ചിരിക്കുന്നു.

### അരിയുൽപാദനം വർദ്ധിച്ചിട്ടുണ്ടു്

1953-54-ൽ ഇൻഡ്യയിൽ 766ലക്ഷം ഏക്കർ സ്ഥലത്തു് നെൽകൃഷി നടത്തപ്പെട്ടുവെന്നും മൊത്തം 271 ലക്ഷം ടൺ അരി ഉല്പാദിപ്പിക്കപ്പെട്ടുവെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു. 1952-53-ൽ 742 ലക്ഷം ഏക്കർ സ്ഥലത്തു കൃഷി നടത്തിയതിൽ 225 ലക്ഷം ടൺ അരിയായിരുന്നു മൊത്തം വിളവു്. അതായതു് അരിവിളവു് ഇക്കൊല്ലത്തിൽ 20.4 ശതമാനം വർദ്ധിച്ചിരിക്കുന്നു.

ജീവ ചരിത്രപംക്തി

# "ലീമായുടെ ഓമന"

(വറുഗീസ് മേച്ചേരി)

കിഴക്കെ ചക്രവാളത്തിൽനിന്നു് പ്രഭാകരൻ തങ്കക്കതിരുകൾ വിതറിയപ്പോൾ, പ്രകൃതി തന്റെ മുഖത്തുനിന്നു് ഇരുൾക്കരിമ്പടം എടുത്തുമാററി. താരകാഗണങ്ങൾ തിരശീലയ്ക്കു പിറകിൽ തിരോധാനംചെയ്തു. മലർക്കാടുകളുടെ സന്ദേശവാഹകനായ മന്ദമാരുതൻ അന്തരീക്ഷം സുഗന്ധനിർഭരമാക്കി പതഞ്ഞൊഴുകിപ്പോകുന്ന കൊച്ചരുവിയിലെ പൊട്ടിച്ചിരി ആ പ്രദേശത്തിന്റെ മഹനീയതയ്ക്കു് മാററുകൂട്ടി പറവക്കൂട്ടങ്ങൾ സുപ്രഭാതത്തിന്റെ മഹത്വത്തെ പാടിപ്പരത്തി

ആ പ്രഭാതത്തിൽ ഗാസ്പർ ഫ്ളോറിൻസിന്റെ വീട്ടിലേക്കു് പലഭാഗത്തുനിന്നും ആളുകൾ പ്രവഹിക്കുവാൻ തുടങ്ങി.

അതു വാസ്തവമാണോ?

വാസ്തവമല്ലാതിരിക്കുമോ!

അല്ലെങ്കിലും ആ കൊച്ചു് അങ്ങനത്തതാ.

ആ കുടുംബത്തിലതു് സംഭവിച്ചതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

നമ്മുടെ കുഞ്ഞുങ്ങൾക്കും സംഭവിക്കാം.

ഇങ്ങനെ അന്യോന്യം പലതും സംസാരിച്ചുകൊണ്ടാണു് അവർ ഗാസ്പറിന്റെ വീട്ടിൽ ഓടിക്കൂടുന്നതു്

"എന്താ? എന്താ?" കാര്യമറിയാതെ പലരും അവിടെ വന്നു കൂടുന്നുണ്ടു്.

* * *

തെക്കെ അമേരിക്കയിൽ പെറുരാജ്യത്തിലെ ലീമാ പട്ടണത്തിലാണു് ആ സംഭവം നടന്നതു്. ക്രിസ്തീയചൈതന്യം കളിയാടിയിരുന്ന ഒരു ഭവനം അവിടെയുണ്ടായിരുന്നു. ഗാസ്പർ ഫ്ളോർഡ്, മേരി ഒലീവാ ഇവരായിരുന്നു ആ കുടുംബത്തിലെ നായികാനായകന്മാർ. പരിപാവനമായ പ്രേമശൃംഖലയാൽ ബന്ധിക്കപ്പെട്ട രണ്ടു ഹൃദയങ്ങൾ. തങ്ങളുടെ ജീവിതയാത്രയിൽ അഭിമുഖീകരിക്കേണ്ടിവരുന്ന ക്ലേശങ്ങളെയെല്ലാം ദൂരീകരിക്കുവാൻ കഴിവുള്ളതായിരുന്നു പരിശുദ്ധമായ ആ പ്രേമം. ആദ്ധ്യാത്മികചൈതന്യത്തിൽനിന്നു് ഉടലെടുക്കുന്ന സാക്ഷാൽ പ്രേമമാണു് ഭാര്യാഭർത്താക്കന്മാർക്കു് കുടുംബജീവിതത്തിൽ ധരിക്കേണ്ടിവരുന്ന മുൾക്കിരീടങ്ങളെ പൂക്കിരീടങ്ങളാക്കി മാററുന്നതു്. അങ്ങനെ സമാധാനത്തിന്റെ മണിമന്ദിരത്തിൽ അവരും അവരുടെ ഓമനസന്താനങ്ങളും സുഖമായി ജീവിതം നയിച്ചു.

1856 ഏപ്രിൽ 30-ാംതീയതി ലീമാപ്പട്ടണത്തിന്റെ ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെട്ട ഒരു സംഭവം നടന്നു; അന്നാണു് ഗാസ്പരിന്റെയും മേരിയുടേയും എട്ടാമത്തെ മകൾ ഭൂജാതയായതു്.

റോസ് എന്നാണു് ആ കുഞ്ഞിനു് പേരിട്ടതു്. മാതാപിതാക്കന്മാരുടെ ശ്രദ്ധാപൂർവ്വകമായ സംരക്ഷണത്തിൽ അവൾ വളർന്നു. അമ്മമാരുടെ ശിക്ഷണമാണു് കുഞ്ഞുങ്ങളുടെ ഭാവിജീവിതം ശോഭനമാക്കിത്തീർക്കുന്നതു്. വേലക്കാരുടെ ഉത്തരവാദിത്വത്തിൽ വളർത്തുവാൻ മക്കളെ വിട്ടുകൊടുക്കുകയല്ല ഒരു മാതാവിന്റെ കർത്തവ്യം. ഇന്നത്തെ ചില യുവമാതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളോടു് വലിയ പാതകമാണു ചെയ്യുന്നതു്. അവർ പകൽസമയം മുഴുവനും ആഫീസുജോലികളിൽ കഴിച്ചാൽ പിന്നെയെവിടെയാണു് അവർക്കു് അവരുടെ സന്താനങ്ങളെ നോക്കുവാനുള്ള സമയം? അവരെ വേലക്കാരും മററും കാത്തുരക്ഷിക്കുന്നുണ്ടായിരിക്കാം. വേലക്കാർക്കോ മററു വല്ലവർക്കുമോ അല്ല കുഞ്ഞിന്റെ ഭാവിയിൽ ഉൽക്കണ്ഠയുണ്ടാകേണ്ടതു്. മാതാവിനും പിതാവിനുമാണു്.

"അപ്പനമ്മമാർ കുട്ടികളെ ചൂഷണംചെയ്യുന്നതു് അവസാനിപ്പിക്കാൻ ഞങ്ങളാഗ്രഹിക്കുന്നു നിങ്ങൾക്കു് ഞങ്ങളുടെപേരിൽ ആക്ഷേപമുണ്ടോ? ഈ കുററം ഞങ്ങൾ സമ്മതിക്കുന്നു." ഇതാണു് കമ്മ്യൂണിസ്റ്റു നിയമം. മാതാപിതാക്കന്മാർ അവരുടെ രക്തത്തിന്റെ രക്തവും മാംസത്തിന്റെ മാംസവുമായ കുട്ടികളെ ചൂഷണം ചെയ്യുന്നപോലും! കുഞ്ഞുങ്ങളെ വളർത്താനുള്ള അധികാരം രാഷ്ട്രത്തിനാണെന്നാണു് അവരുടെ വാദം. കുട്ടികൾ രാഷ്ട്രത്തിന്റെ സ്വന്തമാണത്രെ! അതുകൊണ്ടു് രാഷ്ട്രത്തിന്റെ സ്വാധീനതയിലായിരിക്കണമത്രെ അവരെ വളർത്തുന്നതും പരിശീലിപ്പിക്കുന്നതും! എന്നാൽ ഒരു മാതാവിന്റെ സമർത്ഥമായ ശിക്ഷണമാണു് മക്കളെ ഭാവിയിൽ ഉത്തമപൗരരാക്കിത്തീർക്കുന്നതെന്ന തത്വം അവർക്കു സ്വീകാര്യമല്ല.

മേരി ഒലീവാ—അവൾ മാതാക്കൾക്കു് ഒരു മാതൃകയാണു്. അവളുടെ മക്കളുടെ സ്വഭാവരൂപവൽക്കരണത്തിലാണു് അവളുടെ മുഴുവൻ ശ്രദ്ധയും അവൾ ചെലുത്തിയിരുന്നതു്. മക്കളെ ക്രിസ്തീയചൈതന്യത്തിൽ വളർത്തുകയായിരുന്നു അവളുടെ ആദർശം. കുഞ്ഞുങ്ങളെ ദൈവത്തിന്റെ മക്കളായി വളർത്തുവാൻ ഒരു മാതാവിനു കഴിയും.

റോസ്—അവൾക്കെപ്പോഴും ഉണ്ണീശോയെപ്പററിയുള്ള ചിന്തയേയുള്ളു. അതാണു് അവളുടെ അമ്മ അവളെ പാഠിപ്പിച്ചിരിക്കുന്നതു്. കളിക്കുന്നതിനു് മുമ്പും, കളിക്കുശേഷവും, സങ്കടം വരുമ്പോഴുമെല്ലാം അവൾ മുറിക്കകത്തുള്ള ഉണ്ണീശോയുടെ രൂപത്തിനു മുമ്പിൽപോയി മുട്ടുകുത്തി പ്രാർത്ഥിക്കുക പതിവായിരുന്നു. എഴുത്തും വായനയും പാഠിക്കുവാൻ ആ പിഞ്ചുകുഞ്ഞിനു് വലിയ താല്പര്യമായിരുന്നു; എന്തൊക്കെ ചോദിച്ചാലും ഉണ്ണീശോ അതെല്ലാം അവൾക്കു കൊടുക്കുമെന്നു് അവളുടെ അമ്മ അവളെ മനസ്സിലാക്കിയിരുന്നു.

"പൊന്നുണ്ണീശോയെ, നിന്നെ അറിയാനും നിന്നെ സ്നേഹിക്കാനും എന്നെ പാഠിപ്പിക്കണേ" "പിന്നെ, വായിക്കാനും എഴുതാനും എന്നെ പാഠിപ്പിക്കണേ" ഇങ്ങനെ നൂറുകാര്യങ്ങൾ അവൾ പ്രാർത്ഥിക്കും. ആ പുഞ്ചിരിതൂകുന്ന ഉണ്ണി അവളെ മാടിവിളിക്കുന്നതായി അവൾക്കു തോന്നും. അതെ, ലോകത്തിലുള്ള സകലരേയും സമാധാനത്തിന്റെ പൊൽക്കരങ്ങൾ നീട്ടി അവിടുന്നു മാടിവിളിക്കുകയല്ലേ? രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു് പുൽക്കൂട്ടിൽ അവതരിച്ചു് പാപികൾക്കിടയിൽ ജീവിച്ചു് കാൽവരി മലമുകളിൽ തന്റെ അവസാനത്തുള്ളി രക്തംവരെ ചിന്തിമരിച്ചതു് പാപികളായ മനുഷ്യകുലത്തിനു രക്ഷനൽകുന്നതിനാണല്ലോ.

* * *

"ചേട്ടാ. ഓടിവന്നേ, നമുക്കു കളിക്കാം" റോസ് വിളിതുടങ്ങി. അവളേക്കാളും രണ്ടു വയസ്സിനുമാത്രം പ്രായംകൂടിയ ഒരു സഹോദരനുണ്ടു് അവൾക്കു്; ഫെർഡിനൻറു്. അവനു് അവൾ ജീവനാണു്. "കളിക്കാ ചേട്ടാ." ഫെർഡിനൻറു് വന്നില്ല. "ഇതെന്തൊരു ചേട്ടനാ, ഞാൻ ചേട്ടന്റെ പങ്കു വെട്ടാം." "എന്റെ പൊന്നീശോയെ എനിക്കുതെററി—അമ്മ പറഞ്ഞിരിക്കുന്നതു് പങ്കൊന്നും വെട്ടാൻ പാടില്ലെന്നല്ലേ. ഉണ്ണീശോയ്ക്കു് അതു് ഇഷ്ടമില്ലെന്നല്ലേ?—ഞാൻ പങ്കുവെട്ടില്ല" അവൾ പശ്ചാത്തപിച്ചു. "ചേട്ടാ. ഓടിവന്നേ, കളിക്കാൻ" അവളാവർത്തിച്ചു. എന്നിട്ടും ചേട്ടൻ വന്നില്ല. അവൾ വിഷാദിച്ചുനില്ക്കുകയാണു്.

"എന്താ നീ ഇങ്ങനെ വിഷാദിച്ചുനില്ക്കുന്നതു്?" അവിടെ പ്രത്യക്ഷപ്പെട്ട ഒരു ബാലൻ അന്വേഷിച്ചു. പരിശുദ്ധതയുടെ പാവനരശ്മികൾ കളിയാടുന്ന ആ കോമളമുഖം ആരുടേയും ഹൃദയം കവരും. ആ ബാലന്റെ ആഗമനത്തിൽ സൂര്യഗോളത്തിനുതന്നെ ഒരു മങ്ങൽ തട്ടിയപോലെ തോന്നി.

"നീയേതാ?" അവൾ അന്വേഷിച്ചു.

"നീയേതാ?" അവൻ അതാവർത്തിച്ചു.

"നീ പറ" അവൾ ശാഠ്യം പിടിച്ചു.

"നീ പറ" അവനും ശാഠ്യംപിടിച്ചു.

"എന്നാ നിന്റെ പേരുപറ" അവൾ മററൊരു ചോദ്യം ഉന്നയിച്ചു.

"അതൊക്കെ പിന്നെപ്പറയാം. ഞാനാദ്യം ചോദിച്ചതിനു് സമാധാനം നീ പറ. എന്താ ഇങ്ങനെ വിഷാദിച്ചു നില്ക്കുന്നതു്?"

"എന്റെ ചേട്ടനെ കളിക്കാൻ വിളിച്ചിട്ടു് കാണാനില്ല."

"അതിനെന്താ, ഞാൻ പോരെ കളിക്കാൻ?"

"ഉം, മതി മതി" അവൾ അനുമതി നൽകി. രസകരമായ കുട്ടിക്കളികൾ കുറെ കളിച്ചു.

"നിന്റെ പേരുപറഞ്ഞില്ലല്ലോ. അല്ലാ ഞാൻതന്നെ ആദ്യം പറയാം. ഒരാളെ ബുദ്ധിമുട്ടിക്കുന്നതു് ഉണ്ണീശോയ്ക്കു് ഇഷ്ടമില്ലെന്നാ അമ്മ പറഞ്ഞേക്കുന്നെ. എന്റെ പേരു് ഈശോയുടെ റോസ് എന്നാണു്. ഇനി നീ പറ" "എന്റെ പേരു് റോസിന്റെ ഈശോ എന്നാണു്." ബാലൻ മറുപടി പറഞ്ഞു. "അപ്പൊ ഞങ്ങടെ കൂട്ടിലിരിക്കുന്ന ആ ഉണ്ണിയാ?" "ഞാൻ പോകട്ടെ കുറച്ചു ധൃതിയുണ്ടു്." ബാലൻ യാത്രയായി. "ഇപ്പോൾ പോകാൻ പാടില്ല" അവൾ നിരോധനം പാസ്സാക്കി. "ഞാനിപ്പം പോകട്ടെ, പിന്നെക്കാണാം." "വീട്ടിലേക്കു വന്നു് കാപ്പീം പലഹാരോം കഴിച്ചിട്ടുപോകാം." "കുറച്ചു തിടുക്കമുണ്ടു് റോസേ, നിനക്കെന്തു വേണം?"

"നിനക്കെഴുത്തറിയാമോ?" എഴുത്തു പാഠിക്കുവാൻ വളരെ താല്പര്യമുള്ള ആ കൊച്ചുകുഞ്ഞന്വേഷിച്ചു.

"ഉവ്വ്"

"എന്നാ എനിക്കു് പാഠിപ്പിച്ചുതരാമോ?"

"പാഠിപ്പിച്ചുതരാം ഒരു പുസ്തകമെടുത്തുകൊണ്ടുവാ." അവൻ അപ്രത്യക്ഷനായി.

* * *

"അമ്മേ, അമ്മേ, ഞാനെഴുത്തു പാഠിച്ചു." ഓടിപ്പോയി റോസ് അമ്മയുടെ അടുക്കലേക്കു്.

"നീയെന്താ പറയുന്നതു്?" അമ്മ കണക്കാക്കിയില്ല. "ഉവ്വ്" അമ്മേ, ഞാൻ പാഠിച്ചു." അവൾ ഒരു വലിയ പുസ്തകം എടുത്തു വായനതുടങ്ങി.

"അത്ഭുതം! അത്ഭുതം!! നീയെങ്ങനെ പാഠിച്ചു?"

"എന്റെകൂടെ കളിക്കാൻ വന്ന ആ ഉണ്ണീശോ എന്നെ പാഠിപ്പിച്ചു." നിർവികാരയായ അവൾ പറഞ്ഞു. യാതൊന്നും പ്രത്യേകമായി സംഭവിച്ചിട്ടില്ലെന്ന മട്ടാണു് അവൾക്കു്.

"ഉണ്ണീശോയോ?" അമ്മ എടുത്തുചോദിച്ചു.

"അതെ, ആ ഉണ്ണീശോതന്നെ."

വീട്ടിലുള്ളവരെല്ലാം ഇതറിഞ്ഞു വിസ്മയിച്ചു. ഓരോരുത്തരും ചോദ്യങ്ങൾകൊണ്ടും ഉപചോദ്യങ്ങൾകൊണ്ടും അവളെ അലട്ടിത്തുടങ്ങി. അന്നുരാത്രിയോടുകൂടിത്തന്നെ പട്ടണത്തിലെല്ലാം ഈ വാർത്ത പാട്ടായിത്തീർന്നു.

പുലർകാലെതന്നെ ഈശോയുടെ "റോസി"നെക്കാണാനും വിവരങ്ങളന്വേഷിക്കുവാനും ആളുകൾ ഗാസ്പറിന്റെ വീട്ടിലേക്കു കുതിച്ചു. അന്നാണു് ആ പ്രഭാതത്തിൽ ജനങ്ങൾ കൂട്ടമായി അങ്ങോട്ടു് ഗമിച്ചിരുന്നതായി നാം കണ്ടതു്.

(അനുകരണം)

—o—


## ആലുവായിലെ ഏകാന്തധ്യാനം

(മലയാളത്തിൽ)

സ്ഥലം: സേക്രട്ട് ഹാർട്ട്സ് മോണസ്റ്ററി

തീയതി: ഓശാന ശനിയാഴ്ച 1954 ഏപ്രിൽ 10-ാംനു വൈകുന്നേരം ആരംഭിച്ചു് വലിയ ബുധനാഴ്ച രാവിലെ അവസാനിക്കുന്നു

ധ്യാനഗുരു: റവ. ഫാദർ മാത്യു മങ്കുഴിക്കരി

ഭക്ഷണച്ചെലവു് 10 രൂപ

ധ്യാനത്തിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ വിവരം മുമ്പേകൂട്ടി അറിയിക്കേണ്ടതാണു്.

സിക്രട്ടറി,
സെൻറു് വിൻസെൻറു് ഡി പോൾ സൊസൈററി,
ആലുവാ.



*For all your requirements in*

HALFTONE – LINE – MULTICOLOUR –

**BLOCKS**

*and*

CINEMA SLIDES, STEREOS & RUBBER STAMPS

*Please Contact:*

MAR LOUIS MEMORIAL PRESS,
BROADWAY — ERNAKULAM-1
(Phone: 110)


## ജനങ്ങൾ വിധിയെഴുതി?

### എന്തു വിധി?

ഈ തിരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ മുതൽ പല പത്രങ്ങളിലും കാണുന്ന ഒരു പ്രക്ഷോഭണം ഈ നാട്ടിലെ ജനങ്ങൾ ഇടതുപക്ഷത്തിനു അനുകൂലമായി അവരുടെ വിധി എഴുതി എന്നാണു്. ഈ എഴുതുന്നവരുടെ വിചാരം അവർ ജല്പിക്കുന്നതെല്ലാം പൊതുജനങ്ങൾ വിഴുങ്ങുമെന്നാണു്. കണക്കുകൾ ഈ കൂട്ടർക്കു അത്ര രുചിക്കുന്നില്ല; വസ്തുതകളുടെ യാഥാർത്ഥ്യങ്ങളും വളരെ വെറുപ്പാണു്. ആർ. ശങ്കർ കണക്കു കൂട്ടിയതുകൊണ്ടു ആ കണക്കു സ്വീകാര്യമല്ലെന്നാണു് കൗമുദിയോ മലയാളിയോ ദേശബന്ധുവോ ആരു ശ്രമിച്ചാലും നാലും മൂന്നും ഏഴെന്നു ശങ്കർ പറഞ്ഞതുതന്നെ ആവർത്തിക്കാതിരിക്കാൻ അവർക്കു നിവൃത്തിയില്ല അതു അവർ സ്വയം സൃഷ്ടിച്ചുവച്ച സ്വർഗ്ഗത്തെ ഹനിക്കുമെന്നുള്ളതാണു് അവരുടെ ഭയം. വോട്ടുചെയ്തവരുടെ ശതമാനം തെററാതെ കണക്കാക്കാൻ അവർ പഠിച്ചിട്ടില്ലെന്നു കരുതുന്നതു ശരിയല്ല. അവർ ആ ശതമാനത്തെ ഒന്നു പരിശോധിക്കണം. ഓരോ പാർട്ടിക്കു വോട്ടുചെയ്ത ശതമാനം ഒരിക്കൽക്കൂടി ഇവിടെ ചേർക്കാം.

| | വോട്ടു ശതമാനം | |
|---|---|---|
| കോൺഗ്രസ് | 45.5 | |
| തമിഴ്നാട്ടു് കോ. | 6.3 | |
| പി. എസ്. പി. | 17.0 | |
| ഇടതുസ്വതന്ത്രർ ഉൾപ്പെടെ കമ്മ്യൂണിസ്റ്റ് | 21.0 | 30 |
| ആർ. എസ്. പി. | 5.6 | |
| കെ. എസ്. പി. | 3.4 | |

ഈ കണക്കിന്റെ അർത്ഥമെന്തു്? ഇവിടത്തെ മൊത്തം വോട്ടറന്മാരിൽ 89 ശതമാനം പേർ വോട്ടുചെയ്തു. വോട്ടുചെയ്തവരിൽ ഏററവും കൂടുതൽ വോട്ടു് കോൺഗ്രസിനു കിട്ടി എന്നു കണക്കുകൊണ്ടു കാണുന്നതു മായിച്ചുകളയാൻ കഴിയുന്നതല്ല. മററു യാതൊരു പാർട്ടിക്കും കോൺഗ്രസിന്റെ പകുതിപോലും കിട്ടിയില്ല. 45 ശതമാനം വോട്ടുചെയ്തു കോൺഗ്രസിനെയോ 21 ശതമാ

ചെറുകഥ

# സതീർത്ഥ്യസമാഗമം

(ജെ. ജെ. മുളവരിക്കൽ)

പടിഞ്ഞാറുനിന്നു് ഇളംതെന്നൽ അങ്ങനെ പുരികങ്ങളെ ഇക്കിളിയിട്ടുകൊണ്ടു് കുണുങ്ങിക്കുണുങ്ങി വരികയാണു്. എവിടെനോക്കിയാലും ഒരു പ്രസരിപ്പു്. എന്റെ ഹൃദയത്തിലും പഴയകാലസ്മരണകളെ അയവിറക്കിക്കൊണ്ടു് കടന്നുപോകുന്ന മധുരിമയുള്ള ചില രംഗങ്ങൾ— ആശ്വാസപ്രദമായ ഈ സായാഹ്നത്തിൽ ഒന്നു നടന്നുല്ലസിക്കുവാൻ എന്റെ കാലിണകൾ ഞാനറിയാതെതന്നെ ചലിക്കുകയാണു്. ഞാൻ നടന്നു. പാക്കിലോട്ടുതന്നെ നടന്നു. പാക്കിലെ മാദകമായ ആ ഏകാന്തതയിൽ ഇരുന്നു ചിന്തിക്കുവാൻ ബഹുരസംതന്നെയാണു്. പട്ടണത്തിലെ തിരക്കിൽനിന്നും, ഗ്രാമത്തിലെ നിതാന്തമൂകതയിൽനിന്നും രക്ഷപ്പെടുവാൻ കരുതിയായിരിക്കണം, പലരും അവിടെ വന്നിരുന്നു വിശ്രമിക്കുന്നുണ്ടു്, ഉല്ലസിക്കുന്നുണ്ടു്. റേഡിയോവിൽനിന്നുയരുന്ന മാദകസംഗീതങ്ങൾ എന്റെ ചിന്തയേയും ആകർഷിച്ചു രസിപ്പിച്ചുകൊണ്ടിരുന്നു.

ഞാനോർക്കുകയാണു്. കഴിഞ്ഞുപോയ ജീവിതത്തിലേക്കു് ഞാൻ കണ്ണോടിക്കുകയാണു്. എന്റെ സ്നേഹിതന്മാരെല്ലാം ഓരോരുത്തരായി എന്റെ ഭാവനയിൽ വന്നു. എന്നെ ചിരിപ്പിച്ച ജോയിയേയും, എന്റെ സ്നേഹിതനായ ജയിംസിനേയും, എന്നെ തല്ലുകൊള്ളിപ്പിച്ച പാപ്പച്ചനേയും ഞാനോർമ്മിച്ചു. അവരുടെ അന്നത്തെ ലീലാപരിപാടികൾ ഇന്നു പാക്കിന്റെ കൊച്ചു കന്മതിലിന്മേൽ ഇരുന്നുകൊണ്ടു് ഓർത്തോർത്തു് ഞാൻ പുഞ്ചിരിക്കൊള്ളുകയാണു്; പൊട്ടിച്ചിരിക്കുകയാണു്.

“ജോൺ”, പുറകിൽനിന്നു ആരോ എന്നെ വിളിച്ചു. ആനന്ദം നിറഞ്ഞുനില്ക്കുന്ന സ്മരണകളെ വിട്ടകലുവാൻ ഞാൻ കൂട്ടാക്കിയില്ല. എന്നെ ആകർഷിക്കുവാനെന്നവണ്ണം വീണ്ടും ആ വിളി ആവർത്തിക്കപ്പെടുകയാണു്.

“ഹലോ! ജോണീ!”

ഇപ്രാവശ്യം ഞാൻ പെട്ടെന്നു തിരിഞ്ഞുനോക്കി.

“ഹലോ ജയിംസ്!!”

എന്റെ ഹൃദയം ത്രസിച്ചു, എന്റെ പഴയ സ്നേഹിതനെ കണ്ടപ്പോൾ.

ഞങ്ങൾ സ്നേഹിതന്മാരായിരുന്നു. ഇന്നു് മൂന്നുകൊല്ലത്തെ വിരഹത്തിനുശേഷം ജയിംസിനെ ഞാൻ കാണുകയാണു്. ഏതു വലിയ പ്രതിബന്ധങ്ങളേയും ഞങ്ങളുടെ സ്നേഹത്തിനു് തച്ചുടയ്ക്കുവാൻ അന്നു സാധിച്ചിട്ടുണ്ടു്. നീതിക്കുവേണ്ടിയുള്ള ഞങ്ങളുടെ സമരം അനീതിയുടെ മുമ്പിൽ തലകുനിച്ചിട്ടില്ല. ഞങ്ങൾ ഒരു മുന്നണിതന്നെ കെട്ടിപ്പടുത്തിട്ടുണ്ടു്. അന്നു ഞങ്ങൾ രണ്ടുപേരും സിക്സ്തുഫോറത്തിൽ പഠിക്കുകയായിരുന്നു. അന്നത്തെ രാഷ്ട്രീയാദർശങ്ങളുടെ വേലിയേററത്തെ തടയുവാൻ ഞങ്ങളുടെ വിദ്യാലയഭിത്തികൾക്കു സാധിച്ചില്ല. കമ്മ്യൂണിസ്റ്റുപാർട്ടിയാൽ മുദ്രപതിഷ്ഠമായ വിദ്യാർത്ഥിഫെഡറേഷനു അവിടെ പ്രാമാണ്യം കിട്ടി. തലയെടുപ്പുള്ള പല കുട്ടിസഖാക്കളും ഞങ്ങളുടെ ക്ലാസിൽതന്നെ ഉണ്ടായിരുന്നു. പ്രശസ്തിയാർജ്ജിച്ചിരുന്ന കമ്മ്യൂണിസ്റ്റ് നേതാക്കളിൽ പലരേയും ഫെഡറേഷൻകാർ മാറി മാറി ക്ഷണിച്ചുവരുത്തി വമ്പിച്ച പൊതുയോഗങ്ങൾ നടത്തി. പല പരിവുകളും നൽകുന്നതിനു ആദ്യമാദ്യം ഞങ്ങളും നിർബന്ധിതരായി. നിരുപയോഗപ്രദമെന്നു മാത്രമല്ല, തികച്ചും നശീകരമായ ഈ പ്രസ്ഥാനത്തെ പിന്താങ്ങുന്നതിനും അതിൽ പങ്കെടുത്തു കമ്മ്യൂണിസ്റ്റു് വിഷം ഉൾക്കൊള്ളുന്നതിനും വിമുഖരായ വിദ്യാർത്ഥികളെ സംഘടിപ്പിച്ചു ജയിംസും ഞാനും മററു ചില കൂട്ടുകാരും മുൻനിന്നു ഒരു പ്രതിരോധമുന്നണി കെട്ടിപ്പടുത്തു. സ്കൂളിൽ സംഘട്ടനമായി. വിപ്ലവമായി. അടിപിടിയായി. പരുക്കേററവരിൽ പ്രധാനിയാണു് ജയിംസ്. പിൻബലം കൂടുതലുള്ള അവർതന്നെ വിജയിച്ചു! ഞങ്ങളുടെ പഠനം അലങ്കോലപ്പെട്ട ആ രംഗം അങ്ങനെ അവസാനിച്ചു.

അന്നു് ഞങ്ങൾ പരാജിതരായെങ്കിലും ഞങ്ങളുടെ ഹൃദയങ്ങളിൽ നൈരാശ്യം ഉടലെടുത്തില്ല. പരിപാവനമായ സത്യത്തിന്റെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും വേണ്ടി ഞങ്ങളുടെ ജീവിതത്തിന്റെ ഒരു ഭാഗംതന്നെ ഞങ്ങൾ ബലികഴിച്ചിട്ടുണ്ടു്. ത്യാഗത്തിന്റെ ബലിക്കല്ലിൽ പാവങ്ങൾക്കും, നീതിമാന്മാർക്കും, പരിശുദ്ധർക്കും, പാപികൾക്കുംവേണ്ടി ജീവനർപ്പിച്ച ആ ക്രിസ്തുനാഥനുമായി സാത്മ്യം പ്രാപിക്കുവാൻ ഞങ്ങൾ കൊതിച്ചു. അതിനായി ഞങ്ങൾ പ്രവർത്തിച്ചു. ഞങ്ങളുടെ എതിരാളികൾ പരാജിതരായ ഞങ്ങളുടെ നേരെ കൊഞ്ഞനം കുത്തി. ഇന്നും അവർ ഞങ്ങളെ കാണുമ്പോൾ പല്ലിളിക്കും. എന്തും ചെയ്തുകൊള്ളട്ടെയവർ. ഭൗതികവാദികൾക്കെതിരായി നിലകൊള്ളുന്ന ഈശ്വരവിശ്വാസംതികഞ്ഞ കേരളീയരെപ്പോലെതന്നെ ഞങ്ങൾ നിലകൊണ്ടു. അതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു.

പൂർവ്വകാലത്തെ ഞങ്ങളുടെ വീരകൃത്യങ്ങളോരോന്നും അനുസ്മരിച്ചും വിമർശിച്ചും ആത്മനിർവൃതിയിൽ ഞങ്ങൾ ആണ്ടുപോയിരുന്നു. സൂര്യൻ പടിഞ്ഞാറു ചക്രവാളത്തിലെത്തി ഞങ്ങളുടെനേരെ പുഞ്ചിരിച്ചുകൊണ്ടു് മറഞ്ഞുപോകാൻ ഒരുങ്ങിനില്ക്കുകയാണു്. ഇത്രയുമായപ്പോൾ സംഭാഷണം നിർത്തുവാൻ ഞങ്ങൾ നിർബന്ധരായി. ജയിംസു് എന്നെ ഉപദേശിച്ചു: “സ്നേഹിതാ, ഏതു വൻകിട ശക്തിയായിക്കൊള്ളട്ടെ, ഏതു രാഷ്ട്രീയകൊലകൊമ്പന്മാരായിക്കൊള്ളട്ടെ, നമ്മുടെ ആദർശത്തിൽനിന്നു നാം ഒരിക്കലും വ്യതിചലിക്കരുതു്. സത്യത്തിനും നീതിക്കുംവേണ്ടി നാം പടവെട്ടണം. സമുന്നതമായ നമ്മുടെ ഹൃദയാഭിലാഷങ്ങളെ മുറുകെ പിടിച്ചുകൊണ്ടു് സത്യത്തിനും ധർമ്മത്തിനുംവേണ്ടി സത്യദീപവും കരത്തിലേന്തി നമുക്കു് മുൻപോട്ടു പോകാം.

“കമ്മ്യൂണിസമല്ല, ഏതുതന്നെ വന്നാലും, നാം കുലുങ്ങരുതു്. നാം സത്യത്തിനും നീതിക്കുംവേണ്ടി പ്രയത്നിച്ചു; നിരീശ്വരത്വത്തേയും അധർമ്മത്തേയും ചെറുത്തു. അതുകൊണ്ടു് ഇന്നു് നാം നിന്ദനം അനുഭവിക്കുകയാണു്. സത്യത്തിനുവേണ്ടി സഹിക്കുകയാണു്. അവർ എന്നെ ദേഹോപദ്രവമേല്പിച്ചു. പക്ഷെ എനിക്കതിൽ പരിഭവമില്ല; പ്രതികാരേച്ഛയുമില്ല. സത്യം അവരുടെ കണ്ണുതെളിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.” ജയിംസും ഞാനും തല്ക്കാലം യാത്രപറഞ്ഞുപിരിഞ്ഞു.

---

നം മാത്രം വോട്ടു കിട്ടിയ കമ്മ്യൂണിസ്റ്റിനെയോ 17 ശതമാനം കിട്ടിയ പി. എസ്. പി. യേയോ ആരെയാണു ജനങ്ങൾ അനുകൂലിച്ചതു്? ഇനി മറെറാരു കണക്കു പരിശോധിക്കാം. തൃശ്ശൂർ ഡിസ്ട്രിക്ടിൽ ആകെ 29 അംഗങ്ങളിൽ 21-ം കോൺഗ്രസിനു വിജയം നൽകിയ പ്രദേശത്തെ വിധി— 72 ശതമാനം കോൺഗ്രസിനെ വിജയിപ്പിച്ച പ്രദേശത്തെ വിധി— ഇടതുപക്ഷത്തിനാണെന്നു പറഞ്ഞാൽ വിശ്വസിക്കാൻ മൂഢന്മാർ മററുവല്ലെടത്തുനിന്നും വരണം. അതുപോലെ തന്നെ കോട്ടയം ഡിസ്ട്രിക്ടിൽ 23-ൽ 15 സ്ഥാനവും —65 ശതമാനം സീററുകളും— കോൺഗ്രസിനായി വിജയിപ്പിച്ച ജനങ്ങളുടെ വിധിയും ഇടതുപക്ഷത്തിനാണുപോലും. നെയ്യാററിങ്കര മുതൽ തെക്കോട്ടുള്ള സ്ഥാനങ്ങളെല്ലാംതന്നെയും ദേവികുളം പീരുമേടും തമിഴ്നാടിനു സിദ്ധിച്ചതും ഇടതുപക്ഷമെന്നു ആരെ വിശ്വസിപ്പിക്കാം?

ഇടതുപക്ഷത്തിൽ ജനങ്ങൾ എഴുതിയ വിധി ഇപ്പോൾ എവിടെ? കടലിൽ. കമ്മ്യൂണിസ്റ്റുകൾക്കു് 21 ശതമാനം വോട്ടുചെയ്തപ്പോൾ, ഐമുക്കാക്കു മൊത്തം 30 ശതമാനം വോട്ടുചെയ്തപ്പോൾ, അവരുടെ പകുതിക്കടുത്തുമാത്രം വരുന്ന— 17 ശതമാനം മാത്രം സിദ്ധിച്ച— പി. എസ്. പി. ഭരിക്കാനാണോ ജനങ്ങൾ വിധിച്ചതു്?— അതും ഐക്യമുന്നണിയുമായി മത്സരിച്ചും അവരെ അവഗണിച്ചും ഭരിക്കാൻ.

ഇവിടെ ജനങ്ങൾ യാതൊരു ഇടതുപക്ഷവിധിയും എഴുതീട്ടില്ല. ചില വർഗ്ഗീയവാദികൾ പണ്ടേ എഴുതിവന്നിരുന്നതു് ഇപ്പോഴും ആവർത്തിച്ചു എന്നു മാത്രം —അതും തിരുവിതാംകൂർവിഭാഗത്തെക്കുറിച്ചു മാത്രം. ഈഴവരിൽ ഭൂരിപക്ഷം ഇടതുപക്ഷത്തോടു ചാഞ്ഞുപോന്നതുതന്നെ തുടരണമെന്നു യോഗംപ്രസിഡണ്ടിന്റെ കല്പനകൂടിയുണ്ടായപ്പോൾ, അതപ്പടിയേ തുടരുകയും അവരുടെ മുൻനേതാക്കന്മാരെ പുറംതള്ളുകയും ചെയ്തു. നായന്മാരിൽ ഭൂരിപക്ഷത്തിനും ഉണ്ടായിരുന്ന ക്രൈസ്തവവൈരം ക്രിസ്ത്യൻകോൺഗ്രസിനോടു വീട്ടണമെന്നുള്ള മള്ളൂർ മലയാളി ദേശബന്ധുകാഹളധ്വനി കേട്ടു് അവരും അങ്ങനെ വിധിച്ചു. തമിഴ്ദേശത്തെ ജനങ്ങൾ തമിഴ്നാടിന്റെ പേരിലും വിധി എഴുതി— ഇതെല്ലാമായിട്ടും ഭൂരിപക്ഷം കോൺഗ്രസിന്റെ പക്കൽ വന്നുചേർന്നു! അതു് ഒരു വിധിയാണെങ്കിൽ അതു് ഇടതുപക്ഷവിധിയല്ല; കോൺഗ്രസുപക്ഷത്തിനു വേണ്ടിയുള്ള വിധിയാണു്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 37 ശതമാനം മാത്രം വോട്ടു കിട്ടിയ കോൺഗ്രസിനു നാല്പത്തിഅഞ്ചര ശതമാനം വോട്ടു ഇത്തവണ കിട്ടിയതു് ഇടതുപക്ഷവിധിയെന്നു പറഞ്ഞു സ്വയം തൃപ്തിയടയുമെന്നുള്ളവർ അപ്രകാരം ചെയ്യട്ടെ, പൊതുജനങ്ങൾ ആ ചതിവിൽ ചെന്നു തീഴുകയില്ല.

(അപ്ലാ ദശ്)

Just Received
WEDDING SAREES
WHITE HALL
The Silk Palace
DIRECT IMPORTERS
MATTANCHERRY Cochin
BROADWAY Ernakulam
Maximum Sarees Minimum Price is Our Motto

# അമ്മമാരെ സഹായിക്കാം

(By a Rev. Sr. T. O. C. D.)

അമ്മമാരെ നിരന്തരം അലട്ടുന്ന ഒരു ചിന്തയുണ്ടു്. മക്കളുടെ ഭാവി, പ്രത്യേകിച്ചും പെൺമക്കളുടെ ഭാവി. “അവൾ പഠിക്കുകയാണു്, ഇപ്പോൾ ഒന്നും തീരുമാനിച്ചിട്ടില്ല.” എന്നു് ഘനമായ മറുപടി പറയുന്ന മാതാക്കളും അവരുടെ അന്തരാത്മാവിൽ ആകുലപ്പെടുന്നുണ്ടു്, എന്തായിരിക്കും ആ തീരുമാനമെന്നു്. ഏതായാലും ഇത്തവണ അമ്മ ഉറച്ചിരിക്കയാണു് മകൾ പള്ളിക്കൂടം അടച്ചു് വീട്ടിലെത്തുമ്പോൾ ഒന്നു തീർച്ചപ്പെടുത്തുവാൻ. പോരെങ്കിൽ പഠനവും ഒട്ടു് അവസാനിക്കാറായല്ലോ.

എന്നാൽ ഈ നല്ല മാതാക്കൾ ചിന്തിക്കാറുണ്ടോ, അവരുടെ മക്കൾ എങ്ങനെ ഈ തീരുമാനം ചെയ്യുന്നുവെന്നു്? ജീവിതവിജയത്തെ കാര്യമായി ബാധിക്കുന്നതും ഐഹികപാരത്രികസൗഭാഗ്യത്തിനു വഴിതെളിക്കുന്നതുമായ ഈ തീരുമാനം ചെയ്യുവാൻ എന്തറിവാണു് ആ കുട്ടികൾക്കുള്ളതു്? വിവിധ ജീവിതാവസ്ഥകളുടെ സ്വഭാവത്തേയും ചുമതലകളേയുംപററി അവർ എന്തു പഠിച്ചിട്ടുണ്ടു്? പള്ളിക്കൂടത്തിലെ പാഠ്യപദ്ധതികളിൽ ഇതൊന്നും പെടുന്നില്ലെന്നു നമ്മുടെ മാതാപിതാക്കന്മാർക്കു് അറിവില്ലായിരിക്കുമോ? അമ്മമാർതന്നെ മക്കളോടു് ഇതേപ്പററിസംസാരിച്ചിട്ടുണ്ടോ? ദൈവവിളി കണ്ടുപിടിക്കുവാനായി നിരന്തരം പ്രാർത്ഥിക്കണമെന്ന കാര്യം അവരെ ഓർമ്മപ്പെടുത്തേണ്ടതല്ലേ. വിവിധ ജീവിതാവസ്ഥകൾ സ്വീകരിച്ചു് വിജയപൂർവ്വം ജീവിതസമരം നടത്തിയിട്ടുള്ള പുണ്യാത്മാക്കളുടെ ചരിത്രങ്ങൾ വാങ്ങിക്കൊടുത്തു് മക്കളെക്കൊണ്ടു് വായിപ്പിക്കേണ്ടതു് ഒരാവശ്യമാണു്.

ഇക്കൂട്ടത്തിൽ ഏററം പ്രയോജനകരവും എല്ലാററിനും പൂർണ്ണത കല്പിക്കുന്നതുമായ ഒരാവശ്യകാര്യം കൂടിയുണ്ടു്. ദൈവവിളി നിശ്ചയിക്കുവാനായി പ്രത്യേകം നടത്തുന്ന ഒരു ഏകാന്തധ്യാനത്തിൽ (Vocation Retreat) നമ്മുടെ കുട്ടികളെ സംബന്ധിപ്പിക്കുകയാണതു്. ഇതുവരെ അവർ നടത്തിയിട്ടുള്ള പഠനത്തിന്റെയും പര്യാലോചനയുടേയും പ്രാർത്ഥനയുടേയുമെല്ലാം ഫലമായി സ്വീകരിച്ചിട്ടുള്ള അഭിപ്രായങ്ങളെ ഒന്നുകൂടി ശരിയായവിധം പരിശോധിക്കുവാനും എന്നേക്കുമായി ഒരു തീരുമാനം ചെയ്യുവാനും ഇങ്ങനെയുള്ള ധ്യാനം സഹായിക്കുന്നു. ഒരു തീരുമാനത്തിൽ എത്തിയിട്ടുള്ള വ്യക്തിയായിരുന്നാൽതന്നെയും താൻ ഏറെറടുക്കുവാൻ പോകുന്ന ജീവിതകടമകളെപ്പററി വ്യക്തമായ ജ്ഞാനം സ്വീകരിച്ചുകൊണ്ടു് അതിനായി ഒരുങ്ങുവാനും ഈ ധ്യാനം ഉപകരിക്കുന്നു.

പഠനം പൂർത്തിയാകാറായിട്ടില്ലാത്ത കുട്ടികൾക്കും ഇതു ആവശ്യമാണു് കാരണം കഴിയുന്നത്ര വേഗം ജീവിതാവസ്ഥയെപ്പററി ഒരു നിശ്ചയം ചെയ്യുക വളരെ നല്ലതാണു്. പിന്നീടുള്ള പഠനമെല്ലാം അതിനുള്ള ഒരുക്കമെന്നവണ്ണം നിർവ്വഹിക്കുവാൻ അതുമൂലം അവർക്കു കഴിയും. തെററായ ആശയങ്ങൾ കടന്നുകൂടാതെയും ഐഹികവ്യാമോഹങ്ങളിൽ പെടാതേയും സ്വയം സൂക്ഷിക്കുവാൻ ഈ ശിക്ഷണം തികച്ചും ഉപകരിക്കുന്നതാണു്.

“കാര്യമെല്ലാം കൊള്ളാം. എന്നാൽ ധ്യാനംകൂടി കഴിയുമ്പോൾ എന്റെ മകൾ വല്ല മഠത്തിലുംകൂടി കളഞ്ഞാലോ” എന്നു ഭയപ്പെടുന്ന അമ്മമാരുണ്ടോ! അവർ ഒരു കാര്യം ധരിക്കേണ്ടതുണ്ടു്. ഈ ധ്യാനം കുട്ടികളെ മഠത്തിലാക്കാനുള്ളതല്ല, പിന്നെയോ, ദൈവം വിളിക്കുന്ന ജീവിതത്തിലേക്കു് നയിക്കുവാനുള്ളതാണു് വിവാഹം കഴിക്കുവാൻ ഇടയുള്ളവർക്കാണു് വാസ്തവത്തിൽ ഈ ധ്യാനം കൂടുതൽ പ്രയോജനപ്പെടുന്നതു്. എല്ലാ ജീവിതാവസ്ഥകളെയുംപററി വേണ്ട അറിവു നൽകുകയാണു് ധ്യാനവേളയിൽ ചെയ്യുന്നതു്. ഉടനെതന്നെ ഒരു തീരുമാനത്തിൽ എത്തിയില്ലെന്നും വരാം.

മേൽ പ്രസ്താവിച്ച കാര്യങ്ങളിൽനിന്നു വ്യക്തമാകുന്നതുപോലെ ഇക്കൊല്ലം ഒരു ഏകാന്തധ്യാനം കഴിച്ചിട്ടുള്ളവരും ദൈവവിളി തീരുമാനിക്കാനുള്ള ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണു്. കാരണം ഇതു കഴിഞ്ഞ ജീവിതത്തെപ്പററിയുള്ള പരിശോധനയെന്നതിനെക്കാൾ വരുന്ന ജീവിതത്തെകുറിച്ചുള്ള പഠനമാണു്. ആകയാൽ എല്ലാ മാതാക്കളും തങ്ങളുടെ മക്കളെ ഇങ്ങനെയുള്ള ഒരു ധ്യാനത്തിനായി അയക്കുവാൻ ശ്രമിക്കട്ടെ.

ജീവിതാവസ്ഥ തിരഞ്ഞെടുക്കുന്നതിനുള്ള ധ്യാനം—1954 ഏപ്രിൽ 19-ാംനു വൈകുന്നേരം മുതൽ 24-ാംനു കാലത്തുവരെ. ധ്യാനപ്രസംഗകൻ: റവ. ഫാദർ മാത്യു മങ്കുഴിക്കരി. ഭക്ഷണച്ചിലവു് 10 ക. ശയ്യോപകരണങ്ങൾ കൊണ്ടുവരണം. ചിലവു മുഴുവൻ വഹിക്കുവാൻ നിവൃത്തിയില്ലാത്തവർ മുൻകൂട്ടി അറിയിക്കണം. പാടുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതാണു്.

അപേക്ഷയ്ക്കുള്ള മേൽവിലാസം:

Vocation Retreat
St. Mary's Convent,
Ernakulam

—o—

## മാർപ്പാപ്പാ തിരുമേനി പുറത്തിറങ്ങി സഞ്ചരിച്ചു

കഴിഞ്ഞ ജനുവരിയിൽ രോഗബാധിതനായശേഷം ഇതുവരെ കട്ടിലിലായിരുന്ന പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് മാർച്ച് 26-ാംനു വത്തിക്കാൻ ഉദ്യാനങ്ങളിൽ അരമണിക്കൂർനേരം കാറിൽ സവാരിനടത്തിയതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

# ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല തിരുവനന്തപുരം.

## അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1949 | 5 92,310 | 13,17,211 | 17,20,138 | 25,26,296 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,57,573 |
| 1951 | 5,95,750 | 19,39,775 | 25,13,684 | 32,22,250 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കുഞ്ചെറിയാ ററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ)


(2-ാം പേജ് തുടർച്ച)

സോഷ്യലിസത്തിൽ വിശ്വസിക്കുന്ന യാതൊരുത്തനും പുതിയ പ്രജാസോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗത്വം സ്വീകരിക്കുവാൻ സാദ്ധ്യമല്ലതന്നെ." ആകയാൽ "സംയോജനതീരുമാനം തങ്ങൾക്കൊട്ടും ബാധകമല്ലെന്നും, തങ്ങളുടെ പ്രവർത്തനം മാർക്സ്യൻ രീതിയിൽതന്നെ തുടരുമെന്നും, മാർക്സിസ്റ്റ് സംഘടനകളുടെ ഏകീകരണത്തിനായി തങ്ങൾ പ്രവർത്തിക്കുമെന്നും" പറഞ്ഞിട്ടുണ്ടു്. പ്രസ്താവനയിലെ ഒപ്പുകാരിൽ രണ്ടുപേർ പ്രൊവിൻഷ്യൽ എക്സിക്യൂട്ടീവ് അംഗങ്ങളാണു്.

ഐ. എസ്. പി. മാർക്സ്യൻ സിദ്ധാന്തങ്ങൾ സ്വീകരിച്ചിരുന്നുവെന്നും, പ്രജാസോഷ്യലിസ്റ്റ് പാർട്ടി അതു സ്വീകരിക്കുന്നില്ലെന്നും ഐ. എസ്. പി. യുടെ ഈ ബംഗാൾ പ്രൊവിൻഷ്യൽ ശാഖ സ്പഷ്ടമായി സാക്ഷ്യം വഹിക്കുന്നില്ലയോ?

### ഇടതുപക്ഷസോഷ്യലിസ്റ്റു ഗ്രൂപ്പ് കമ്മ്യൂണിസത്തിലേക്കു്

ഐ. എസ്. പി. യുടേയും കെ. എം. പി. യുടേയും സംയോജനത്തിന്റെ പ്രത്യാഘാതം ഇവിടേയും നിലച്ചില്ല. ഐ. എസ്. പി. യിലെ ഇടതുപക്ഷഗ്രൂപ്പിനെ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്കു് പായിക്കുവാനും ഈ സംയോജനം കാരണമായി. സംയോജനത്തിന്റെ ആലോചന ഫലിക്കുമെന്നു് ബോദ്ധ്യപ്പെട്ടതിനാൽ പ്രസ്തുത ഗ്രൂപ്പിന്റെ നേതൃത്വം വഹിച്ചിരുന്ന മിസ്സിസ് അരുണ ആസഫ് ആലി, സംയോജനം തീരുമാനപ്പെട്ടതിയ സെപ്റ്റംബർ 26-ാം തീയതിയുടെ തലേദിവസം, 25-ാംനു പ്രഖ്യാപിച്ചു തങ്ങൾ കമ്മ്യൂണിസ്റ്റു പാർട്ടിയുമായി സംയോജിക്കുവാൻ നിശ്ചയിച്ചുവെന്നു്. ഗ്രൂപ്പിന്റെ ഓർഗനൈസിംഗ് കമ്മിററിയാണു് തലേദിവസത്തെ യോഗത്തിൽ ഈ തീരുമാനം എടുത്തതെന്നും, അതു സ്ഥിരീകരിക്കാൻ ഗ്രൂപ്പിന്റെ ഒരു കൺവൻഷൻ ഡിസംബറിൽ സമ്മേളിക്കുമെന്നും ആ മഹതി പറഞ്ഞു. സ്റ്റേററുകളിലേയും ഡിസ്ട്രിക്റ്റുകളിലേയും കമ്മിററികളോടു് അടുത്ത രണ്ടു മാസങ്ങൾക്കുള്ളിൽ ഗ്രൂപ്പിനെ പിരിച്ചുവിടാൻവേണ്ടി പ്രത്യേകസമ്മേളനങ്ങൾ നടത്തണമെന്നും, ഗ്രൂപ്പിലെ സകല അംഗങ്ങളോടും കമ്മ്യൂണിസ്റ്റു പാർട്ടിയിലെ അംഗത്വത്തിനു് അപേക്ഷിക്കുവാൻ നിർദ്ദേശിക്കണമെന്നും ഓർഗനൈസിംഗ് കമ്മിററി ആവശ്യപ്പെട്ടിട്ടുള്ളതായും അവർ പ്രസ്താവിച്ചു, കമ്മ്യൂണിസ്റ്റ് പൊളിററ് ബ്യൂറോയുടെ രണ്ടംഗങ്ങൾ പ്രസ്തുത തീരുമാനത്തെ അനൗദ്യോഗികമായി സ്വാഗതം ചെയ്തിട്ടുണ്ടെന്നും, കമ്മ്യൂണിസ്റ്റു പാർട്ടിയെ സംബന്ധിച്ചു് തങ്ങൾക്കു് ചില അഭിപ്രായവ്യത്യാസങ്ങൾ മുൻപുണ്ടായിരുന്നതു് ഇപ്പോൾ ഇല്ലാതായിരിക്കുന്നുവെന്നും അവർ സമ്മതിച്ചു. ഐ. എസ്. പി. —കെ. എം. പി. സംയോജനം അപജയബോധത്തിൽ നിന്നു് ജനിച്ച അവസരംനോക്കിയുള്ള ശ്രമമാണെന്നു് ആ മഹതി ആക്ഷേപിച്ചു.

ഇടതുപക്ഷസോഷ്യലിസ്റ്റ് ഗ്രൂപ്പിന്റെ ഐ. എസ്. പി. യിൽനിന്നുള്ള ഈ വേർപെടലും കമ്മ്യൂണിസ്റ്റു പാർട്ടിയിലേക്കുള്ള അതിന്റെ ലയനവും പരോക്ഷമായിട്ടെങ്കിലും തെളിയിക്കുന്നില്ലയോ, ഐ. എസ്. പി. മാർക്സിസ്റ്റു പടം ഊരിക്കളഞ്ഞിട്ടാണു് പി. എസ്. പി. യുടെ രൂപം കൈക്കൊണ്ടതെന്നു്?

### ജയപ്രകാശും മാർക്സിസം ഉപേക്ഷിച്ചു

ഐ. എസ്. പി. യിൽനിന്നു് മാർക്സിസം തിരസ്കരിക്കപ്പെട്ട ഈ ഗഡുവിൽത്തന്നെ അതിന്റെ നേതൃത്വം വഹിച്ചുകൊണ്ടിരുന്ന ശ്രീ ജയപ്രകാശിനു് തദനുരൂപമായ മനസ്സുമാററം വന്നതു് പ്രത്യേകിച്ചും ചിന്താർഹമാണു്.. "ഇൻഡ്യൻ കമ്മിററി ഫോർ കൾച്ചറൽ ഫ്റീഡം" എന്ന സാംസ്കാരികസമിതിയുടെ മുഖപത്രമായി പൂനായിൽനിന്നു് പുറപ്പെടുന്ന "Freedom First" എന്ന മാസികയുടെ 1952 സെപ്റ്റംബർ ലക്കത്തിൽ അദ്ദേഹം എഴുതിയ ഒരു ലേഖനത്തിൽ ആ മനസ്സുമാററം ഇപ്രകാരം ഏററുപറഞ്ഞു:

"ഡയലക്ടിക്കൽ മെററീരിയലിസം (അതാണല്ലോ മാർക്സിസം) എന്ന ദേവതയുടെ ശ്രീകോവിലിൽ വളരെ വർഷം ഞാൻ ആരാധനനടത്തി. അതു് മറേറതു തത്വശാസ്ത്രത്തെക്കാളും ബുദ്ധിപരമായി കൂടുതൽ തൃപ്തികരമാണെന്നു് എനിക്കു തോന്നിയിരുന്നു. എന്നാൽ തത്വശാസ്ത്രത്തെപ്പററിയുള്ള എന്റെ പ്രധാനാന്വേഷണം തൃപ്തികരമായ നിലയിൽ എത്തിയിട്ടില്ലാത്ത വേളയിൽ തന്നെ, യഥാർത്ഥമനുഷ്യനാകുവാനുള്ള ഉപാധികളെ ഏതുതരത്തിലുള്ള ഭൗതികവാദവും മനുഷ്യനിൽനിന്നു അപഹരിക്കുന്നുവെന്നു് എനിക്കു സുവ്യക്തമായി ബോദ്ധ്യപ്പെട്ടിരിക്കുകയാണു്. നന്മ ചെയ്യുന്നതിനുള്ള യുക്തിപൂർവ്വകമായ യാതൊരു പ്രേരണയും ഭൗതികമായ നാഗരികതയിൽ മനുഷ്യനുണ്ടായിരിക്കുന്നില്ല. ഡയലക്ടിക്കൽ മെററീരിയലിസത്തിന്റെ നാട്ടിൽ ഭീതി മനുഷ്യരെ അനുസരണയുള്ളവരാക്കുന്നുണ്ടാവാം; പാർട്ടി (മാർക്സിസ്റ്റ് പാർട്ടി) ദൈവത്തിന്റെ സ്ഥാനം എടുക്കുന്നുണ്ടാവാം. എന്നാൽ ആ ദൈവം തന്നെ (പാർട്ടി) ദുഷ്ടമായിത്തീരുമ്പോൾ, ദുഷ്ടരായിരിക്കുക എന്നതു് ഒരു സാർവ്വത്രികനിയമമായിത്തീരുന്നു. ആകയാൽ നന്മചെയ്യുന്നതിനുള്ള പ്രേരണകൾ കണ്ടെത്തുന്നതിനായി മനുഷ്യൻ മെററീരിയലിസത്തിനു് (ഭൗതികത്വത്തിനു്) അപ്പുറത്തേക്കു പോകണമെന്നു് എനിക്കു് പൂർണ്ണബോദ്ധ്യമായിരിക്കുന്നു. തൽഫലമായി ഒരു മെററീരിയലിസ്റ്റ് (ഭൗതിക) തത്വശാസ്ത്രത്തിന്റെ നിവേശനത്തിൻകീഴിൽ സാമൂഹ്യപുനസ്സംഘടനായത്നം വിജയിക്കുക സാദ്ധ്യമ[illegible]ന്നുംകൂടി എനിക്കു് ബോദ്ധ്യമായിരിക്കുന്നു."

ആദ്ധ്യാത്മികവീഥി (22)

## വഞ്ചിതരാകരുത്

ദൈവത്തിന്റെ വത്സലമക്കളേ,

സകല നന്മകളുടേയും ശത്രുവായ പിശാചു പല കാര്യങ്ങളിലും നമ്മെ വഞ്ചിക്കാറുണ്ടു്. അതിലൊന്നു വലിയ അധർമ്മങ്ങൾ ചില ഭക്ത്യഭ്യാസങ്ങൾകൊണ്ടു് മൂടിക്കളയുകയെന്നുള്ളതാണു്. അതിനൊരു നല്ല ഉദാഹരണം "വേദപ്രചാരമദ്ധ്യസ്ഥൻ" രജതജൂബിലിലക്കത്തിൽ ജി. സി. ടീലാർ "ഉപകാരി" എന്ന ചെറുകഥയിൽ നൽകുന്നുണ്ടു്. അതിന്റെ ഒരു രത്നച്ചുരുക്കം പറയാം.

പരമഭക്തനായ ഒരു ക്രിസ്ത്യാനിയാണു് ഈനാപ്പി. വെളുക്കും മുമ്പേ എഴുന്നേററു പള്ളിയിൽ പോകുക, കുർബാന കാണുക, ദിവ്യകാരുണ്യം സ്വീകരിക്കുക എന്നീ പരിപാടികൾ മുടക്കംകൂടാതെ അനുദിനം അനുഷ്ഠിച്ചുവരികയാണു് ഈനാപ്പിയും ത്രേസ്യാമ്മയും. വയസ്സു അറുപത്തിയഞ്ചും അറുപതും ആയെങ്കിലും ഒരു സന്താനമേയുള്ളൂ.

അനുജൻ ചെറിയാച്ചനു പത്തുണ്ടുമക്കളുണ്ടു്. ചെറിയാച്ചനും ഏലിയാമ്മയും ഞായറാഴ്ചയും കടമുള്ള തിരുനാളുകളിലും പള്ളിയിൽ പോകുക മുടക്കാറില്ലെങ്കിലും ഇടദിവസങ്ങളിൽ പോകാൻ പലപ്പോഴും വീട്ടുജോലിയുടെ കൂടുതൽകൊണ്ടു സാധിക്കയില്ല. മക്കളുടെ നല്ല വളർത്തലിലാണു് അവരുടെ ശ്രദ്ധയെല്ലാം.

ഈനാപ്പിയും ചെറിയാച്ചനും ധനികരാണു്. ഒരു ദിവസം ഈനാപ്പി പള്ളിയിൽനിന്നു തിരികെ വരുമ്പോൾ "കുമരി" ഒരു ചാക്കുമായി കാത്തുനില്ക്കുകയാണു്. അവനു രണ്ടു പറനെല്ലു അത്യാവശ്യമാണു്, അപ്പന്റെ അടിയന്തിരത്തിനു്. ഒരു മാസം കഴിഞ്ഞു 25 ഇടങ്ങഴി നെല്ലു തിരികെ കൊണ്ടുവരണമെന്നുള്ള കരാറിന്മേൽ 20 ഇടങ്ങഴി നെല്ലു് കൊടുത്തു.

കുമരി അളവിൽ ഒട്ടും കുറയരുതല്ലോ എന്നു വിചാരിച്ചു 27 ഇടങ്ങഴി നെല്ലുംകൊണ്ടു കൃത്യസമയം വന്നു. ഈനാപ്പി അളന്നു നോക്കിയപ്പോൾ അതു 23 ഇടങ്ങഴിയേ ഉള്ളൂ. ബാക്കി രണ്ടിടങ്ങഴികൂടി ആവശ്യപ്പെട്ടു. അളവിന്റെ ഈ വ്യത്യാസത്തെപ്പററി അന്വേഷിച്ചപ്പോഴാണറിയുന്നതു് അയാൾക്കു നെല്ലളന്നു കൊടുക്കാൻ ഒരു ഇടങ്ങഴിയും തിരികെ വാങ്ങാൻ മറെറാന്നും ഉണ്ടെന്നുള്ളതു്. അയാളുമായി ഇടപെടുന്ന ആരേയും വഞ്ചിക്കാതെ വിടുകയുമില്ല.

ഈ ഈനാപ്പി പതിനായിരത്തിൽപ്പരം രൂപാ ചെലവുചെയ്തു ത്രേസ്യാമ്മയുടെ ഷഷ്ടിപൂർത്തിസ്മാരകമായി ഒരു ഗ്രോട്ടോ ഇടവകപള്ളിക്കു പണിയിച്ചുകൊടുത്തു. ഗ്രോട്ടോയുടെ ഉൽഘാടനവും വെഞ്ചരിപ്പും സാഘോഷം നിർവ്വഹിക്കപ്പെട്ടു. ഈനാപ്പിയുടെ ഗുണഗണങ്ങളെ വാനോളം പുകഴ്ത്തി പല പ്രസംഗങ്ങളും അന്നു ഉച്ചഭാഷിണിയിൽക്കൂടി നടത്തുകയുണ്ടായി. അയാളുടെ ഭക്തി ഉടലെടുത്തതാണോ ആ ഗ്രോട്ടോ എന്നുപോലും ഒരു പ്രസംഗകൻ സംശയിച്ചു.

"ത്രേസ്യാമ്മ ഈനാപ്പിയുടെ ഷഷ്ടിപൂർത്തിസ്മാരകമായി ധനാഢ്യനും, ധർമ്മിഷ്ഠനും, സുസമ്മതനുമായ ഈനാപ്പി പണികഴിപ്പിച്ച ഗ്രോട്ടോ" എന്നു മാർബിളിൽ കൊത്തിയിരുന്നതു കുമരി കണ്ടു. "മുതലാളീടെ രണ്ടുതരം ഇടങ്ങഴീടെ കാര്യംകൂടി അതിനു താഴെ കൊത്തിച്ചിട്ടിരുന്നെങ്കിൽ സത്യം മുഴുവനുമാകുമായിരുന്നില്ലേ?" എന്നു അവൻ ചോദിച്ചു പോയി.


ആഴ്ചതോറുമുള്ള കുമ്പസാരത്തിൽ ഈ ഇടങ്ങഴികളുടെകാര്യം അയാളുടെ മനസ്സിൽ വരാറില്ലേ? സംശയിക്കണം. ആദ്യം രണ്ടുമൂന്നു കുമ്പസാരത്തിനു വന്നിരിക്കാം. അന്നു പിശാചു തോന്നിച്ചുവല്ലു കള്ളന്യായവും പിടിച്ചു് അയാൾ അതിനെ അമർത്തിക്കാണും. പിന്നീടു് അത്ര കാര്യമായി കരുതാറുമില്ല. അതുകൊണ്ടു സംഗതിയുടെ ഗൗരവം കുറയുന്നില്ല. പതിനായിരം രൂപായുടെ ഗ്രോട്ടോയ്ക്കുപോലും—പ്രത്യേകം അയാളുടെ സ്തുതിക്കായി പണുത ആ ഗ്രോട്ടോയ്ക്കുപോലും—അയാളുടെ അധർമ്മത്തെ മൂടുന്നതിനോ ലാഘവീകരിക്കുന്നതിനോ കഴിവില്ല.

നാമും പിശാചിനാൽ വഞ്ചിക്കപ്പെട്ടു വല്ല അധർമ്മങ്ങളും പുണ്യാഭ്യാസങ്ങളുടെ മറയിൽ ഒളിച്ചുവച്ചിട്ടുണ്ടോ എന്നു നോക്കണം.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

മാർക്സിസവും ഗാന്ധിസവും തമ്മിലുള്ള വ്യത്യാസം, ദ്വേഷവും സ്നേഹവും, അക്രമവും സമാധാനവും, വിപ്ലവവും വികസനവും തമ്മിലുള്ളതാണു്. ജയപ്രകാശും അദ്ദേഹത്തിന്റെ സോഷ്യലിസവും മാർക്സിസ്റ്റ് ഗണത്തിലാണു് പെട്ടിരുന്നതു്. അദ്ദേഹത്തോടൊന്നിച്ചു് ആ സോഷ്യലിസവും മാർക്സിസ്റ്റ് വലയംവിട്ടു് ഗാന്ധിസിസ്റ്റ് വലയത്തിലേക്കു കാൽവച്ചു. അങ്ങനെ ജനിച്ച സോഷ്യലിസമാണു് പി. എസ്. പി. യുടേതു്. ആകയാൽ ആ സോഷ്യലിസത്തെ പാർട്ടിയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുവാൻ കത്തോലിക്കർക്കു് വിരോധമില്ല. നേരെമറിച്ചാണു് ഐ. മു. പാർട്ടികളുടെ നില. നിഷിദ്ധമായ മാർക്സിസം അവ മൂന്നിലുമുണ്ടു്, ഏറിയതും കുറഞ്ഞതുമായതോതിൽ തന്മൂലം, അവയ്ക്കു് തിരുക്കൊച്ചിയിലെ പി. എസ്. പി. മന്ത്രിസഭയെ എതിർത്തേ കഴിയൂ. എതിർപ്പിന്റെ യാഥാർത്ഥ്യം കാണണമെങ്കിൽ ഈ ലക്കത്തിലെ പ്രസാധകക്കുറിപ്പുകളിലേക്കു് ദൃഷ്ടി തിരിച്ചാലും.


For favours received




N. V. Thomas, Nellickal, Kothamangalam.

Excuse delay.


### ബ്രിട്ടന്റെ പുതിയ വത്തിക്കാൻ പ്രതിനിധി

വത്തിക്കാനിലെ ബ്രിട്ടീഷ് സ്ഥാനപതിയായിരുന്ന സർ വാൾട്ടർ റോബർട്ട്സ് ജോലിയിൽനിന്നു വിരമിച്ചതിനെത്തുടർന്നു് സർ ഡഗ്ലസ് ഹൗവാർഡ് അവർകളെ തൽസ്ഥാനത്തു നിയമിച്ചിരിക്കുന്നു. 1919 മുതൽ ഡിപ്ലോമാററിക്ക് സർവ്വീസിൽ പ്രശസ്തമായ സേവനം നടത്തിവരുന്ന ഇദ്ദേഹം, സ്പെയിൻ, ഉറുഗ്വേ ആദിയായ സ്ഥലങ്ങളിൽ അംബാസിഡർപദം വഹിച്ചിട്ടുള്ളതാണു്.

Reg. No. M. 2293

# Sathya Deepam

Vol. 27 — Ernakulam, March 31, 1954 — No. 31

# —വിവിധവൃത്താന്തങ്ങൾ—

### രണ്ടാം എലിസബെത്ത് ഒന്നാം എലിസബെത്തിനെക്കുറിച്ച്

എലിസബെത്തുരാജ്ഞി ന്യൂസിലണ്ടിൽനിന്നു ഇക്കഴിഞ്ഞ ക്രിസ്മസ്സിനു് സ്വജനങ്ങൾക്കായി അയച്ച പ്രക്ഷേപണിസന്ദേശത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "എന്റെ ഭരണം ഒരു നവീന എലിസബെത്തൻ യുഗമായിരിക്കുമെന്നുള്ള പ്രതീക്ഷ ചിലർ പ്രകടിപ്പിക്കുന്നതായി ഞാൻ കാണുന്നു. എന്നാൽ വിശ്രുതയായ എന്റെ ആ പുരോഗാമിയിൽനിന്നു ഞാൻ എത്രയോ വിഭിന്നയാണെന്നു ഞാൻ ഏററുപറയുന്നു. അവൾക്കു ഒരു ഭർത്താവുണ്ടായിരുന്നില്ല, മക്കളും ഉണ്ടായിരുന്നില്ല. സ്വേച്ഛാധിപതിയായിട്ടത്രെ അവൾ ഭരണം നടത്തിയിരുന്നതു്. സ്വരാജ്യംവിട്ടു് പുറത്തേക്കിറങ്ങുന്നതിനു് അവൾക്കു ഒരിക്കലും സാധിച്ചിരുന്നില്ല...." കത്തോലിക്കാപത്രങ്ങൾ ഒന്നടങ്കം ഇതു രാജ്ഞിയുടെ ഭരണത്തിന്റെ ഒരു ശുഭസൂചനയായി പരിഗണിക്കുന്നു.

### പത്രലോകം
### മതത്തെ അവഗണിക്കുന്നു

ഒരു കത്തോലിക്കനും തൊഴിലാളി പാർലമെന്റുമെമ്പറുമായ ലോർഡ് പാക്കെൻഹാം ലണ്ടനിലെ ഒരു ക്ലബ്ബുവാർഷികത്തിൽ പറഞ്ഞു: "നമ്മുടെ ബ്രിട്ടീഷ് പത്രലോകം പ്രായേണ മതത്തെ ബോയിക്കോട്ടു് ചെയ്യുകയാണെന്നു പറയാം. മതത്തെ അവർ വെറുക്കുന്നുവെന്നു ഞാൻ പറയുന്നില്ല. മതത്തെപ്പററിശബ്ദിക്കാൻ അവർ ശങ്കിക്കുന്നു. ജീവിതത്തിലെ ഒരു പ്രധാനഘടകമാണു് മതമെന്നു് എല്ലാവരും സമ്മതിക്കും. എന്നാൽ നമ്മുടെ പത്രങ്ങൾ ഈ സുപ്രധാനവിഷയത്തെപ്പററി മിണ്ടാതെ, ഉപചാരമുറയ്ക്കു്, ഒഴിഞ്ഞുമാറുന്നു. വായനക്കാർക്കു് മതത്തെപ്പററി കേൾക്കാൻ ഇഷ്ടമില്ലെന്നാണു് നമ്മുടെ പത്രാധിപന്മാർ പറയുന്നതു്. ഇതു ഒരിക്കലും വാസ്തവമല്ല. അവർ ഇതു തെളിയിക്കേണ്ടതായിട്ടാണിരിക്കുന്നതു്......"

### ബ്രിട്ടീഷ് കത്തോലിക്കർ പുരോഗമിക്കുന്നു

1954 ലെ കത്തോലിക്കാ ഡയറക്ടറി അനുസരിച്ചു് ഇംഗ്ലണ്ടിലും വെയിൽസിലുംകൂടി ഇപ്പോൾ ഇരുപത്തിയൊൻപതുലക്ഷത്തി പതിനെണ്ണായിരം കത്തോലിക്കരാണുള്ളതു്. കഴിഞ്ഞകൊല്ലത്തേക്കാൾ 61500 കൂടിയിട്ടുണ്ടു്. ഇതിൽ 11532 പേർ തന്നാണ്ടു് സഭയിൽ പ്രവേശിച്ചവരാണു്. 4317 ഇടവകപ്പട്ടക്കാരും, 2483 സന്യാസപ്പട്ടക്കാരും ഉൾപ്പെടെ ആകെ വൈദികരുടെ സംഖ്യ 6800 ആയിട്ടുണ്ടു്. തലേക്കൊല്ലത്തെക്കാൾ 50 ന്റെ വർദ്ധനവേ ഉണ്ടായിട്ടുള്ളു. പള്ളികൾ ആകെ 2909-ം മഠങ്ങൾ 1113-ം ആണു്. 2171 കത്തോലിക്കാ വിദ്യാലയങ്ങളിലായി അഞ്ചുലക്ഷത്തി അൻപത്തീരായിരം കത്തോലിക്കാ കുട്ടികൾ പഠനംനടത്തിവരുന്നു. ഓരോ ഇടവകയിൽ സ്ഥിരതാമസക്കാരായിട്ടുള്ളവരുടെ പേരുകൾ മാത്രമേ ലിസ്റ്റിൽ ചേർത്തിട്ടുള്ളു. അങ്ങനെയല്ലാത്തവരായി ഒരു നല്ല സംഖ്യയുണ്ടെന്നും, അതിനാൽ മൊത്തത്തിൽ കത്തോലിക്കരുടെ സംഖ്യ ഇപ്പോൾ 40 ലക്ഷത്തിൽ കുറയുകയില്ലെന്നും കണക്കാക്കിയിരിക്കുന്നു. സ്കോട്ട്ലണ്ടിൽ 10 ലക്ഷവും, അയർലണ്ടിൽ 5 ലക്ഷവും ഉൾപ്പെടെ ബ്രിട്ടീഷ് ഭരണത്തിൽ ആകെ അവിടെ അൻപത്തഞ്ചുലക്ഷത്തിൽ കുറയാതെ കത്തോലിക്കരുണ്ടാകുമെന്നാണു് രേഖപ്പെടുത്തിയിരിക്കുന്നതു്. വെസ്റ്റ്മിനിസ്റ്റർ അതിരൂപതയിൽത്തന്നെ ഇപ്പോൾ മൂന്നുലക്ഷത്തി അറുപത്തിനാലായിരം കത്തോലിക്കരുണ്ടെന്നു കാണുന്നതു് ഒരു ചില്ലറ പുരോഗമനമല്ല.

### ൱കൊല്ലംമുമ്പു് വിദ്യാഭ്യാസത്തിന്റെ നില

1858 മേയ് 22 ലെ "ബഫലോ സെന്റിനൽ" എന്ന പത്രത്തിൽ യൂറോപ്യൻ രാജ്യങ്ങളിലെ അന്നത്തെ സാക്ഷരതാനിലയെപ്പററി പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു റിപ്പോർട്ടു് ഈയിടെ ചില പത്രങ്ങളിൽ പകർത്തിയിരിക്കുന്നതായിക്കണ്ടു. കേംബ്രിഡ്ജ് സർവ്വകലാശാലയിൽനിന്നു് നിയമിച്ചിരുന്ന ഒരു കമ്മീഷൻ അക്കാലത്തു് ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളാണവ. "ഫ്രാൻസിൽ 550 കുട്ടികൾക്കു ഒരു പ്രൈമറിസ്കൂൾ വീതമുണ്ടു്. പ്രഷ്യായിൽ 655 നു ഒന്നുവീതമേയുള്ളു. ബവേറിയായിൽ 603 നു് ഒന്നും, സാക്സനിയിൽ 900 നു് ഒന്നും വീതമാണുള്ളതു്. ഓസ്ട്രിയായിൽ 1247 നു് ഒന്നുള്ളപ്പോൾ, ഇംഗ്ലണ്ടിൽ 4500 കുട്ടികൾക്കു് ഒരു പ്രൈമറിസ്കൂൾ വീതമേയുള്ളു. ഇംഗ്ലണ്ടു് പൊതുജനവിദ്യാഭ്യാസത്തിനായി എത്ര കുറച്ചുമാത്രം ശ്രമിക്കുന്നുവെന്നു് ഇതിൽനിന്നു കാണാം. ഫ്രാൻസു് വിദ്യാഭ്യാസവിഷയത്തിൽ ആണ്ടിൽ ഒരുകോടിയോളം ഡോളർ ചെലവിട്ടപ്പോൾ, ഇംഗ്ലണ്ടു് 6 ലക്ഷം മാത്രമാണു് ചെലവിട്ടുന്നതു്. എഴുതുവാനും വായിക്കുവാനും കഴിയാത്തവരായി, ഇംഗ്ലണ്ടിലും വെയിൽസിലുംകൂടി ഇപ്പോൾ 80 ലക്ഷം ആളുകളുണ്ടു്. അതായതു്, ആകെ ജനസംഖ്യയിൽ നാലിലൊന്നു്. അഞ്ചുവയസ്സിനും പതിന്നാലുവയസ്സിനുംമദ്ധ്യേയുള്ള കുട്ടികളിൽ പകുതിയിലധികവും യാതൊരുവിദ്യാലയത്തിലും പോകാത്തവരാണു്." നവീകരണംകൊണ്ടു് ഇംഗ്ലണ്ടിനു് അക്കാലത്തു സിദ്ധിച്ച പുരോഗമനം ഇത്തരത്തിലായിരുന്നു!

### 'പാപ്പാ സംസാരിക്കുന്നു'

12-ാം പീയൂസ് തിരുമനസ്സിലെ പ്രഭാഷണങ്ങളും ഔദ്യോഗികലേഖനങ്ങളും കൂട്ടിച്ചേർത്തു തുടർച്ചയായി ഒരു ഗ്രന്ഥാവലി പ്രസിദ്ധപ്പെടുത്തുന്നതിനു് അമേരിക്കയിലെ ഒരു കമ്പനിക്കാർ ആരംഭിച്ചിരിക്കുന്നു. The Pope Speaks (പാപ്പാ സംസാരിക്കുന്നു) എന്നത്രെ അതിന്റെ അഭിധാനം. ആണ്ടിൽ നാലു വാല്യം വീതം പ്രസിദ്ധപ്പെടുത്താനാണുദ്ദേശം. ഗണനീയന്മാരായ വൈദികരും അൽമേനികളും അടങ്ങിയ ഒരു കമ്മിററി അതിലേക്കു് നിയമിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഒരു കന്യാസ്ത്രീയും ഏതാനും മഹതികളും ഇതിൽ ഉൾപ്പെടുന്നുണ്ടു്. തിരുസഭാദ്ധ്യക്ഷന്റെ പ്രഖ്യാപനങ്ങൾ കത്തോലിക്കർക്കും അകത്തോലിക്കർക്കും സുഗമമായി കൈവശമുണ്ടാകത്തക്കവണ്ണം ഏർപ്പാടുചെയ്യണമെന്നുള്ളതാണു് ഈ പ്രസിദ്ധീകരണത്തിന്റെ ഉദ്ദേശം എന്നത്രെ പ്രസാധകന്മാരുടെ പ്രസ്താവനയിൽ പറയുന്നതു്. ആദ്യത്തെ പുസ്തകം ഉടനെതന്നെ പുറത്തുവരുന്നതാണു്.

### ഫിലിപ്പൈൻ പ്രസിഡന്റിന്റെ അഭിപ്രായം

പുതുതായി പ്രസിഡൻറുപദം പ്രാപിച്ചിരിക്കുന്ന മാഗ്സൈസെ പറഞ്ഞു: "ഡെമോക്രസി വേണ്ടപോലെ നാം കൈകാര്യം ചെയ്യുന്നപക്ഷം കമ്മ്യൂണിസത്തിനു് മേലിൽ ഇവിടെ തലപൊക്കാൻ സാധിക്കുന്നതല്ല. നമ്മുടെ രാജ്യവാസികൾ ഒന്നടങ്കം, സിവിലും പൊളിററിക്കലുമായ അവകാശങ്ങൾ പൂർണ്ണമായി അനുഭവിക്കണമെന്നു മാത്രമല്ല ഞാനിതുകൊണ്ടർത്ഥമാക്കുന്നതു്. സാമുദായികവും സാമ്പത്തികവുമായ പുരോഗമനത്തിൻവേണ്ട സകല അവസരങ്ങളും അവർക്കുണ്ടാകണം. പബ്ളിക്സ്കൂളുകളിലും മതപഠനം നടത്തേണ്ടതാണെന്നാകുന്നു എന്റെ അഭിപ്രായം. ഫിലിപ്പൈൻസിലെ കമ്മ്യൂണിസ്റ്റുവിപത്തു് തടയുന്നതിനു് ഏററം പററിയ ഒരു മാർഗ്ഗം മതവിശ്വാസമാണെന്നത്രെ എന്റെ ബോദ്ധ്യം."

### ജപ്പാനിൽ മരിയവത്സരാഘോഷങ്ങൾ

ജൂബിലിവത്സരം പ്രഖ്യാപിതമായതോടുകൂടിത്തന്നെ ജാപ്പ് കത്തോലിക്കർ അവരുടെ മരിയഭക്തിപ്രകടനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ദൈവജനനിയുടെ നാമത്തിലുള്ള അവിടത്തെ പ്രസിദ്ധ പള്ളികളിലേക്കു് തീർത്ഥകർ പ്രവഹിച്ചുകൊണ്ടിരിക്കുന്നു. പ്രസംഗപരമ്പരകളും പ്രദക്ഷിണങ്ങളും പലടത്തും നടന്നുവരുന്നു. പ്രതിദിനദിവ്യപൂജയ്ക്കുള്ള ആൾക്കൂട്ടം പൂർവ്വാധികം വർദ്ധിച്ചിരിക്കുന്നു. തൊഴിലാളികൾ വേലയ്ക്കു പോകുന്നതിനുമുമ്പും വേലകഴിഞ്ഞുവരുമ്പോഴും പള്ളികളിൽക്കയറി മാതൃസന്ദർശനം നടത്തുന്നകാഴ്ച അത്യന്തം ഭക്തിജനകമായിരിക്കുന്നു. മാതാവിന്റെ പടങ്ങൾ, കാശുരൂപങ്ങൾ, കൊന്തരൂപങ്ങൾ മുതലായവയ്ക്കുള്ള ആവശ്യം അനുദിനം വർദ്ധിച്ചുവരുന്നു. കുടുംബപ്രാർത്ഥനാലയങ്ങളിലെല്ലാം അമ്മയുടെ തിരുസ്വരൂപങ്ങൾ അലങ്കരിച്ചുവച്ചിരിക്കുന്നു.

### കന്യാസ്ത്രീകൾ ആദ്യം കണ്ട മോട്ടോർവണ്ടി

ലണ്ടനിലെ ഹൈഗെയിററു് കോൺവെൻറുവകയായി ഒരു പുതിയ മഠം ഏതാനും മൈൽ വടക്കുമാറി ടോട്ടെറിഡ്ജ്ഗ്രീൻ എന്ന സ്ഥലത്തു് ഈയിടെ ആരംഭിച്ചു. ഒരു മോട്ടോർകോച്ചിലാണു് 15 കന്യാസ്ത്രീകളെ പുതിയ മഠത്തിലേക്കു കൊണ്ടുപോയതു്. അവരിൽ പലരും അവരുടെ ആയുഷ്കാലത്തു് ആദ്യമായിട്ടാണു് ഒരു മോട്ടോർവാഹനം ദർശിച്ചതു്. അവർ മഠത്തിൽ പ്രവേശിച്ചകാലത്തു് കുതിരവണ്ടികൾ മാത്രമേ ലണ്ടനിലുണ്ടായിരുന്നുള്ളു. അതിൽപ്പിന്നെ അവർ പുറത്തേക്കിറങ്ങി ലോകം ദർശിച്ചതു് ഇപ്പോൾ മാത്രമാണു്!

### ജർമ്മൻ ചാൻസലർ ഫ്രാൻസ് സന്ദർശിച്ചു

വന്ദ്യവയോധികനും പുണ്യശിരോമണിയുമായ കൊൺറാഡ് അഡെനോവർ അവർകൾ ഈയിടെ ഫ്രാൻസു സന്ദർശിച്ചതു് ഒരു വലിയ സംഭവമായി നിരീക്ഷകന്മാർ എടുത്തുകാണിക്കുന്നു. ഫ്രാൻസും ജർമ്മനിയും തമ്മിലുള്ള ജന്മശത്രുത്വമാണു് എപ്പോഴും യൂറോപ്പിനു് നാശകാരണമായിത്തീർന്നിട്ടുള്ളതു്. അഡെനോവർക്കു് ജർമ്മനിയിൽ സിദ്ധിച്ചുവരുന്ന അഭൂതപൂർവ്വമായ പ്രാബല്യം യൂറോപ്യൻ അന്തരീക്ഷത്തിൽ വലിയൊരു തെളിവു് ഉൽഭൂതമാക്കിയിട്ടുണ്ടു്. ദൈവവിശ്വാസത്തിൽ അടിയുറപ്പിച്ചുകൊണ്ടു് പുരോഗമനം ചെയ്യുന്ന ഈ വൃദ്ധനിലാണു് ഇന്നു പലരും പ്രത്യാശയർപ്പിക്കുന്നതു്. ഫ്രാൻസിലെത്തി അവിടത്തെ വിശ്രുതങ്ങളായ തീർത്ഥസ്ഥാനങ്ങളെല്ലാം അദ്ദേഹം സന്ദർശിച്ചു. ഫ്രഞ്ചുവിപ്ലവകാലത്തു കൊല്ലപ്പെട്ട ധീരരക്തസാക്ഷികളുടെ പൂജ്യാവശിഷ്ടങ്ങൾ സൂക്ഷിക്കപ്പെടുന്ന പള്ളിയിൽ അദ്ദേഹം ദീർഘനേരം പ്രാർത്ഥിച്ചു.

### അദ്ധ്യാപകസമ്മേളനത്തിന്റെ അഭ്യർത്ഥന

ബ്രിട്ടനിലെ കത്തോലിക്കാ അദ്ധ്യാപകസമിതിയുടെ വാർഷികസമ്മേളനം ഈയിടെ സ്കാർബറോ എന്ന സ്ഥലത്തുവച്ചു നടത്തപ്പെട്ടു. വിദ്യാർത്ഥികൾക്കു് സർവ്വസ്വാതന്ത്ര്യവും അനുവദിച്ചുകൊണ്ടുള്ള വിദ്യാഭ്യാസച്ചട്ടങ്ങൾ നവീകരിച്ചെങ്കിലല്ലാതെ രാജ്യത്തിനു രക്ഷയില്ലെന്നു് അവർ അധികൃതന്മാരെ അറിയിച്ചിട്ടുണ്ടു്. വിദ്യാഭ്യാസസ്റ്റാൻേറർഡു് താഴുന്നതും കുട്ടികളുടെ അച്ചടക്കരാഹിത്യം വളരുന്നതും എല്ലാം നിയമത്തിന്റെ ദൂഷ്യംനിമിത്തമാണെന്നത്രെ അവർ സമർത്ഥിക്കുന്നതു്. സിനിമാനിമിത്തം വന്നുകൂടുന്ന വിപത്തുകളും സമ്മേളനത്തിൽ പ്രതിപാദിക്കപ്പെടുകയുണ്ടായി. 70 ലക്ഷം വിദ്യാർത്ഥികളുള്ളതിൽ 40 ലക്ഷവും ആഴ്ചയിലൊരുപ്രാവശ്യമെങ്കിലും ദൂഷിച്ച തിയേററുകൾ സന്ദർശിക്കുന്നുണ്ടെന്നു ഒരു പ്രതിനിധി കണക്കുകൾകൊണ്ടു കാണിച്ചു.

### ഐസനോവർ ദിവ്യബലിയിൽ സംബന്ധിച്ചു

വാഷിംഗ്ടണിലെ നീതിന്യായക്കോടതികൾ തുറക്കുന്ന അവസരത്തിൽ പരിശുദ്ധാരൂപിയെക്കുറിച്ചു് അവിടത്തെ പ്രധാന കത്തോലിക്കാ ദേവാലയത്തിൽ ഒരു ദിവ്യബലി അർപ്പിക്കാറുണ്ടു്. കത്തോലിക്കരായ ന്യായാധിപന്മാരും അഭിഭാഷകന്മാരും അതിൽ സംബന്ധിച്ചിട്ടേ കച്ചേരിക്കു പോകയുള്ളു. ഇക്കൊല്ലം പ്രസിഡൻറു് ഐസനോവർ ഭാര്യാസമേതം പ്രസ്തുത ദിവ്യപൂജയിൽ പങ്കെടുക്കയുണ്ടായി. അദ്ദേഹം ഒരു പ്രസ്ബിറേററിയൻ സഭക്കാരനാണു്.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

